

ദിവ്യശ്രീ

# ഗീവർഗ്ഗീസ് കശ്ശീശ്ശാ

malankaralibrary.com



ദിവ്യശ്രീ

# ഗീവർഗ്ഗീസ് കശ്ശീശ്ശാ

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# ദിവ്യശ്രീ ഗീവർഗ്ഗീസ് കശ്ശീശ്ശാ

## ചുട്ടിവട്ടം

malankaralibrary.com

PRINTED AT
ST. MARY'S PRESS, PATTOM,
TRIVANDRUM - 695 004.

malankaralibrary.com

# മുഖവുര

എൻെറ വാത്സല്യപിതാവ് പരേതനായ കൗങ്ങ്പള്ളിൽ കുഞ്ഞുമ്മൻ വറുഗീസ് പ്രാർത്ഥനാജീവിതമുള്ള ഒരു സഭാവിശ്വാസിയും പരിശുദ്ധന്മാരിലും പ്രത്യേകിച്ച് പരിശുദ്ധ ദൈവമാതാവിലും വി: ഗീവറുഗീസ് സഹദായിലും ഉള്ള മദ്ധ്യസ്ഥതയിൽ തല്പരനും ആയിരുന്നു. കൂടാതെ വേദപുസ്തകം ചരിത്രം മുതലായവയിൽ അല്പം പാണ്ഡിത്യവുമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ജീവിതകാലത്ത് ഞങ്ങളുടെ അതായത് കൗങ്ങുംപള്ളി കുടുംബത്തിൻെറ ഒരു ചരിത്രം രചിക്കണമെന്ന ആഗ്രഹം ഉണ്ടായിരുന്നു. സാധിക്കാതെ വന്നപ്പോൾ ആ ചുമതല എന്നെ ഏല്പിച്ചു,

എനിക്ക് ആ കാലയളവിൽ ഇടവകസംബന്ധമായി ധാരാളം ചുമതലകളും ബദ്ധപ്പാടുകളും ഉണ്ടായിരുന്നതിനാൽ ആയതു നിറവേററാൻ സാധിച്ചില്ല. എൻെറ വാർദ്ധക്യത്തിൻെറ ഈ അവസരത്തിൽ എൻെറ വാത്സല്യപിതാവിൻെറ ആ ആഗ്രഹം ഏറെ കുറെ നിവർത്തിക്കണമെന്നുള്ള ചിന്തയിൽ അദ്ദേഹത്തിൽനിന്ന് നേരിട്ടുള്ള അറിവിലും ടിയാൻെറ ചരിത്രബുക്കിൽനിന്നും മററും ഉള്ള അറിവിലും ഈ കുടുംബത്തിൻെറ ചരിത്രം ഏറെകുറെ എഴുതി അപൂർണ്ണമാണെന്ന് എനിക്കുതന്നെ ബോദ്ധ്യമുണ്ട്. എന്നാൽ അതിൻെറ കൂടെ എൻെറ ദുരിതപൂർണ്ണമായ സംഭവങ്ങളും ഇപ്പോഴത്തെ ദൈവാനുഗ്രഹവും കൂട്ടിച്ചേർത്തും കുറെ സംഭവകഥകൾ അനുഭവത്തിൽപെട്ടതും അഭിവന്ദ്യപിതാക്കന്മാരിൽ അതാതുകാലത്ത് ലഭിച്ചിട്ടുള്ള ആശീർവ്വാദകല്പനകളും എൻെറ വാത്സല്യമക്കൾക്ക് ഭാവിജീവിതത്തിൽ സ്വീകരിക്കേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും ഉൾപ്പെടുത്തി എഴുതിയിട്ടുള്ളതാണ് ഈ ലഘുചരിത്രം

ഇതിൻെറ മാററർ അഭിവന്ദ്യ പിതാക്കന്മാരെ നേരിട്ട് കാണിച്ച് അവതാരികകളും അനുഗ്രഹങ്ങളും ലഭിച്ചി

malankaralibrary.com

ട്ടുണ്ട്. അതിനും പുറമെ സഹോദരശ്രേഷ്ഠ വൈദിക രിൽനിന്നും ആശംസകളും ലഭിച്ചിട്ടുണ്ട്.

ഇത് അച്ചടിപ്പിച്ച് കുടുംബാംഗങ്ങൾക്കും സഹോദര ങ്ങൾക്കും സ്നേഹിതർക്കും കൊടുക്കണമെന്നുള്ള ആഗ്രഹ ത്താൽ പട്ടം സെൻറ് മേരീസ് പ്രസ്സ് മാനേജർ ബ: ജോസി അച്ചനെ ഏല്പിച്ചു. അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ സഹപ്രവർത്തകർ എത്രയും ഭംഗിയായും കവർ ആരെയും ആകർഷിക്കത്തക്കവിധത്തിലും താമസിപ്പിക്കാതെ അച്ചടി പ്പിച്ചുതന്ന ബ: ജോസി അച്ചൻ അവർകളോടും സഹപ്രവർ ത്തകരോടുമുള്ള സ്നേഹവും നന്ദിയും പ്രത്യേകം രേഖ പ്പെടുത്തിയും കൂടാതെ ഇപ്രകാരം ഒരു ലഘുജീവചരിത്രം രചിക്കുന്നതിന് എന്നെ കൂടുതൽ പ്രേരിപ്പിച്ച ശ്രേഷ്ഠ സഹോദരവൈദികരോടും ബ: സ്നേഹിതരോടും ഉള്ള അതിരററ സ്നേഹവും നന്ദിയും രേഖപ്പെടുത്തികൊ ള്ളുന്നു.

*N. B.* ഇതിൻെറ ഭാഷാരീതി അത്ര ഭംഗിയല്ല എന്ന് എനിക്കുതന്നെ അറിയാം. പണ്ഡിതന്മാരെ കാണിച്ച് ഭാഷ, വൃത്തിവരുത്താൻ സമയവും അവസരവും കിട്ടി യില്ല. ആയതു വായനക്കാർ ക്ഷമിക്കുമല്ലോ.

malankaralibrary.com



malankaralibrary.com



malankaralibrary.com



അഭിവന്ദ്യ
ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ

malankaralibrary.com



അഭിവന്ദ്യ
സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്താ

malankaralibrary.com



അഭിവന്ദ്യ
ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ

malankaralibrary.com



അഭിവന്ദ്യ
ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ

malankaralibrary.com



പൗലോസ് മാർ ബസേലിയോസ്
ശ്രേഷ്ഠ കാതോലിക്കാ ബാവ

malankaralibrary.com



അഭിവന്ദ്യ
മാർ ദിയൊന്നോസിയോസ് മിഖായേൽ മെത്രാപ്പോലീത്താ

malankaralibrary.com



ഫാദർ ഗീവർഗ്ഗീസ് ചുട്ടിവട്ടം

malankaralibrary.com



ഭാര്യ ശോശാമ്മാ ഗീവർഗ്ഗീസ്

malankaralibrary.com

എന്റെ മാതാപിതാക്കൾ



| | |
|---|---|
| ഏലിയാമ്മ വർഗ്ഗീസ് | കുഞ്ഞമ്മൻ വർഗ്ഗീസ് |
| ജനനം - 1890 | ജനനം - 1883 |
| മരണം - 1965 | മരണം - 1949 |

malankaralibrary.com

Most Rev. Cyril Mar Baselios
O. I. C., M. A., D. D., D. C. L.
Metropolitan Archbishop

Archbishop's House,
Pattom,
Trivandrum-695004.
20-2-1997.



# അവതാരിക

1909-ൽ ജനിച്ച് 1935-ൽ യാക്കോബായ സഭയിൽ പൗരോഹിത്യം സ്വീകരിച്ച്, 1962-ൽ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട ബഹു. ഗീവർഗ്ഗീസ് ചുട്ടിവെട്ടത്തിലച്ചൻ യാക്കോബായ സഭയിലും കത്തോലിക്കാസഭയിലുമായി ജീവിച്ച ഏതാണ്ട് ഒരു നൂററാണ്ടിലെ അനുഭവങ്ങളുടെ ആരാമത്തിലൂടെ ഒരു ശീഘ്രഗമനം ചെയ്യുകയാണ് ഈ ഗ്രന്ഥത്തിൽ. ആ അനുഭവാരാമത്തിൽ ശോകക്കറ പൂണ്ട് നിറം മങ്ങിയതും അഭിമാനത്തിന്റെ അരുണിമയാർന്ന് നിറമേറിയതുമായ കുസുമങ്ങളുണ്ട്. എല്ലാം സമചിത്തതയോടെ വാർദ്ധക്യത്തിന്റെ പക്വതയിൽ നോക്കിക്കാണുകയാണദ്ദേഹം.

ഒരു ശതകത്തിൽ കുറഞ്ഞ കാലഘട്ടത്തിലെ അനുഭവങ്ങളുടെ ചരിത്രമാണിതെങ്കിലും രണ്ടു സഹസ്രാബ്ദത്തോളം നീളമുള്ള ഭൂതകാലത്തിലേക്കും അനന്തദൈർഘ്യമുള്ള ഭാവിയിലേക്കും കണ്ണുകൾ എത്തിനിൽക്കുന്നു. അങ്ങനെ പശ്ചാത്തലത്തിൽ മാർത്തോമായിൽ തുടങ്ങുന്ന കേരള ക്രൈസ്തവസഭയുടെ പൂർവ്വചരിത്രവും പുരോഭാഗത്ത് അനന്തതയിലേക്ക് വ്യാപിക്കുന്ന സമാധാനസുന്ദരമായ

malankaralibrary.com

ഭാവി സഭയുടെ പ്രതീക്ഷയുമുണ്ട്. രണ്ടും ഇവിടെ പരസ്പരം കണ്ടുമുട്ടുന്നു.

ആഴമാർന്ന പാണ്ഡിത്യമോ ഉന്നതമായ ബിരുദങ്ങളോ കൈമുതലായില്ലെങ്കിലും ''പുരാതനമായ ഒരു ക്രൈസ്തവ കുടുംബത്തിൻെറ ആദ്ധ്യാത്മികപാരമ്പര്യവും വ്യക്തിപരമായ ജീവിതത്തിലൂടെ ആർജ്ജിച്ച പക്വതയും'' ബഹു. ചുട്ടിവെട്ടത്തിലച്ചൻെറ ശക്തിസ്രോതസ്സുകളാണ്. ഇവയിൽ നിന്ന് രൂപപ്പെട്ട ആ വ്യക്തിത്വം എല്ലാററിനെയും സമഭാവനയോടെ വീക്ഷിക്കുന്നു; എല്ലാററിലും-തീവ്രമായ ദുഃഖത്തിൻെറ അനുഭവത്തിൽ പോലും-നന്മസ്വരൂപിയായ ജഗദീശ്വരൻെറ തൃക്കരങ്ങൾ ദർശിക്കുന്നു. ഈ ആദ്ധ്യാത്മികദർശനം എതിരാളിളുടെ പരിഹാസശരങ്ങളെ നിർവീര്യമാക്കാൻ പോരുന്നതാണ്.

ബഹു. അച്ചൻ കത്തോലിക്കാസഭയിൽ ചേർന്ന് ഒരു വർഷം തികയുന്നതിനുമുമ്പ് അദ്ദേഹത്തിൻെറ ഭാര്യ ശോശാമ്മ നിര്യാതയായി യാക്കോബായസഭ വിട്ടുപോയതിനാലുള്ള ദൈവശാപമാണിതിനു ഹേതുവെന്നുപറഞ്ഞ് എതിരാളികൾ പരിഹസിക്കുമ്പോൾ, എല്ലാററിലും ദൈവത്തിൻെറ കരുണയുടെ കരം കാണാൻ കഴിയുന്ന അച്ചൻ പറയുന്നു: ''മലങ്കരറീത്തിലെ വൈദികർ അവിവാഹിതരാണ്. അവരുടെ ഗണത്തിൽ ഞാനും എണ്ണപ്പെടാൻ വേണ്ടിയാണ് എന്നുള്ള ആത്മധൈര്യം ദൈവം എനിക്കു നല്കി. അതേ വിശ്വാസത്തിൽ സന്തോഷവാനായി ദൈവസ്നേഹത്തിൽ ഉറച്ചുനിൽക്കുന്നു.''

നസ്രാണിസമുദായത്തിലെ ഒരു ശാഖയുടെ ഹ്രസ്വചരിത്രവും ഒരു പ്രദേശത്തിലെ ക്രൈസ്തവസഭാചരിത്രവും ഒരു വ്യക്തിയുടെ ജീവിതത്തിൻെറ ഊടും പാവുമായി ഇണങ്ങിച്ചേർന്നിരിക്കുന്ന ഈ ഗ്രന്ഥം അറിവു പകരുന്നതോടൊപ്പം വായനക്കാരെ ആവേശം കൊള്ളിക്കുന്നതാണ്. ഗ്രന്ഥകാരനെ അഭിനന്ദിച്ചുകൊണ്ട് ഈ ഗ്രന്ഥം പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**†സിറിൽ മാർ ബസേലിയോസ്**
25 September 1996.

malankaralibrary.com

Geevarghese Mar Timotheos
Bishop of Tiruvalla
Catholic Bishop's House, Marigiri,
P.B. No. 4, Tiruvalla-689101, Kerala, India.
Phone: (0473) Pers. 620820 Off. 630620, 621319,
630821; Fax: (0091-473) 620822



## അവതാരിക

''സ്തേഫാനോസിനെ സംബന്ധിച്ചുണ്ടായ പീഡനം നിമിത്തം ചിതറിക്കപ്പെട്ടവർ, ഫിനീഷ്യാ, സൈപ്രസ്, അന്ത്യോക്യാ എന്നീ പ്രദേശങ്ങൾ വരെ സഞ്ചരിച്ചു. യഹൂദരോടല്ലാതെമററാരോടും അവർ വചനം പ്രസംഗിച്ചിരുന്നില്ല. അക്കൂട്ടത്തിൽ സൈപ്രസിൽ നിന്നും കിറേനേയിൽ നിന്നുമുള്ള ചിലർ ഉണ്ടായിരുന്നു. അവർ അന്ത്യോക്യയിൽ വന്നപ്പോൾ ഗ്രീക്കുകാരോടും കർത്താവായ യേശുവിനെക്കുറിച്ച് പ്രസംഗിച്ചു. കർത്താവിന്റെ കരം അവരോടുകൂടെ ഉണ്ടായിരുന്നു'' (അപ്പ. 11:19–21). ആദിമ ക്രൈസ്തവരുടെ വളർച്ചയുടെ പ്രധാനപ്പെട്ട ഘടകം അവർക്ക് വചനത്തോടും സഭയോടുമുള്ള പ്രതിബദ്ധത ആയിരുന്നു. തങ്ങൾ ദൈവജനം ആകുന്നു എന്ന ആഴമായ ചിന്തയാണ് നിരന്തരം അവർക്ക് പ്രചോദനമായിരുന്നത്. ഏതു സാഹചര്യത്തിലും സഭയെ വളർത്തുവാൻ, അവർ ദത്തശ്രദ്ധരായിരുന്നു. മതപീഡനത്താൽ ചിതറിക്കപ്പെട്ടെങ്കിലും അവർ മതത്തെ ഉപേക്ഷിക്കുകയല്ല, കൂടുതൽ ശക്തിയോടെ ഈ പീഡനത്തെ ദൈവാനുഗ്രഹത്തിന് സാക്ഷ്യപ്പെടുത്തുകയായിരുന്നു. അവർ വാസമുറപ്പിച്ചിടങ്ങളിലെല്ലാം ചെറുസഭാസമൂഹങ്ങൾ രൂപപ്പെട്ടു.

malankaralibrary.com

കേരളത്തിലെ ക്രൈസ്തവസഭയുടെ ചരിത്രവും ഉന്നതമായ ഈ സഭാത്മകപ്രതിബദ്ധതയ്ക്ക് ഉദാഹരണമാണ്. ഓരോ കാലത്ത് പല കാരണങ്ങൾകൊണ്ട് ചിതറിപോകേണ്ടിവന്ന നമ്മുടെ പിതാക്കന്മാർ അവിടെയെല്ലാം വിശ്വാസത്തിന്റെയും സഭാദർശനത്തിന്റെയും അപ്പസ്തോലന്മാരായി വർത്തിച്ചിരുന്നു. നൂതനമായ ക്രൈസ്തവസംസ്കാരം ഒരു ദേവാലയത്തിന് ചുററുമായി അവർ പ്രചരിപ്പിച്ചു. കുടിയേററമേഖലകളിൽ ഈ പ്രേഷിതശൈലി ഇന്നും സുവ്യക്തമാണ്. മലങ്കര മക്കൾ വിദേശങ്ങളിൽ പാർക്കുമ്പോൾ അവരുടെ കൂട്ടായ്മകൾ രൂപപ്പെട്ടുവരുന്നതിന്റെ അടിസ്ഥാനവും നമ്മിൽ പ്രബലപ്പെട്ടിരിക്കുന്ന ഈ സഭാദർശനം തന്നെ.

കൂടൽ, ചുട്ടിവെട്ടം കുടുംബചരിത്രം വിശകലനം ചെയ്യുമ്പോഴും നമുക്ക് പൈതൃകമായി ലഭിച്ചിട്ടുള്ള ഈ സഭാദർശനമാണ് ആഴത്തിൽ പ്രതിഫലിക്കുന്നത്. ബഹു. ഗീവർഗീസ് അച്ചന്റെ പരിശ്രമഫലമായി രൂപം കൊണ്ട ചരിത്രഗ്രന്ഥം കുടുംബജീവിതത്തിലും വൈദികസമർപ്പണത്തിലും പ്രശോഭിക്കേണ്ട സവിശേഷമൂല്യങ്ങൾ അനാവരണം ചെയ്യുന്നു. കത്തോലിക്കാസഭയിൽ ചരിത്രം സൃഷ്ടിച്ച വ്യക്തി'' എന്ന് ഭാഗ്യസ്മരണാർഹനായ മാർ ഗ്രിഗോറിയോസ് പിതാവ് വിശേഷിപ്പിച്ച ബഹു. ഗീവർഗീസച്ചന്റെ പുനരൈക്യപരിശ്രമങ്ങളും ഈ ഗ്രന്ഥത്തിന് പുതിയ ചൈതന്യം പകരുന്നുണ്ട്. 87 വയസ് പൂർത്തിയാക്കിയ വന്ദ്യനായ ഗീവർഗീസ് അച്ചന്റെ സമർപ്പണ ശുശ്രൂഷയ്ക്കും കുടുംബമായി നിർവ്വഹിച്ച സുവിശേഷ ശുശ്രൂഷയ്ക്കും ഈ ചരിത്രഗ്രന്ഥം അംഗീകാരവും സ്മാരകവുമാകട്ടെ എന്ന് ആശംസിക്കുന്നു.

**†ഗീവർഗീസ് മാർ തിമോത്തിയോസ്**
നവംബർ 1, 1996.

malankaralibrary.com

**Very Rev. Fr. Koshy Varghese**
Vicar General
Archdiocese of Trivandrum.

Arch Bishop's House,
Trivandrum - 695 004,
Kerala State, S. India.

Phone : 541642 & 541643



# ആശംസ

എല്ലാവർക്കും എപ്പോഴും സന്തോഷം പ്രദാനം ചെയ്യുന്ന അനന്യസാധാരണവ്യക്തിത്വത്തിന്റെ ഉടമയാണ് ബഹുമാനപ്പെട്ട ഗീവർഗ്ഗീസ് ചുട്ടിവട്ടത്തിലച്ചൻ. വാർദ്ധക്യത്താൽ പ്രക്ഷീണമാണദ്ദേഹത്തിന്റെ ശരീരമെങ്കിലും ആ മനസ്സിൽ തുളുമ്പിനിൽക്കുന്ന യുവത്വം ഇന്നും സഭാതനയർക്കാവേശമാണ്. എട്ടുദശാബ്ദങ്ങൾ പിന്നിട്ട ആ ജീവിതയാത്രയിൽ അനുഭവങ്ങളുടെ നീണ്ട നിരതന്നെയുണ്ട് പകർത്തിയെഴുതുവാൻ. ഇടവക വൈദികനെന്നനിലയിൽ സേവനം ചെയ്തിട്ടുള്ള ഇടങ്ങളിലെല്ലാം ജനങ്ങളുടെ സ്നേഹബഹുമാനങ്ങൾക്ക് പാത്രീഭൂതനായിരുന്നു ഇദ്ദേഹം. ഈ അനുഭവങ്ങളുടെ ഒരു ശേഖരമാണ് ഈ ലഘു ഗ്രന്ഥം. ലളിതമായ ശൈലിയിൽ അനുഭവങ്ങൾ അനാവരണം ചെയ്യപ്പെടുമ്പോൾ അവയ്ക്കിടയിൽ ഒരു തെളിഞ്ഞ വ്യക്തിത്വം വ്യക്തമാകുന്നു. ബ ഗീവർഗ്ഗീസ് ചുട്ടിവട്ടത്തിലച്ചന് ആയുരാരോഗ്യങ്ങളും ഗ്രന്ഥത്തിന് പ്രചുരപ്രചാരവും ആശംസിക്കുന്നു.

എന്ന്

വെരി റവ. ഫാ. കോശി വർഗ്ഗീസ്

(ഒപ്പ്)

malankaralibrary.com

**Thomas Kodinattum Kunnel**
Vicar General
Diocese of Tiruvalla

Catholic Bishop's House,
Marygirri, P. B. No. 4,
Tiruvalla-680101
Kerala State, India.
15—10—'66.

Phone : (04736) 21319 & .0620



## ആശംസ

ബഹു: ഗീവർഗ്ഗീസ് ചുട്ടിവട്ടം അച്ചന്റെ ജീവചരിത്രഗ്രന്ഥം വായിച്ചു. തികഞ്ഞ ഒരു ദൈവഭക്തന്റെ അനുഭവങ്ങൾ അയവിറക്കുന്ന ഒരു ഗ്രന്ഥമാണിത്. ദൈവാശ്രയത്തിന്റെയും ദൈവഭക്തിയുടെയും ധീരമായ കിൽപയ്പുകൾ ഇതിലുടനീളം ദൃശ്യമാണ്. സുദീർഘമായ ഒരു കാലയളവ് ദൈവസ്നേഹത്തിൽ ജീവിക്കുവാൻ ഇടയായ വന്ദ്യ ഗീവർഗ്ഗീസ് അച്ചന് ആയുരാരോഗ്യം പ്രാർത്ഥിക്കുകയും ഈ ചരിത്രഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം

ഫാ. തോമസ് കൊടിനാട്ടുംകുന്നേൽ

(ഒപ്പ്)

malankaralibrary.com

**Fr. Dominic Odalil O I C**
Superior

Bethany Asram
&
Bethany Boarding
Kattanam, Pallickal,
Pin: 690 503, Alapuzha
Kerala, India.



## ആശംസ

ബ: ഗീവറുഗീസ് ചുട്ടി വെട്ടത്തച്ചൻ അദ്ദേഹത്തിന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നുവെന്നറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു. ഈ ജീവചരിത്രം ഭാവിതലമുറയ്ക്ക് ബ: അച്ചനേക്കുറിച്ചറിയുന്നതിനും അദ്ദേഹത്തിന്റെ ജീവിതമാതൃകയിൽ നിന്നും പലതും പകർത്തി എടുക്കുന്നതിനും സഹായകമാകുമെന്നതിന് സംശയമില്ല.

വി. പൗലോസ് തിമോത്തിയോസിനു നൽകുന്ന ഉപദേശങ്ങളിൽ ചിലതിലേക്ക് ഈ സമയത്ത് കടന്നുപോകുന്നു. പുരോഹിതൻ വിവേകിയും അച്ചടക്കമുള്ളവനും, സൗമ്യശീലനും അത്യാഗ്രഹമില്ലാത്തവനും ആരോപണങ്ങൾക്കതീതനും കുടുംബത്തെ ശരിയായി നിയന്ത്രിക്കുവാനും, മക്കളെ അനുസരണത്തിലും വിനയത്തിലും വളർത്തുവാനും, ദൈവത്തിന്റെ സഭയെ നന്നായി ഭരിക്കുന്നവനുമായിരിക്കണം. ബ: ചുട്ടി വെട്ടത്തച്ചനെ സംബന്ധിച്ചും ഇതെല്ലാം അന്വർത്ഥമാണെന്നു പറയാം. വാക്കിലും, പെരുമാററത്തിലും, സ്നേഹത്തിലും, വിശ്വാസത്തിലും, വിശുദ്ധിയിലുമെല്ലാം മററുള്ളവർക്ക് മാതൃകയാണച്ചൻ.

malankaralibrary.com

ക്രൈസ്തവ വിശ്വാസത്തിൽ പൗരാണികത്വ മുള്ള ഒരു കുലീന കുടുംബത്തിലെ അംഗമാണ് ബ. ഗീവറുഗീസച്ചൻ. യാക്കോബായ സുറിയാനി സഭയിലെ ഒരു പട്ടക്കാരനെന്ന നിലയിൽ വളരെ ആദരണീയനായി തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചു വരുമ്പോൾ, ദൈവത്തിന്റെ പ്രത്യേക പരിപാലനയിലും ബ. അച്ചന്റെ പ്രാർത്ഥനയുടെയും സത്യാന്വേഷത്തിന്റെയും ഫലമായും സത്യസഭയിലേക്കു പുനരൈക്യപ്പെടുന്നതിന് ഭാഗ്യം ലഭിച്ചു.

ബ. ഗീവറുഗീസ് ചുട്ടി വെട്ടത്തച്ചനേയും കുടുംബത്തേയും അദ്ദേഹത്തിന്റെ സഭാപുനരൈക്യത്തിന് ഏതാനും വർഷങ്ങൾക്കു മുമ്പുതന്നെ എനിക്ക് അടുത്ത പരിചയമുണ്ടായിരുന്നു. അതുകൊണ്ട് ബ. അച്ചന്റെയും ഇടവകാംഗങ്ങളുടെയും ഈ പുനരൈക്യം എന്റെ ശ്രദ്ധയെ വളരെ ആകർഷിച്ചു. 1962 ഒക്ടോബർ 4–ാംനു യായിരുന്നു ബ. ഗീവറുഗീസച്ചന്റെയും കൂടൽ സെൻറ്പോൾസ് ഇടവകാംഗങ്ങളായ 93 വീട്ടുകാരുടെയും പുനരൈക്യം, അന്നേ ദിവസം തന്നെയാണ് ഞാൻ ആദ്യമായി വി. കുർബ്ബാന അർപ്പിച്ചതും. ഇക്കാരണത്താൽ ഞാൻ അത്യധികം സന്തോഷിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്തു. എന്റെ സെമിനാരി പഠനം പൂർത്തിയാക്കി പൂനയിൽനിന്നും നാട്ടിൽ തിരിച്ചെത്തിയ ഉടൻതന്നെ അദ്ദേഹത്തിന്റെ വസതിയിൽ എത്തി എല്ലാവരെയും അനുമോദിക്കുകയും ആ വർഷത്തെ പീഡാനുഭവവാരം കൂടലിലെ ചാപ്പലിൽ നടത്തിക്കൊടുക്കുകയും ചെയ്തു. തുടർന്നും ഇന്നുവരെയും ബ. അച്ചനോടും കുടുംബാംഗങ്ങളോടും സൗഹൃദം പുലർത്തുകയും ചെയ്യുന്നു.

കത്തോലിക്കാ സഭാപുനരൈക്യത്തിനു ശേഷമുള്ള ബ. അച്ചന്റെ സഭാത്മക ജീവിതത്തിൽ

malankaralibrary.com

ധാരാളം നല്ല കാര്യങ്ങൾ മനസ്സിലാക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. എൺപത്തഞ്ചു വയസു പ്രായമുണ്ടായിട്ടും ഒരു ചെറുപ്പക്കാരൻെറ ചുറുചുറുക്കോടും വിശ്വാസ തീഷ്ണതയോടും കൂടെയുള്ള അദ്ദേഹത്തിൻെറ കൂദാശാനുഷ്ഠാനങ്ങൾ അനുകരണീയം തന്നെ. സാധാരണ വൈദികർ ചെയ്യുന്ന ''വെട്ടിച്ചുരുക്കലു''മൊന്നും ബ. അച്ചൻെറ തൂക്കാസായിലില്ലന്നുതന്നെ പറയാം. ആരാധനാക്രമത്തിലെ പാരമ്പര്യങ്ങളൊന്നും ഉപേക്ഷിക്കാൻ അദ്ദേഹം അനുവദിക്കില്ലന്നു അദ്ദേഹത്തിൻെറ സംസാരത്തിൽ നിന്നു തന്നെ മനസ്സിലാക്കുന്നു.

വളരെ ആകർഷണീയവും ഫലിത രസം കലർന്നതുമായ സംഭാഷണ രീതിയാണ് ഗീവറുഗീസച്ചൻേറത്. ''വയസായാൽ വകതിരിവു കുറയുകയും വയറു തുറക്കുകയും ചെയ്യുമെന്നു അദ്ദേഹം ഫലിതമായി പറയാറുണ്ടെങ്കിലും സ്വന്തജീവിതത്തിൽ മറിച്ചാണനുഭവമെന്നു അദ്ദേഹത്തെ പരിചയമുള്ളവർക്കറിയാം.
വേഷത്തിൽ ഇപ്പോഴും മാററമൊന്നും വരുത്താത്തതും വല്ല ഫലിതവും മനസ്സിൽ വച്ചുകൊണ്ടാകാം!

ബ. ഗീവറുഗീസ് ചുട്ടി വെട്ടത്തച്ചൻെറ ജീവചരിത്രമെഴുത്തിനെ അങ്ങേയററം അഭിനന്ദിക്കുകയും ബ. അച്ചന് ആയുസും ആരോഗ്യവും ധാരാളമായ കൃപയും തുടർന്നും നല്ലവനായ ദൈവം നൽകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹത്തോടും പ്രാർത്ഥനയോടും കൂടി
റവ. ഫാ. ഡൊമിനിക്ക് ഉടാലിൽ O I C

കററാനം
19–3–1996

malankaralibrary.com

**Fr. Mathew Vazhapillath M. Th.**
Protopresbyter

St. Peter's Catholic Church,
Pathanamthitta P.O. - 689 645
Kerala.

Phone : 0473 - 322254



## ആശംസ

ജനിച്ചുവളർന്ന സമുദായത്തിനുവേണ്ടി തീവ്രമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു ധീരയോദ്ധാവിന്റെ ചിത്രമാണ് വന്ദ്യ ഗീവർഗ്ഗീസ് ചുട്ടിവട്ടത്തച്ചന്റെ ജീവചരിത്രം വായിക്കുമ്പോൾ മനസ്സിൽ തെളിഞ്ഞുവരിക. താൻ ഉൾപ്പെട്ടുനിന്ന സമുദായത്തിനുവേണ്ടി തീവ്രതയോടെ പ്രവർത്തിച്ച സൗദമാസ്ക്കസിന്റെ പടിവാതുക്കൽ പ്രഹരമേറ്റു വീണ പൗലോസ് ആയി മാറിയ ചരിത്രവും ഇതിൽ തെളിയുന്നുണ്ട്. സഭാചരിത്രത്തിലെ ഇരുളടഞ്ഞ സംഭവങ്ങളാണ് ഭിന്നിപ്പുകളും മത്സരങ്ങളും കേരള സഭാചരിത്രത്തിലും പ്രസ്തുത കരിനിഴൽ കാണാവുന്നതാണ്. മലങ്കര സുറിയാനി സഭയിലെ ഏറ്റം വലിയ ഇടർച്ചയായിരുന്നു ബാവാ, മെത്രാൻകക്ഷി ഭിന്നത! പ്രസ്തുത കാർമേഘപടലത്തിൽനിന്നും പൊട്ടിവിടർന്ന വെൺപ്രഭയാണ് 1930-ൽ സംഭവിച്ച പുനരൈക്യവും പുനരൈക്യപ്രസ്ഥാനവും സഭയോടും ദൈവത്തോടുമുള്ള തീക്ഷ്ണതയിൽ ജ്വലിച്ചെരിഞ്ഞ ഗീവർഗ്ഗീസ് കത്തനാർക്ക് 1958-ലെ സമാധാനചുംബനം പൊള്ളുന്ന ഒരു അനുഭവമായി മാറി. 1962-ൽ കത്തോലിക്കാസഭയു

malankaralibrary.com

മായി താൻ ശുശ്രൂഷിച്ച ഒരു വലിയ വിശ്വാസി ഗണവുമായി പുനരൈക്യപ്പെടുവാൻ സംഗതിയായി. തുടർന്നും ഒരു പോരാളിയെപ്പോലെ പയററി മുന്നേറി. പൗരോഹിത്യത്തിന്റെ അറുപതുവർഷങ്ങൾ പിന്നിട്ട വന്ദ്യ ഗീവർഗ്ഗീസച്ചൻ 87-ാംവയസിലും ഇരുപത്തേഴുകാരന്റെ ചുറുചുറുക്കോടെ കാണപ്പെടുന്നു. ധരിക്കുന്നവസ്ത്രത്തിന്റെ ശുഭ്രതപോലെ തന്നെ ആ മുഖത്ത് ദൈവികതേജസിന്റെ ''പ്രഭ'' സദാ കാണപ്പെടുന്നു. പൗരോഹിത്യത്തിൽ അറുപതുവർഷങ്ങൾ പിന്നിടുക എന്നത് ചുരുക്കം ചിലർക്ക് കൈവരുന്ന മഹാഭാഗ്യമാണ്. ദൈവത്തിനു നന്ദി പറയാം. അവിടുത്തെ സ്തുതിക്കാം.

തന്റെ ജീവചരിത്രത്തോടൊപ്പം മധ്യ തിരുവിതാംകൂറിലെ പുരാതനകുടുംബങ്ങളിലൊന്നായ കമുകും പള്ളിൽ കുടുംബത്തിന്റെ ചരിത്രം സമഗ്രമായും ഹ്രസ്വമായും എഴുതി ചേർത്തിരിക്കുന്നത് പിൻതലമുറയ്ക്ക് ഒരു അനുഗ്രഹമാണ്.

ശേഷിക്കുന്ന ജീവിതം ദൈവത്തിന് കൃതജ്ഞതയർപ്പിക്കുവാൻ ഉതകട്ടെ എന്നാശംസിക്കുന്നു. ആയുരാരോഗ്യത്തോടെ മൂന്നക്കം പൂർത്തിയാക്കുവാൻ ദൈവം സഹായിക്കട്ടെ.

ഫാ. മാത്യു വാഴപ്പിള്ളേത്ത്

(ഒപ്പ്)

malankaralibrary.com

Phone : 651312

**Fr. Koshy Varghese**

St. Thomas Catholic Church
(Syro Malankara Rite)
Maria Nagar, Padi, Madras-600 050.

Date : 20—1—'95.

# ആശംസ

വന്ദ്യ അച്ചന്,

അങ്ങയുടെ 87-ാം ജന്മദിനവും പൗരോഹിത്യ സ്വീകരണത്തിന്റെ 60-ാം വാർഷികവും ഒന്നിച്ചാഘോഷിക്കുന്ന ഈ അവസരത്തിൽ അങ്ങയെ അനുമോദിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ധീരനായ വി. പൗലോസിനെപ്പോലെ അങ്ങ് പുനരൈക്യപ്പെട്ട നാൾമുതൽ മലങ്കര കത്തോലിക്കാസഭയിലൂടെയും അതിന് മുമ്പ് യാക്കോബായസഭയിലൂടെയും ദൈവമഹത്വത്തിനുവേണ്ടി അങ്ങ് ചെയ്തിട്ടുള്ള സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. നിത്യപുരോഹിതനായ കർത്താവ് അങ്ങയുടെ പൗരോഹിത്യത്തെ മഹത്വപ്പെടുത്തുകയും, പൂർവ്വപിതാക്കന്മാർക്ക് ദീർഘായുസ്സ് പ്രദാനം ചെയ്ത ദൈവം അങ്ങയെ സർവ്വ ഐശ്വര്യങ്ങളാലും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

അന്നേദിവസം കൂടലിൽ വന്ന് സംബന്ധിക്കുവാൻ വളരെ ആഗ്രഹമുണ്ടെങ്കിലും, സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള ഒരു യോഗം ജനുവരി 18 മുതൽ 25 വരെ എല്ലാ ദിവസവും വിവിധ ക്രൈസ്തവസഭാ നേതാക്കന്മാർ പാടിയിലെ നമ്മുടെ പള്ളിയിൽ വച്ച് നടത്തുന്നതിനാൽ, വന്നെത്താൻ സാധിക്കാത്തതിൽ അങ്ങ് ക്ഷമിക്കണമെ എന്ന് അപേക്ഷിക്കുന്നു. 24-ാംനു- വി. കുർബാന

malankaralibrary.com

യിലും പ്രാർത്ഥനയിലും അങ്ങയെ പ്രത്യേകമായി ഓർത്ത് പ്രാർത്ഥിക്കുന്നതാണ്. മാർച്ച് 24-ാംനു-യോ അതിനു മുമ്പോ സൗകര്യംപോലെ അങ്ങ് മദ്രാസ്സിൽ വന്ന് ആലോചിക്കുവാൻ സൗമനസ്യം കാണിക്കണമെയെന്ന് അപേക്ഷിക്കുന്നു. അറിയിച്ചാൽ വന്നു കൊണ്ടുവന്നുകൊള്ളാം.

ഇവിടെയുള്ള ബ. ബഥനി സിസ്റ്റേഴ്സിൻെറയും അങ്ങയുടെ പ്രിയപ്പെട്ട എല്ലാവരുടെയും മംഗളങ്ങളും പ്രാർത്ഥനകളും അറിയിച്ചുകൊള്ളട്ടെ.

അങ്ങ് അവിടെ സുഖമായിരിക്കുന്നെന്ന് കരുതുന്നു. കുടുംബാംഗങ്ങളെല്ലാവരും സന്തോഷമായി കഴിയുന്നുവല്ലോ.

ഒരിക്കൽക്കൂടെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പ്രാർത്ഥനയോടെ സസ്നേഹം നിറുത്തട്ടെ.

ഒരു ചെറിയ സംഭാവന എൻെറ വകയായി അയയ്ക്കുന്നു. സദയം സ്വീകരിച്ചാലും.

അങ്ങയുടെ അനുഗ്രഹവും പ്രാർത്ഥനയും അപേക്ഷിച്ചുകൊണ്ട് അങ്ങയുടെ ആത്മീകമകൻ

ഫാ. കോശി വർഗ്ഗീസ്

(ഒപ്പ്)

malankaralibrary.com

**Rev. Fr. George Mathew**
M. A. (History)
M. A. (English)

St. Xavier's
Syrian Catholic Church
Pathanapuram-689 695,
Quilon (DT.), Kerala,
S. India.
24—1—1995

## ആശംസ

പ്രിയ കൊച്ചു വല്യച്ചാ,

തൂവെള്ള വസ്ത്രത്തിൽ
പ്രശോഭിതനായി, പുഞ്ചിരിതൂകീടുന്ന,
വന്ദ്യ വയോധികനാം കർത്താവിൻ പുരോഹിതാ,
പൗരോഹിത്യത്തിൻ പള്ളിയിലേറീടും,
അറുപതാം വർഷത്തിലും,
എൺപത്താറിൻ പടികടന്നീടുമീ–
ജന്മദിനത്തിലും;
നേരുന്നു ഞാൻ മംഗളങ്ങൾ–
ആശംസകൾ,
ദൈവത്തിൻ കരുണയ്ക്കായ്,
സ്തോത്രമർപ്പിക്കുമീദിനത്തിൽ.
ശേഷമീ ജീവിത നൗക
നീങ്ങിടട്ടെ ദൈവത്തിന്നായി
ആയുസ്സും ആരോഗ്യവുമേകി
അനുഗ്രഹിക്കട്ടെ സ്വർഗ്ഗീയതാതൻ

എന്ന് വല്യകൊച്ചച്ചൻ

malankaralibrary.com

ദിവ്യശ്രീ ഗീവർഗ്ഗീസ് കശ്ശീശാ



ചുട്ടിവട്ടം

malankaralibrary.com

✠

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ദൈവമേ നന്ദി, ദൈവമേ നന്ദി, ദൈവമേ, നന്ദി. ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ.**

**കമുകും പള്ളിൽ കുടുംബാംഗമായ ദിവ്യശ്രീ ഗീവർഗീസ് കശീശായുടെ**

# ജീവചരിത്രം

ഞാൻ കശ്ശീശാപട്ടം സ്വീകരിച്ചതിന്റെ 60 കൊല്ലം പൂർത്തിയാകുന്ന 1995 മാർച്ച് 24-ാം തീയതി 86 വയസ്സ് പൂർത്തിയാകയും 87-ാം വയസ്സിലേക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ ചുരുക്കമായി ഞങ്ങളുടെ കുടുംബചരിത്രത്തെപ്പററി ചിന്തിക്കുകയും പരേതനായ എന്റെ വത്സല പിതാവിൽ നിന്ന് ഗ്രഹിച്ചിട്ടുള്ളതും എന്റെ അന്വേഷണത്തിൽ നിന്നു ലഭിച്ചിട്ടുള്ളതുമായ ചുരുക്കം ചിലത് കുറിക്കുന്നത് ഭാവിതലമുറയ്ക്ക് ഉതകും എന്നുള്ള വിശ്വാസത്തിലുമാണ്. എന്റെ വത്സലപിതാവ് ജീവിച്ചിരുന്ന കാലത്ത് ആഗ്രഹിച്ചതും പരിശ്രമിച്ചതുമായത് അല്പസ്വല്പം നിറവേററണമെന്നുള്ള ആഗ്രഹവുമാണ് ഈ ഉദ്യമത്തിന് എന്നെ പ്രേരിപ്പിച്ചത്. അതായത് എന്റെ അഭിവന്ദ്യ പിതാവ് വിദ്യാസമ്പന്നനും ഒരു ചരിത്ര പണ്ഡിതനും പ്രാർത്ഥനാജീവിതമുള്ളവനുമായിരുന്നു. ഇതിൽ തെററുകളൊ അവിവേകമൊ ഉണ്ടെങ്കിൽ ക്ഷമിക്കണമെയെന്ന് ഓർമ്മിപ്പിച്ചുകൊള്ളുന്നു.

കള്ളി, കാളി, ശങ്കരചുരി, പകലോമററം:- വി. തോമ്മാശ്ലീഹാ A. D. '52-ൽ ഇൻഡ്യയിൽ സുവിശേഷം അറിയിക്കാൻ വന്നു. '52-ജൂലൈ മാസം 15-ാം തീയതി കറുത്തവാവ് ദിവസത്തിൽ കൊടുങ്ങല്ലൂർ ക്ഷേത്രകുളത്തിൽ തോമ്മാശ്ലീഹാ കുളിക്കാനിറങ്ങുകയും അവിടെവെച്ച് തർക്കം ഉണ്ടാകയും ക്ഷേത്രകുളത്തിൽ കുളിച്ച് പൂജനടത്താൻ ആരംഭിച്ച നാല് ബ്രാഹ്മണകുടുംബത്തിൽപ്പെട്ട

വരെ സ്നാനപ്പെടുത്തുകയും ചെയ്തു. അതിൽ പകലോമററംകുടുംബാംഗങ്ങളിൽ ജ്യേഷ്ഠാനുജന്മാരായ രണ്ടുപേർ അവിടെനിന്നും തിരിച്ച് ഒരാരം കുറവലങ്ങാട്ടും അപരൻ ഏററുമാനൂരും താമസമാക്കി. കുറവലങ്ങാട്ടു താമസിച്ച ആളാണ് അവിടെ പള്ളിസ്ഥാപിച്ചത് എന്ന് ഐതിഹ്യം ഉണ്ട്. കുറെ കാലങ്ങരംക്കുശേഷം ആ കുടുംബത്തിൽ നിന്ന് രണ്ടുപേർ നിലയ്ക്കൽ, അതായത് ചായൽ എന്ന സ്ഥലത്ത് വന്നു താമസിച്ചു. പിന്നീട് അവിടെ പാണ്ടി കൊള്ളക്കാരുടെ (തീവണ്ടി കൊള്ളക്കാർ) ശല്യം സഹിക്ക വയ്യാതെ വന്നപ്പോരം സകലതും ഉപേക്ഷിച്ച് കടമ്പനാട് പോയി കുടിയേറി പാർത്തു.

കടമ്പനാട്ടു വന്നു പാർത്തവരുടെ പരിശ്രമഫലമാണ് കടമ്പനാട്ടു പള്ളി സ്ഥാപിച്ചത് എന്നും ഐതിഹ്യം ഉണ്ട്. കുറെനാരം കഴിഞ്ഞ് കടമ്പനാട്ടുനിന്നും നാല് ജ്യേഷ്ഠാനുജൻമാർ തിരിച്ച് രണ്ടുപേർ തുമ്പമണ്ണും രണ്ടു പേർ ഓമല്ലൂരും താമസമുറപ്പിച്ചു. അവരുടെ അത്യുത്സാഹത്തിലാണ് തുമ്പമൺ ഓമല്ലൂർ പള്ളികരം സ്ഥാപിച്ചിട്ടുള്ളത്. ഓമല്ലൂർ ക്ഷേത്രത്തിനും റോഡിനും പടിഞ്ഞാറ് റോഡരുകിൽ തെക്കേടത്ത് (പാമ്പിൽ) എന്ന സ്ഥലത്ത് അമ്പലഭാരവാഹികരം ഒരാളെ താമസമാക്കി. കാരണം അമ്പലത്തിൽ കൊണ്ടുവരുന്ന വെളിച്ചെണ്ണ നസ്രാണി തൊട്ടെങ്കിലെ ശുദ്ധിവരികയുള്ളു എന്ന വിശ്വാസത്തിൽ. ആയതിന് അമ്പലത്തിൽ നിന്ന് ചില ഭോഗങ്ങളും തെക്കേടത്ത് കുടുംബത്തിന് ലഭിച്ചിരുന്നു. തെക്കേടത്ത് കുടുംബനാഥന് നാലുമക്കരം. മൂന്ന് ആണും ഒരു പെണ്ണും. ആ പെണ്ണിനെ കിഴവള്ളൂർ ചീനിക്കാലായിൽ വിവാഹം കഴിപ്പിച്ചു. ആൺമക്കളിൽ മൂത്തത് ചാക്കോച്ചനും രണ്ടാമൻ ഗീവറുഗീസും മൂന്നാമൻ കുഞ്ഞുമ്മനും ആയിരുന്നു. മൂന്നുപേരും വിവാഹിതരായിരുന്നു. ടി കുഞ്ഞുമ്മൻ കോന്നിയിൽ കുന്നത്ത് എന്ന കുടുംബത്ത് രണ്ടാണും രണ്ട് പെണ്ണും ഉള്ളതിൽ ഇളയമകരം അന്നമ്മയെ വിവാഹം കഴി

---

*N. B.* ചാവറ കുരിയാക്കോസ് അച്ചൻ പകലോമററം ശാഖയാണ്.

malankaralibrary.com

ച്ചു. മൂത്തസഹോദരി സാറാമ്മയെ കോന്നി മണ്ണീക്കോയിക്കൽ ഉമ്മനും വിവാഹം കഴിച്ചിരുന്നു. അവരുടെ സഹോദരൻ ഒരാറം വിവാഹം കഴിച്ചത് കോന്നി കുന്നത്തും, മറേറ സഹോദരൻ വിവാഹം കഴിച്ച് കോന്നി ഇല്ലിരിക്കലും താമസമാക്കി. ഈ ശാഖയാണ് കോന്നിയിൽ ഇന്നറിയപ്പെടുന്ന ഇല്ലിരിക്കൽ കുടുംബം. കോന്നി മണ്ണിക്കോയിക്കൽ ഉമ്മൻ മുതലാളിയുടേയും മററും പരിശ്രമഫലമായി കിഴവള്ളൂർ സെൻറ് ജോർജ്ജ് പള്ളിയും പണിയിപ്പിക്കുകയും ചെയ്തു. രണ്ടു പള്ളികളിലും അതാതുകാലത്ത് ഭരണകർത്താവായും ദേശത്ത് പൗരനും ധനാഢ്യനും മുതലാളിയുമായിരുന്ന ഉമ്മൻ പ്രവർത്തിച്ചു.

കുഞ്ഞുമ്മോൻെറ വിവാഹശേഷം ഓമല്ലൂർ തെക്കേടത്തുനിന്നും കോന്നി ചന്തയ്ക്കും നിലത്തിനും കിഴക്കുവശത്ത് കമുകുംപള്ളിൽ എന്ന വീട്ടുപേരോടുകൂടി അവർ മൂന്നുപേരും പ്രത്യേക വീടുകരംവെച്ച് താമസമായി. കുറെകാലങ്ങളുടെ ശേഷം മൂത്ത ആറം ചാക്കോച്ചൻ അവിടെനിന്നും താമസംമാററി. ടിയാൻെറ മകൻ ഇപ്പോറം ബാഗ്ളൂരിൽ ആണ്. രണ്ടാമത്തെ ആറം അവിടെനിന്നും കോന്നി ആനക്കൂടിനു പടിഞ്ഞാററ് വടക്കുമാറി കമുകുംപള്ളിൽ എന്ന വീട്ടുപേരിൽ താമസംമാററി. ടിയാൻെറ തലമുറ ഇപ്പോഴും അവിടെയുണ്ട്. മൂന്നാമൻ അവിടെനിന്നും വകയാർ പേരൂർ കുളത്തിനു കിഴക്കുവശം ടി വീട്ടുപേരിൽതന്നെ താമസമാക്കി. റോഡു മുതൽ കിഴക്കോട്ട് ഇരുപത്തിരണ്ട് ഏക്കർ സ്ഥലമുണ്ടായിരുന്നു.

ടിയാന് നാല് ആൺമക്കളും രണ്ടു പെൺമക്കളും ആയിരുന്നു. ഇതിൽ മൂത്തമകൻ വറുഗീസിൻെറ രണ്ടാമത്തെ മകനാണ് ഞാൻ. ടി കുഞ്ഞുമ്മൻെറ മൂത്തമകറം ഏലിയാമ്മയെ കോന്നി താഴത്ത് കൊരണ്ടിയത്ത് വീട്ടിലും ഇളയമകറം സാറാമ്മയെ പറക്കോട്ട് തേവലപ്പുറത്ത് എന്ന വീട്ടിലും വിവാഹം കഴിപ്പിച്ചിരുന്നു. കുഞ്ഞുമ്മൻെറ ആൺ മക്കളിൽ രണ്ടാമൻ മാത്തച്ചൻ. ടിയാൻെറ മക്കളും മക്കളുടെ മക്കളും ഇപ്പോഴും വകയാററുതന്നെയുണ്ട്. മാത്ത

malankaralibrary.com

ച്ചന്റെ ഒരു കൊച്ചുമകൻ യാക്കോബായ സുറിയാനി സഭ യിലെ വൈദികനായ റവ: ഫാദർ തോമസ് സാമുവേ ലാണ്.

കുഞ്ഞുമ്മന്റെ മൂന്നാമത്തെ മകൻ ദാവീദ്. ടിയാന് മൂന്ന് ആൺ മക്കളും മൂന്ന് പെൺമക്കളുമാണ്. മൂത്ത മകൻ ജോർജ്ജ് ഈ അടുത്തകാലത്ത് നിര്യാതനായി. പെൺ മക്കളെ വിവാഹം കഴിപ്പിച്ച് അയച്ചു. മറേറ രണ്ടു സഹോ ദരങ്ങളും അടുത്തടുത്ത് കമുകുംപള്ളിൽ പുരയിടത്തിൽ താമസിക്കുന്നു.

കുഞ്ഞുമ്മന്റെ നാലാമത്തെ മകൻ കുഞ്ഞുമ്മൻ (പൊടികുഞ്ഞ്) വകയാററുനിന്നും വള്ളിക്കോടു കോട്ടയം യാക്കോബായ പള്ളിയുടെ തെക്കുവശം മാറി സ്ഥലം സമ്പാദിച്ച് അവിടെ താമസിച്ചുവരവെ കർത്താവിൽ നിദ്ര പ്രാപിക്കയും ടി യാക്കോബായ പള്ളി സെമിറേററിയിൽ അടക്കം ചെയ്യുകയും ചെയ്തു. പെൺമക്കളെയെല്ലാം വിവാഹം ചെയ്തയച്ചു. ഒരു മകൻ ഏഴാംകുളത്ത് താമസ മാക്കി. മൂത്തമകൻ അവിവാഹിതനാണ്.

കമുകും്പള്ളിൽ കുടുംബം മണ്ണിക്കോയിക്കൽ ഒതല ക്കുഴി, കണ്ണങ്കര, ഇന്തിക്കാട്ടിൽ, കോയിക്കലേത്ത് മുതലായ 25 വീടുകൾ കോന്നി സെൻറ് ജോർജ്ജ് പള്ളി ഇടവകാംഗ ങ്ങളായിരുന്നു. അവർക്ക് ആരാധനയിൽ എന്നും സംബ ന്ധിക്കാൻ വഴിദൂരം നിമിത്തം പ്രയാസവും കൂടാതെ മരി ച്ചവരെ സംസ്ക്കരിക്കുന്നതിനുള്ള ബുദ്ധിമുട്ടുംമൂലം വകയാർ പ്രാർത്ഥനായോഗക്കാർ ആലോചിച്ച് അവിടെ ഒരു പള്ളി സ്ഥാപിക്കുന്നതിന് ആലോചിച്ചു. എന്നാൽ റോഡരുകിൽ സ്ഥലമുള്ളത് കമുകുംപള്ളിൽ കുഞ്ഞു മ്മന് മാത്രമായിരുന്നു. അദ്ദേഹം തന്റെ വസ്തുവിൽ റോഡ്സൈഡിൽ ഒരേക്കർ സ്ഥലം പള്ളിക്കുവേണ്ടി M.E. 1096-ൽ പത്തനംതിട്ട രജിസ്ററാഫീസിൽ വെച്ച് ദാന മായി അന്നത്തെ മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലെ പേർക്ക് എഴുതിക്കൊടുത്തു. അന്ത്യോഖ്യാ അടിസ്ഥാന ത്തിൽ. (പ്രമാണപ്പകർപ്പ് എടുത്താലറിയാം) താമസി

malankaralibrary.com

യാതെ എൻെറ വത്സലപിതാവ് കൂടലിൽനിന്ന് തേമ്പാവ് ഉത്തരത്തിനും ഇഞ്ചപ്പാറനിന്ന് മുളയും ശേഖരിച്ച് കൊണ്ടു കൊടുത്തു. വി: ദൈവമാതാവിൻെറ നാമത്തിൽ താൽക്കാലികഷെഡ്‌വെച്ച് ആരാധനനടത്തിവന്നു. തുടർന്ന് ആ ഷെഡിന് കുറെകഴിഞ്ഞപ്പോൾ ആരോ തീവെച്ചു. വീണ്ടും രണ്ടാമത് കെട്ടിടംവെച്ച് ആരാധന നടത്തി. തുടർന്ന് ഇടവകജനങ്ങളുടെ വർദ്ധനയെ തുടർന്ന് പൊതുയോഗം കൂടി തീരുമാനിച്ച് സാമാന്യം നല്ല ഒരു പള്ളി പണികഴിപ്പിച്ചു.

**റവ. ഫാദർ ഗീവറുഗീസ് ചുട്ടിവെട്ടം, കൂടൽ**

| | |
|---|---|
| ജനനം | 1909 ജനുവരി 21 |
| മാമോദീസാ | ,, ഏപ്രിൽ 11 |
| ശെമ്മാശ പട്ടം | 1931 ഫെബ്രവരി 10 |
| വിവാഹം | 1933 ഡിസംബർ 9 |
| കശ്ശീശ്ശാപട്ടം | 1935 മാർച്ച് 24 |
| നവപൂജ | 1935 ഏപ്രിൽ 8 |
| പൗരോഹിത്യ രജതജൂബിലി | 1960 മാർച്ച് 20 |
| കത്തോലിക്കാ സഭയുമായി പുനരൈക്യം | 1962 ഒക്ടോബർ 4 |
| ഭാര്യ ശോശാമ്മയുടെ മരണം | 1963 സെപ്റ്റംബർ 19 |
| ടി സംസ്ക്കാരം | ,, ,, 20 |
| പൗരോഹിത്യ കനകജൂബിലി | 1985 ഫെബ്രുവരി 10 |
| തൈലാഭിഷേക സ്വീകരണം | 1991 മെയ് 31 |
| മരണം | |

malankaralibrary.com

കമുകുംപള്ളിൽ കൊച്ചുമ്മൻ 1107 ഇടവമാസം 22-ാം തീയതി പെന്തിക്കോസ്ത് ദിവസം നിദ്രപ്രാപിച്ചു. പള്ളിയുടെ കിഴക്കുവശത്ത് കല്ലറകെട്ടി സംസ്ക്കരിച്ചു. വകയാർ സെൻറ്മേരീസ് പള്ളിയുടെ ആദ്യത്തെ കല്ലറയും ഇതുതന്നെ. ആ കല്ലറയെ തുടർന്ന് അതേനിരയിൽ കമുകും പള്ളിൽ കുടുംബാംഗങ്ങളുടെ കല്ലറയും സ്ഥിതിചെയ്യുന്നു. ഇടവകാംഗങ്ങളിൽ ചിലർ മലങ്കര കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു എങ്കിലും ഇപ്പോൾ 500-ൽ പരം കുടുംബാംഗങ്ങൾ ഉള്ളതുകൊണ്ട് സ്ഥലസൗകര്യം കുറവായതിനാൽ '93-ൽ പഴയപള്ളി പൊളിച്ചുമാററി ആ സ്ഥലത്തുതന്നെ പുതിയപ്ലാനിൽ പരിഷ്കൃതരീതിയിൽ മനോഹരമായ പള്ളി പണികഴിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിൻെറ ചുമതല മുഴുവനും ഇടവകാംഗം കമുകും പള്ളിൽ പരേതനായ ദാവീദിൻെറ മകൻ (മൂന്നാമത്തെ) ദാനിയേലുകുട്ടിക്കാണ്. ഇത്രയും ഇവിടെ എടുത്തു പറഞ്ഞത് എൻെറ കുടുംബപാരമ്പര്യം പള്ളിപണിയിക്കുന്ന കാര്യത്തിലാണ്. പിറകാലെ ഞാൻ പണികഴിപ്പിച്ച പള്ളിയെപ്പററിയും അറിയാം.

എൻെറ വത്സലപിതാവ് കുഞ്ഞച്ചൻ വറുഗീസ് കൂടൽ ചുട്ടിവെട്ടത്ത് പുത്തൻവീട്ടിൽ മാത്തൻ ഗീവറുഗീസിൻെറ മൂത്തമകൾ ഏലിയാമ്മയെ വിവാഹം കഴിച്ചിരുന്നു. മാത്തൻ ഗീവറുഗീസ് ഓമല്ലൂർ പന്നിയാലിൽ പടിഞ്ഞാറേറതിൽ കുടുംബാംഗമാണ്. ആ ശാഖയിലുള്ള താഴെ പടിഞ്ഞാറേറതിൽ കുടുംബാംഗങ്ങൾ ഇപ്പോൾ ഓമല്ലൂരിൽ ഉണ്ട്. മാത്തൻ ഗീവറുഗീസിൻെറ ഭാര്യാകുടുംബത്തെപ്പററിയും കൂടി ടിയാനിൽനിന്ന് ലഭിച്ച അറിവുകൾകൂടെ പിൻതലമുറയ്ക്കു ഉപകരിക്കുമെന്നതിനാൽ ആ ഭാഗം കൂടെ ചേർക്കുന്നു.

ഈ ദേശത്ത് അതായത് കൂടലിൽ 120 വർഷത്തിനു മുൻപ് ക്രിസ്ത്യാനി എന്നൊരുവർഗ്ഗം ഉണ്ടായിരുന്നില്ല. ഈ കാലയളവിൽ സുറിയാനിസഭയുടെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന നി.വ.ദി. ശ്രീ. ജോസഫ് മാർ ദീയൊ

malankaralibrary.com

സ്കോറോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കടമ്പനാട്ടുപള്ളിയിൽ എഴുന്നെള്ളി. അവിടെനിന്നും കണ്ണങ്കോട്ടുപള്ളിയിലും അവിടെനിന്നും കിഴവള്ളൂർ പള്ളിയിലേക്കും പോകേണ്ടിവന്നു. അക്കാലത്ത് അഭിവന്ദ്യ തിരുമേനിമാരെ പല്ലക്കിൽ ചുമന്നുകൊണ്ടാണ് യാത്ര. അകമ്പടിയായി അതാതു പള്ളിപ്രമാണിമാർ, രക്ഷാഭടൻമാർ, പല്ലക്കുചുമട്ടുകാർ, ആഹാരസാധനങ്ങൾ വഹിക്കുന്നവർ ഇങ്ങനെ കണ്ണംകോട്ടുനിന്നും തിരിച്ച് പറക്കോട് ഏഴംകുളം, കലഞ്ഞൂർവഴി കൂടലിൽ വന്നു. മുൻ പറഞ്ഞ സ്ഥലങ്ങൾ മലനാടും റോഡുകൾ ഇല്ലാതെ ഒരു കാട്ടുവഴി മാത്രമുള്ള സ്ഥലങ്ങളായിരുന്നു. പ്രഭാതഭക്ഷണം കഴിക്കാൻ അന്വേഷിച്ചിട്ട് കൂടലിൽ ഒരു ക്രിസ്ത്യാനിഭവനം ഇല്ലായെന്ന് അറിഞ്ഞു. വഴിയരികിൽ കണ്ട പടിപ്പുരയിൽ വിശ്രമിക്കാനും പ്രഭാതഭക്ഷണം കഴിക്കുവാനും തീർച്ചപ്പെടുത്തി. ആ പടിപ്പുര പണ്ടാരത്ത് ഉണ്ണിത്താൻെറ വകയായിരുന്നു. ആ സമയം വീട്ടു ഉടമസ്ഥൻ വന്ന് ആദരപൂർവ്വം മുനിയെ വണങ്ങി. അപ്പോൾ ഈ ദേശത്തെപ്പററിയുള്ള വിവരങ്ങൾ ചോദിച്ചറിഞ്ഞു. ഈ പ്രദേശത്ത് ക്രിസ്ത്യാനിവർഗ്ഗമില്ലാ എന്നറിഞ്ഞ തിരുമേനി ദുഃഖിതനായി. കടമ്പനാട്ടുനിന്നും തന്നെ അനുഗമിച്ച പ്രമുഖരായ ചിലരോടു എൻെറ വാത്സല്യമക്കളേ നിങ്ങളിൽ സൻമനസ്സുള്ള നാലുപേർ ഈ സ്ഥലത്തുവന്നു താമസിക്കണമെന്ന് സ്നേഹപൂർവ്വം കല്പിച്ചു. അവരിൽ ചിലർ അഭിവന്ദ്യ തിരുമേനിയുടെ കല്പനയനുസരിച്ച് നാലുകുടുംബക്കാർ ഇവിടെ കുടിയേറി പാർത്തു. അവരുടെ പിൻതുടർച്ചാവകാശികൾ ഇന്നും ഇവിടെ ഉണ്ട്. അവരിൽ ഒന്ന് വാത്തി പറമ്പിൽ പൂവണ്ണാൻ, മനക്കര, നാലാമത്തെ വീട്ടുകാരൻ തിരിച്ചുപോയി. അതിൽ വാത്തി പറമ്പിൽ കുടുംബത്തിൽ ഒരാണും ഒരു പെണ്ണും ആയിരുന്നു സന്താനങ്ങൾ. ആ പെൺമകൾ ആച്ചിയമ്മയാണ് മാത്തൻ ഗീവറുഗീസ് ഓമല്ലൂർ പള്ളിയിൽവെച്ച് വിവാഹം ചെയ്തത്. മാത്തൻ ഗീവറുഗീസിന് നാലു സഹോദരങ്ങളും രണ്ടു സഹോദരികളും ഉണ്ടായിരുന്നു. മൂത്തസഹോദരിയെ ചന്ദനപ്പള്ളിയിലും ഇളയസഹോദരിയെ കൈപ്പട്ടൂർ ചെറി

malankaralibrary.com

യത്ത് കുഞ്ഞുമ്മനെക്കൊണ്ടും വിവാഹം കഴിപ്പിച്ചിരുന്നു. ചെറിയത്ത് കുഞ്ഞുമ്മൻ ഓമല്ലൂർ തെക്കേടെത്ത് കുടുംബമാണ്. മാത്തൻ ഗീവറുഗീസിൻെറ സഹോദരൻ മാത്തുണ്ണി മല്ലശേരിയിൽ നിന്നും വിവാഹം കഴിച്ച് അവിടെ കുടിയേറി പാർത്തു. രണ്ടാമത്തെ സഹോദരൻ ഇടിക്കുള ഇലന്തൂർനിന്നും വിവാഹം കഴിച്ച് അവിടെ കുടിയേറി പാർത്തു. മൂന്നാമത്തെ സഹോദരൻ ചന്ദനപ്പള്ളിയിൽനിന്നും വിവാഹംകഴിച്ച് (മാത്തൻ) കൂടലിൽ കുടിയേറി പാർത്തു. നാലാമത്തെ സഹോദരൻ ഈശോ വാദ്ധ്യാർ കല്യാണം കഴിച്ച് ഉദ്യോഗാർത്ഥം അടൂർ വെള്ളകുളങ്ങര താമസമാക്കി. മാത്തൻ ഗീവറുഗീസിൻെറ വിവാഹശേഷം കൂടലിൽ കുടിയേറി പാർത്തു.

അക്കാലത്ത് കാട്ടുമൃഗങ്ങളുടെയും മററും ഉപദ്രവവും മലമ്പനി, തുള്ളപ്പനി, ജ്വരം മുതലായ രോഗങ്ങളും സാധാരണമായിരുന്നു. ആ കാലയാളവിൽ അടുത്തെങ്ങും പള്ളികരം ഇല്ലായിരുന്നു. കണ്ണംകോട്ടോ, കൈപ്പട്ടൂരോ, ചന്ദനപ്പള്ളിയിലോ പോകണം. ആരെങ്കിലും മരിച്ചാൽ അവരെ സംസ്ക്കരിക്കുന്നതിനും ടി പള്ളികളിൽ കൊണ്ടുപോകണം. തലയിൽ ചുമന്നുകൊണ്ട് കാട്ടുവഴികരം താണ്ടണം. ഇപ്രകാരമുള്ള ബുദ്ധിമുട്ടും പ്രയാസങ്ങളും കണക്കിലെടുത്ത് കലഞ്ഞൂർ അക്കാലത്തുണ്ടായിരുന്ന ക്രിസ്ത്യാനികളുമായി ആലോചിച്ച് അവരിൽ പ്രധാനിയായ വയലിറക്കത്ത് വീട്ടുകാരും കൂടലിൽ ഉള്ളവരിൽ പ്രധാനിയായ മാത്തൻ ഗീവറുഗീസും കൂടി വയലിറക്കത്തുകാരുടെ വക സ്ഥലത്ത് ഇപ്പോരം സ്ഥിതിചെയ്യുന്ന സെൻറ് ജോർജ്ജ് പള്ളിയുടെ സ്ഥാനത്ത് ആ കാലത്തെ തിരുമേനിയുടെ കല്പനപ്രകാരം ഗവ: അനുവാദം വാങ്ങിച്ച് താല്ക്കാലിക കെട്ടിടം മുളയും മേച്ചിൽപുല്ലും മേഞ്ഞ് കണ്ണംകോട്ടുനിന്ന് ബ: പട്ടക്കാരെ തലേദിവസംതന്നെ വരുത്തി കർമ്മാദികരം നടത്തിവരവേ, കാട്ടുതീവീണു നശിച്ചു. ഇന്നുകാണുന്ന മനോഹരമായ ആ രണ്ടാമത് പണിത പള്ളിയിൽ വെച്ചായിരുന്നു എൻെറ മാമ്മോദീസാ.

malankaralibrary.com

മാത്തൻ ഗീവറുഗീസ് മുതൽപേരുടെ ആഗ്രഹം അങ്ങനെ നിറവേറിയെങ്കിലും അവിടെ അധികനാൾ കഴിഞ്ഞുകൂടുവാൻ സാധിച്ചില്ല. ഇക്കാലയളവിൽ സഭയിൽ പൊതുവെ ഭിന്നിപ്പായി. അതായത് മലങ്കര മെത്രാപ്പോലീത്തയായിരുന്ന വട്ടശേരിയിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദള്ളാ തിരുമനസ്സുകൊണ്ട് മുടക്കി. മലങ്കര ബാവാകക്ഷിയെന്നും, മെത്രാൻ കക്ഷിയെന്നും രണ്ടു വിഭാഗക്കാർ ഉണ്ടായി. കോട്ടയത്തുനിന്നുള്ള പൗരപ്രമാണികൾ രണ്ടു പക്ഷമായി പള്ളികൾ കൈയ്യേററവും കേസുകളും മററുമായി.

ഈ അവസരത്തിൽ കൂടലിൽ ചുററിവെട്ടത്ത് പുത്തൻ വീട്ടിൽ മാത്തൻ ഗീവറുഗീസ്, ഓമല്ലൂർ പരേതനായ ഇലവിനാമണ്ണിൽ സ്കറിയാ മല്പാനച്ചനെ കണ്ട് വിവരം പറയുകയും അദ്ദേഹം പറഞ്ഞതനുസരിച്ച് കൂടലിൽ മാത്തൻ ഗീവറുഗീസ് സ്വന്തം ചെലവിൽ ഇളങ്ങാട്ടുനിന്നും വിവാഹംകഴിച്ച ചന്ദനപ്പള്ളിക്കാരൻ പൗലോസിന് സ്ത്രീധനമായി ലഭിച്ച ഒരേക്കർ അഞ്ചുസെൻറുസ്ഥലം വിലയ്ക്കുവാങ്ങിച്ചു. ബ: മല്പാനച്ചനും മാത്തൻ ഗീവറുഗീസും കൂടി കോട്ടയത്തു ചെന്ന് അന്നത്തെ ബാവാകക്ഷി മെത്രാപ്പോലീത്തായായിരുന്ന നി.വ.ദി.ശ്രീ പൗലോസ് മാർ കുറീലോസ് തിരുമേനിയിൽ നിന്നും കല്പന വാങ്ങിച്ചു. (അദ്ദേഹം കോട്ടയം പാണമ്പടി പള്ളിയിൽ കബറടങ്ങി) ഗവ: അനുവാദംവാങ്ങിച്ച് സ്ഥാപിച്ച പള്ളിയാണ് കൂടൽ സെൻറ് പോൾസ് യാക്കോബായ സുറിയാനി പള്ളി. (അടുത്തകാലംവരെ ചുട്ടിവെട്ടത്ത് പള്ളിയെന്നാണ് അറിയപ്പെട്ടിരുന്നത്) കലഞ്ഞൂർപള്ളി വയലിറക്കത്തുപള്ളിയെന്നും അറിയപ്പെട്ടിരുന്നു. ഈ പള്ളി ഇവിടെ സ്ഥാപിക്കാതിരിക്കാൻ വയലിറക്കത്തുകാർ വളരെ പരിശ്രമിച്ചു. വിസ്താരഭയത്താൽ വിവരിക്കുന്നില്ല.

അതിനുശേഷം കലഞ്ഞൂർപള്ളിപ്രമാണികളുടെ ദുർഭരണംമൂലം പിന്നേയും അവിടെ പിളർപ്പായി. തൻമൂലം മൂന്നാലുവീട്ടുകാർ മാറി. പന്തളത്തുകാർ, പൂവംവേലിൽ,

malankaralibrary.com

പത്തിശ്ശേരി തഴവാ വാദ്ധ്യാർ മുതലായവർചേർന്ന് പന്ത ളത്തുകാർ കൊടുത്ത സ്ഥലത്ത് മെത്രാൻകക്ഷി ഭാഗക്കാർ ഒരു പള്ളിവെച്ചു. അതായത് കൂടൽ സെൻറ് മേരീസ് പള്ളി. അതിനെതിരെ കലഞ്ഞൂർ പള്ളിക്കാരും പ്രത്യേ കിച്ച് വയലിറക്കത്തുകാരും അഭിവന്ദ്യ തിരുമേനിമാരേയും ബ:ഗവ: ഉദ്യോഗസ്ഥൻമാരേയും സമീപിച്ച് ധാരാളം പണം ചെലവാക്കിയെന്നുള്ളത് എനിക്ക് നേരിട്ടറിവുള്ള താണ്.

കൂടൽ പള്ളിയെപ്പററി വിവരിച്ചുകൊള്ളട്ടെ. മാത്തൻ ഗീവറുഗീസ് വാങ്ങിച്ചസ്ഥലത്ത് 1092 മകരമാസത്തിലെ മൂന്നുനോമ്പിൻെറ ബുധനാഴ്ച സന്ധ്യാനമസ്ക്കാര ത്തോടുകൂടി താല്ക്കാലിക കെട്ടിടത്തിൽ മേശയിട്ട് കുരിശുവെച്ച് തിരുമനസ്സിലെ കല്പനപ്രകാരം ഓമല്ലൂർ ഇലവിനാമണ്ണിൽ ബ: സ്ക്കറിയാ മല്പാനച്ചൻ ഓമല്ലൂർ പ്രക്കാണത്ത് പാറയ്ക്കൽ ബ: തോമസ്സ് അച്ചൻെറ സഹ കരണത്തോടുകൂടി കൂദാശ ചെയ്തു. വി. പൗലോസ് ശ്ലീഹായുടെ നാമത്തിൽ പിറേറദിവസം വ്യാഴാഴ്ച വി. കുർബ്ബാന അർപ്പിച്ചു. കാഴ്ച നേർച്ചകളോടുകൂടി വിശ്വാ സികൾ ദൈവത്തെ മഹത്വപ്പെടുത്തി പിരിഞ്ഞു. അന്നു മുതൽ മാസത്തിൽ രണ്ടു ഞായറാഴ്ചയും പ്രധായപ്പെട്ട കടമുള്ള പെരുനാളുകളിലും കഷ്ടാനുഭവ വാഴ്ചയിലും മുടങ്ങാതെ ആരാധനകൾ നടത്തിവന്നിരുന്നു.

1094 പള്ളിപെരുനാളിന് ഒരാഴ്ചമുമ്പ് കുന്നംകുളം സിംഹാസനപള്ളിയിൽനിന്നും അന്ത്യോഖ്യാ സിംഹാസന പ്രതിനിധി നി.വ.ദി.ശ്രീ. സ്ലീബാമാർ ഒസ്താത്തിയോ സ് ബാവായെ കൊണ്ടുവന്നിരുന്നു. (അദ്ദേഹം കബറടങ്ങി കുന്നംകുളം സിംഹാസന പള്ളിയിൽ) അദ്ദേഹം ആണ് കൂടൽ സെൻറ് പോൾസ് പള്ളിക്ക് കല്ല് വാഴ്ത്തിഇട്ടത്. മൂന്നുനോമ്പ് ബുധനാഴ്ച സന്ധ്യാനമസ്ക്കാരത്തിൽ സംബന്ധിപ്പാൻ പരേതനായ എൻെറ വന്ദ്യപിതാവ് കുഞ്ഞുമ്മൻ ഗീവറുഗീസ് തൻെറ എല്ലാ മക്കളേയുംകൂട്ടി കുറെ കാഴ്ചവസ്തുക്കളും പലഹാരവുമായി അനുഗ്രഹം

malankaralibrary.com

പ്രാപിപ്പാൻ ചെന്നു. അന്ന് എനിക്കു 10 വയസ്സുണ്ടായിരുന്നു. ഇടവകവികാരി ബ: ഇലവിനാമണ്ണിൽ മല്പാനച്ചനും പാറയ്ക്കൽ തോമസ് അച്ചനുംകൂടി ഇടവകാംഗങ്ങളുടെ അഭിപ്രായപ്രകാരം എന്നെ ശെമ്മാശാനാക്കുന്നതിന് തീരുമാനിച്ചു. ആയതിന് എൻെറ പിതാവിൻെറ അനുവാദം ആവശ്യപ്പെട്ടു. ടിയാൻ വിസമ്മതിച്ചു. കാരണം ഒരു പട്ടക്കാരനെ പഠിപ്പിച്ചും മററും പോററുവാൻ തക്ക ധനസ്ഥിതി ഇല്ലായ്കയാൽതന്നെ. അന്ന് പള്ളി ഇടവകാംഗങ്ങഠം പതിമ്മൂന്നു വീട്ടുകാർ മാത്രം. അതുമല്ല സാധുക്കളും കൃഷിക്കാരും അത്രേ.

ചുട്ടിവെട്ടത്ത് മാത്തൻ ഗീവറുഗീസിന് മൂന്നു പെൺമക്കളും ഒരാണും ആയിരുന്നു. അതിൽ മൂത്തമകഠം എൻെറ വത്സലമാതാവ് ഏലിയാമ്മയെ കോന്നി കവുങ്ങുംപള്ളിൽ കുഞ്ഞുമ്മൻെറ മൂത്തമകൻ വറുഗീസിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചിരുന്നു, രണ്ടാമത്തെ മകഠം മറിയാമ്മയെ ഇലന്തൂരിൽ പൂയംപള്ളിൽ കുഞ്ഞുനൈനാൻെറ മൂത്തമകൻ ഇട്ടിയെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. അവർക്ക് സന്താനങ്ങളില്ലാതെ കർത്താവിൽ നിദ്രപ്രാപിച്ചു. മൂന്നാമത്തെ മകഠം അന്നമ്മയെ കൈപ്പട്ടൂർ മുണ്ടാപ്പള്ളിൽ ഗീവറുഗീസിൻെറ മൂത്തമകൻ സ്കറിയായെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. അവർ കൂടലിൽ താമസമാക്കി. അവർക്ക് അഞ്ച് ആണും രണ്ടുപെണ്ണും ഉണ്ടായിരുന്നു. അതിൽ മൂന്നാൺമക്കഠം കർത്താവിൽ നിദ്രപ്രാപിച്ചു മററുള്ളവർ വിവാഹിതരായി പ്രത്യേകം പ്രത്യേകം താമസിക്കുന്നു. മരിച്ചവരുടെ സന്താനങ്ങളും പ്രത്യേകമായി താമസിക്കുന്നു. നാലാമത്തെ മകൻ മാത്തൻ കൊണ്ടേത്ത് വാദ്ധ്യാരുടെ മകളെ വിവാഹംകഴിച്ച് ജീവിച്ചുവരവെ 1099 മകരം 15ന് സന്നിവാതരോഗം പിടിച്ച് മരിച്ചു. സെൻറ്പോഠംസ് പള്ളി സെമിറേററിയിൽ അടക്കി. അവർക്ക് സന്താനങ്ങളില്ലാത്തതിനാൽ ഭാര്യയെ മാത്തൻ ഗീവറുഗീസിൻെറ ചുമതലയിൽ വീണ്ടും വിവാഹംചെയ്ത് അയച്ചു. മാത്തൻ ഗീവറുഗീസും ഭാര്യ ആച്ചിയമ്മയും ചുട്ടിവെട്ടത്ത് വീട്ടിൽ താമസിച്ചുവരവേ, ജ്വരംപിടിപെട്ട് 72-ാമത്തെ വയസ്സിൽ

malankaralibrary.com

കർത്താവിൽ നിദ്രപ്രാപിച്ചു. (ഞാൻ അക്കാലത്ത് ശെമ്മാശനായിരുന്നു.) പള്ളിയുടെ കിഴക്കുവശത്ത് കല്ലറകെട്ടി അടക്കംചെയ്തു. കൂടൽ പള്ളിയിലെ ആദ്യത്തെ കല്ലറ ടിയാൻെറ. മരണം 1107 മിഥുനമാസം 15ന് ആണ്. ടിയാൻെറ ഭാര്യ ആച്ചിയമ്മ പതിനാറു കൊല്ലത്തിനുശേഷം 1123 ഇടവം 30-ാം തീയതി വി: കൂദാശകൾ എല്ലാം സ്വീകരിച്ച് കർത്താവിൽ നിദ്രപ്രാപിച്ചു. ഭർത്താവിൻെറ കല്ലറയോടു ചേർത്ത് കല്ലറകെട്ടി സംസ്കരിച്ചു. ആ കാലയളവിൽ ഞാൻ അച്ചനായിരുന്നു.

ചുട്ടിവെട്ടത്ത് പുത്തൻവീട്ടിൽ മാത്തൻ ഗീവറുഗീസിൻെറ മൂത്തമകൾ ഏലിയാമ്മയെ കോന്നി കൗങ്ങും പള്ളിൽ കുഞ്ഞുമ്മൻെറ മകൻ വറുഗീസിനെക്കൊണ്ട് വിവാഹം കഴിച്ചിരുന്നു എന്ന് മുൻപ്രസ്താവിച്ചിരുന്നല്ലൊ. എൻെറ പിതാവ് വിവാഹത്തിനു പത്തുകൊല്ലത്തിനുശേഷം കൂടലിൽ വ്യാപാരസംബന്ധമായി വന്നു താമസമായി. ആ കാലയളവിൽ സമ്പാദിച്ചതാണ്, കൂടലിൽ ചന്തപുരയിടം, റോഡിനു പടിഞ്ഞാറുവശം കമുകും പള്ളിൽ പുരയിടം. ചന്തയ്ക്കു കിഴക്കുവശം സ്ഥിതിചെയ്യുന്ന ഗവ:സ്കൂൾ നിൽക്കുന്ന പുരയിടം, കുറെയേറെ പറമ്പുകളും നിലങ്ങളും മററും ഉണ്ടായിരുന്നു. അതെല്ലാം 104-ൽ വിററ് കോന്നിയിൽ വീണ്ടും താമസമാക്കി. കൂടാതെ പിതൃസ്വത്തായി കിട്ടിയ വകയാററുള്ള സ്ഥലവും നേരത്തെ വിററിരുന്നു. ഇതെല്ലാം വിൽക്കാനുള്ള കാരണം പിൻതലമുറ അറിഞ്ഞിരിക്കണമല്ലൊയെന്ന് ചിന്തിച്ച് ഇത്രയും നോട്ടുചെയ്യുന്നു എന്നുമാത്രം. കൂടൽ കുരങ്ങയം ജംഗ്ഷന് (സ്റ്റേഡിയം) വടക്കും കിഴക്കും ആയി അനേകം കിഴക്കൻ പുലയർ താമസിച്ചിരുന്നു. അവരെ ക്രിസ്തുമതത്തിൽ ചേർക്കാനുള്ള ആഗ്രഹത്തിൽ വസ്ത്രമില്ലാത്തവർക്ക് വസ്ത്രം, പട്ടിണിക്കാർക്ക് സഹായം നൽകി. സുവിശേഷവേല ചെയ്തു. പക്ഷേ ആരേയും ആ ഉദ്യമത്തിൽ കിട്ടിയില്ല. തൻനിമിത്തം സ്വന്തമായി സമ്പാദിച്ചതും പിതൃസ്വത്തും നഷ്ടപ്പെട്ടു.

ഇനിയും കുഞ്ഞുമ്മൻ ഗീവറുഗീസിൻെറ സന്താനങ്ങളെപ്പററി അല്പം എഴുതിക്കൊള്ളട്ടെ. ടി വറുഗീസ്,

malankaralibrary.com

ഏലിയാമ്മ ദമ്പതികൾക്ക് ഒൻപത് സന്താനങ്ങളാണ്. അഞ്ച് ആണും നാലുപെണ്ണും. അതിൽ രണ്ടാമനാണ് ഞാൻ. എൻെറ ജ്യേഷ്ഠൻ ദാനിയേൽ 1102-ൽ വകയാർ പടിയറ കുടുംബത്തിൽ കൊച്ചുവിളയിൽ പരേതരായ ചെറിയാൻെറയും ഏലിയാമ്മയുടേയും മൂത്തമകൾ ശോശാമ്മയെ വിവാഹം കഴിച്ച് കൂടലിൽ താമസമാക്കി. ടിയാന് അഞ്ചു മക്കൾ. നാലാണും ഒരു പെണ്ണും. അവരുടെയെല്ലാം വിവാഹം കഴിഞ്ഞ് പ്രത്യേകം താമസിച്ചുവരുന്നു. ടി ദാനിയേൽ 1977 ജൂൺ 5-ാംതീയതി 71-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. കൂടൽ സെൻറ് പോൾസ് യാക്കോബായ സുറിയാനിപ്പള്ളി സിമിറേററിയിൽ അടക്കി. എൻെറ നേരെ ഇളയസഹോദരി അന്നമ്മയെ, നിരണം പൂവം വേലിൽനിന്നും കൂടലിൽ പുന്നമൂട്ടിൽ താമസിക്കുന്ന പരേതനായ യോഹന്നാച്ചൻെറ മകൻ ഉമ്മച്ചനെക്കൊണ്ട് 1102 കുംഭം 12-ാംതീയതി വിവാഹം കഴിപ്പിച്ച് അയച്ചു. അവർക്ക് മൂന്നാണും നാലുപെൺമക്കളും ഉണ്ടായിരുന്നു. അവരവരുടെ വിവാഹങ്ങളും നടന്നിരുന്നു. അതിൽ രണ്ടാമത്തെ മകൾ പെണ്ണമ്മ മരിച്ചുപോയി. അവർക്ക് രണ്ട് ആൺമക്കൾ. മൂത്തമകൾ തങ്കമ്മയുടെ ഭർത്താവും നാലാമത്തെ മകൾ ലിസ്സിയുടെ ഭർത്താവും മരിച്ചുപോയി. മൂത്ത മകൻ ജോർജ്ജുകുട്ടി മല്ലശേരിയിലും രണ്ടാമൻ ബേബി ആലുവായിലും മൂന്നാമൻ തോമസ് (ബാബു) കുടുംബത്തിലും മാതാപിതാക്കൻമാരോടുകൂടി താമസിച്ചുവരുന്നു. ബാബുവിന് ഒരു മകനുണ്ട്. ടി ബാബു കൂടൽ സെൻറ് മേരീസ്പള്ളി സെക്രട്ടറിയും പൊതുക്കാര്യപ്രസക്തനുമാണ്. അടുത്ത സഹോദരി ചിന്നമ്മയെ 1111-ൽ കൈപ്പട്ടൂർ ചായംപുരയിടത്തിൽ (പള്ളിയത്ത്) ഗീവറുഗീസിൻെറ മകൻ യോഹന്നാച്ചനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. അവർക്ക് രണ്ടാണും മൂന്നു പെൺമക്കളും ഉണ്ട്. മൂത്തമകൻ ബോംബയിലും ഇളയമകൻ രാജൻ കുടുംബത്തിലും താമസിച്ചുവരുന്നു. അവരുടെ പിതാവ് യോഹന്നാച്ചൻ കർത്താവിൽ നിദ്രപ്രാപിച്ച് കൈപ്പട്ടൂർ പള്ളി ശവക്കോട്ടയിൽ സംസ്ക്കരിച്ചു. രാജന് രണ്ടുപെണ്ണും ഒരാണും വിദ്യാർത്ഥികളാണ്,

malankaralibrary.com

അടുത്ത സഹോദരി തങ്കമ്മയെ മൈലപ്രാ വല്യപറമ്പിൽ മത്തായിച്ചന്റെ മൂത്തമകൻ ജോർജ്ജ്കുട്ടിയെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. അവർക്ക് അഞ്ചുപെൺമക്കൾ മാത്രം. എല്ലാവരുടേയും വിവാഹം കഴിഞ്ഞു. ഓരോ സ്ഥലത്ത് താമസിക്കുന്നു. രണ്ടാമത്തെ മകൾ മണി കൂടെതാമസിക്കുന്നു. അവൾക്ക് രണ്ടാൺമക്കൾ. വിദ്യാർത്ഥികളാണ്.

അവർ മൂന്നുപേരുടെയും ഇളയസഹോദരൻ ജോഷ്വാ (ബേബിച്ചൻ) വിദ്യാഭ്യാസം കഴിഞ്ഞ് ഹോമിയോ ചികിത്സ പഠിച്ചുകൊണ്ടിരിക്കെ കോട്ടയം വെള്ളൂർ പരിയാരത്ത് പരേതനായ തോമസിന്റെയും മറിയാമ്മയുടേയും മകൾ കുഞ്ഞമ്മ എന്നു വിളിക്കുന്ന സാറാമ്മയെ വിവാഹം കഴിച്ചു. അവർക്ക് മൂന്നാണും ഒരു പെണ്ണും. മൂത്ത മകൻ വിവാഹം കഴിഞ്ഞ് ബോംബയിൽ ഉദ്യോഗാർത്ഥം താമസിക്കുന്ന. രണ്ടാമൻ വിവാഹം കഴിഞ്ഞ് തിരുവനന്തപുരത്ത് താമസിച്ച് വട്ടപ്പാറയിൽ സ്വന്തമായി റബ്ബർ ബിസിനസ്സിലും ഇളയമകൻ വിവാഹം കഴിച്ച് ബോംബയിൽ ഉദ്യോഗത്തിലും മകളെ വിവാഹം കഴിപ്പിച്ച് പട്ടത്തും താമസിച്ചു വരുന്നു. ബേബിച്ചനും സാറാമ്മയും കൂടലിൽ നെടുവങ്കാവിലുള്ള സ്ഥലം വിററ് ഈയടുത്തകാലത്ത് തിരുവനന്തപുരത്ത് താമസിക്കുന്നു.

ബേബിച്ചന്റെ അനുജൻ കുഞ്ഞപ്പി എന്നു വിളിക്കുന്ന ബർസൗമ്മാ വിദ്യാഭ്യാസം പൂർത്തിയാക്കി എന്റെകൂടെ താമസിച്ചുവരവെ തിരുവല്ലായിൽ നിന്നും കൂടൽ ഇഞ്ചപ്പാറ എന്ന സ്ഥലത്ത് കുടിയേറി പാർത്ത ഇഞ്ചപ്പാറ ബംഗ്ലാവിൽ ചെറിയാച്ചന്റെ മകൻ പുത്തൻപുരയിൽ മത്തായിച്ചന്റെ മകൾ കുഞ്ഞമ്മ എന്നു വിളിക്കുന്ന അന്നമ്മയെ 122 മേടമാസം 21-ാംതീയതി വിവാഹം കഴിച്ച് ഇഞ്ചപ്പാറ കമുകുംപള്ളിൽ വീട്ടിൽ താമസിച്ചുവരവെ ടിയാന്റെ ഭാര്യ 1993-ൽ കർത്താവിൽ നിദ്രപ്രാപിച്ചു. കുഞ്ഞപ്പിയുടെ പരിശ്രമഫലത്താൽ കൂടലിൽ കണ്ടത്തിൽ പള്ളിയെന്ന് അറിയപ്പെടുന്ന സെന്റ്ജോർജ്ജ് യാക്കോബായ പള്ളി

malankaralibrary.com

സ്ഥാപിക്കപ്പെട്ടു. ആ പള്ളി ശവക്കോട്ടയിൽ കുടുംബകല്ലറയിൽ സംസ്കരിച്ചു. അവർക്ക് 5 ആണും 1 പെണ്ണും ആണ്. മൂത്തമകൻ വർഗീസ് ബർസോം കോയിപ്രം ബ്ലോക്ക് ആഫീസറാണ്. രണ്ടാമൻ മാത്യു P.W.D. ഉദ്യോഗസ്ഥനായി തിരുവനന്തപുരത്ത് താമസിക്കുന്നു. നാലാമനാണ് കലഞ്ഞൂർ പഞ്ചായത്ത് പ്രസിഡൻറ് ഏലിയാസ് ബർസോം. അഞ്ചാമൻ മദ്രാസിൽ കുടുംബസഹിതം സ്ഥിരതാമസമാണ്. പെൺമകളെ കടമ്മനിട്ട കെട്ടിച്ചു. മൂന്നാമത്തെ മകൻ തമ്പി കുടുംബത്തിൽ താമസിക്കുന്നു. അയാളുടെകൂടെയാണ് കുഞ്ഞപ്പി താമസിക്കുന്നത്. ടിയാൻ കൂടൽ Y.M.C.A. രക്ഷാധികാരി, പ്രസിഡണ്ട് എന്നീ നിലകളിലും കലഞ്ഞൂർ പഞ്ചായത്ത് പത്താംവാർഡിലെ പഞ്ചായത്ത് മെമ്പറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ ഞാൻ 1962.ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടപ്പോൾ അന്ന് ഉണ്ടായ എൻെറ വക പള്ളിയുടെ കേസ്സിൽ മുൻകൈ എടുത്ത് കേസ്സുനടത്തി. ആ കേസ്സിൽ എനിക്കു പള്ളി നഷ്ടപ്പെടുകയും പള്ളിപുരയിടത്തിൽ 11 സെൻറ് സ്ഥലം ലഭിക്കുകയും ചെയ്തു. ആ കേസ്സിനുശേഷമാണ് കണ്ടത്തിൽ പള്ളിവെച്ചത്. ഇപ്പോൾ ആരോഗ്യക്കുറവുമൂലം സ്വസ്തതയിൽ കഴിയുന്നു.

ഏററവും ഇളയസഹോദരൻ ജോൺ വിദ്യാഭ്യാസശേഷവും ഞങ്ങളുടെ പിതാവിൻെറ മരണശേഷവും നാടുവിട്ടുപോയി. മൈസൂർ കടമ്പാ എന്ന സ്ഥലത്ത് എത്തിചേർന്ന് അഞ്ചലിൽനിന്നും അവിടെ താമസമാക്കിയ ഒരു കുടുംത്തിൽനിന്നും റാഹേലമ്മ എന്ന പെൺകുട്ടിയെ വിവാഹം കഴിച്ചു, ആയതിന് സാക്ഷിപത്രമായ വിവാഹദേശക്കുറി കൊടുത്തത് ഞാനാണ്. മൂത്തമകൻ റോയിയെ സ്നാനപ്പെടുത്തിയത് കടാബാപള്ളിയിൽ വെച്ച് ഞാനാണ്. അവർക്ക് ഒരാണും രണ്ടുപെണ്ണും. റോയി പോലീസ് ഡിപ്പാർട്ടുമെൻറിൽ ജോലിയാണ്. പെൺമക്കൾ രണ്ടുപേരും മഠത്തിലാണ്. അവർ അവിടെ സുഖമായി താമസിച്ചു വരുന്നു. ജോൺസൺ ഡേ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിലും ചെറിയ സുവിശേഷകൻ എന്ന നിലയിലും

malankaralibrary.com

പ്രവർത്തിക്കുന്നു. ബത്തേരി ഭദ്രാസനാധിപൻ നി. വ. ദി. ശ്രീ. സിറിൽ മാർ ബസേലിയോസ് തിരുമേനിയിൽ നിന്ന് പ്രത്യേകസഹായം ലഭിക്കുന്നുണ്ട്. ജോൺ ഒററയ്ക്കും കുടുംബസഹിതവും കൂടെക്കൂടെ വന്ന് എൻെറ ക്ഷേമാന്വേഷണം അറിഞ്ഞുപോകുക പതിവാണ്. അതാതുസമയത്തു കഴിവതും ചെയ്യുന്നു.

ഇനിയും ഒൻപതാമത്തെ ആളായ സഹോദരി പൊന്നമ്മ (റാഹേലമ്മ)യാണ്. ഞങ്ങളുടെ വന്ദ്യപിതാവിൻെറ മരണശേഷം 1125-ൽ ഇലന്തൂർ ഓടാലിൽ, ഇപ്പോഠം നാലാഞ്ചിറ ബഥനി ആശ്രമം സുപ്പീരിയർ ബ: ഡൊമിനിക്ക് ഒടാലിൽ O. I. C. അച്ചൻെറ ജ്യേഷ്ഠസഹോദരൻ ശമുവേൽ കുട്ടിയെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. അവർ സുഖമായി കുടുംബത്തിൽ കഴിയുന്നു. എന്നാൽ അവർക്ക് സന്താനങ്ങഠം ഇല്ല. വർഷങ്ങഠംക്കു മുൻപ് മൂന്നുമാസമായ ഒരു കുഞ്ഞിനെ എടുത്തുവളർത്തി ഗീവറുഗീസ് എന്ന പേരിൽ മാമോദീസാ മുക്കി. അവൻ ഏതോ ജോലിയിൽ ഡൽഹിയിൽ താമസിക്കുന്നു. വിവാഹിതനാണ്.

ഇനിയും എൻെറ ചരിത്രം ആരംഭിക്കട്ടെ. എൻെറ മാതാപിതാക്കളായ പരേതരായ കുഞ്ഞുമ്മൻ വറുഗീസിൻേറയും ഏലിയാമ്മയുടെയും ഒൻപത് സന്താനങ്ങളിൽ രണ്ടാമനായ ഞാൻ 1909 ജനുവരി 21-ാംതീയതി വ്യാഴാഴ്ച ഒൻപതുമണിയ്ക്ക് ജനിച്ചു. എൻെറ മാമോദീസാ കലഞ്ഞൂർ സെൻറ് ജോർജ്ജ് യാക്കോബായ പള്ളിയിലായിരുന്നു. മാതാവിൻെറ പിതാവിൻെറ പേരായ ഗീവറുഗീസ് എന്ന് നാമകരണം ചെയ്തു. ആറുമാസത്തിനുശേഷം ചെറിയ ചെറിയ അസുഖങ്ങഠം കാരണം രോഗിയായിത്തീർന്നു. മാതാപിതാക്കളും വല്ല്യപ്പച്ചഛനും വളരെ ദുഃഖിക്കയും വിഷമിക്കയും ചെയ്തു.

ഇന്നത്തെ കലഞ്ഞൂർ ഗവ: ഹൈസ്ക്കൂളിൽ അന്ന് ഏഴാംക്ലാസ്സ് വരെയുണ്ടായിരുന്നുള്ളു. അവിടെനിന്നും വിദ്യാഭ്യാസം പൂർത്തിയാക്കി. അക്കാലത്ത് അടുത്ത സ്ഥലത്തെങ്ങും ഹൈസ്ക്കൂഠം ഉണ്ടായിരുന്നില്ല. പിന്നീട്

malankaralibrary.com

എൻെറ പിതാവിനെ കുടുംബകാര്യത്തിൽ സഹായിച്ചു കൊണ്ടിരുന്നു.

1931 ഫെബ്രുവരി മാസത്തിലെ മൂന്നുനോമ്പും കൂടൽ സെൻറ് പോൾസ് യാക്കോബായ പള്ളിപെരുനാളും സംബന്ധിച്ച് ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ മീഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനി നേരത്തെ പള്ളിയിൽ എത്തിയിരുന്നു.

ഈ വിവരം അറിഞ്ഞ് 10-ാംതീയതി ബുധനാഴ്ച സന്ധ്യയോടുകൂടി എൻെറ പിതാവിൻെറ അനുവാദവും വാങ്ങി പിതാവിൻെറ ഇളയസഹോദരനായ പൊടിക്കുഞ്ഞ് കൊച്ചപ്പനും ഞാനുംകൂടി കോന്നിയിൽനിന്ന് കൂടൽപള്ളിയിൽ രാത്രി 8 മണിക്ക് എത്തി. ആ അവസരത്തിൽ ഇടവക പട്ടക്കാരായ ഓമല്ലൂർ ഇലവിനാമണ്ണിൽ ബ: കുറിയാക്കോസ് അച്ചനും പ്രക്കാണം പാറയ്ക്കൽ ബ: തോമസ് അച്ചനും കൂടി എന്നെ വന്ദ്യതിരുമേനിയുടെ മുമ്പിൽ കൊണ്ടുചെന്ന് ഇവന് ഇടവകയ്ക്കുവേണ്ടി പട്ടംകൊടുക്കണമെന്നപേക്ഷിച്ചു. നമ്മുടെ ചുട്ടിവെട്ടത്ത് മാത്തൻഗീവറുഗീസിൻെറ മകളുടെ മകനാണെന്നും അറിയിച്ചു. ഉടനെ അഭിവന്ദ്യപിതാവ് ''ഇതിനാണല്ലൊ ഞാൻ വന്നിരിക്കുന്നത്'' എന്നു കല്പിച്ചു. (ഇടവകയ്ക്കുവേണ്ടി പട്ടം കൊടുപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത് വേറെ രണ്ടുപേരെയായിരുന്നു.) വന്ദ്യപിതാവിൻെറ മറുപടി കേട്ടപ്പോൾ ഞാൻ വളരെ ഭയപ്പെട്ടു ഒളിച്ചു ഓടുവാനും ശ്രമിച്ചു. എന്നാൽ എന്നെ വിടാതിരിപ്പാൻ ഞാനറിയാതെ ബഹു: അച്ചന്മാർ ഇഞ്ചപ്പാറ പുത്തൻപുരയിൽ പരേതനായ മത്തായി അവർകളെ ഏർപ്പാടുചെയ്തവിവരം പിന്നീടാണ് ഞാനറിഞ്ഞത്. പള്ളിയിലെ റാസ്സകഴിഞ്ഞ് രാത്രി മൂന്നുമണിയോടുകൂടെ ഇടവകാംഗങ്ങളുടെ അഭിപ്രായം അറിയാൻ ആലോചിച്ചു. എല്ലാവർക്കും സമ്മതമായിരുന്നു. അതിനുശേഷം എന്നെ വിളിച്ച് അഭിപ്രായം ചോദിച്ചപ്പോൾ ഞാൻ വിസമ്മതിച്ചു. കാരണം, വിദ്യാഭ്യാസക്കുറവ്, ധനസ്ഥിതി മുതലായ ചിന്തകളാൽതന്നെ. അതിനുശേഷം ബ: ഇലവിനാമണ്ണിൽ അച്ചൻ എന്നെ പ്രത്യേകം വിളിച്ച് രഹസ്യമായി ഉപദേ

malankaralibrary.com

ശിച്ച് ഞാൻ വിളിക്കും അപ്പോൾ ഇഷ്ടമാണെന്ന് പറയണമെന്ന് ഗുണദോഷിച്ചശേഷം വീണ്ടും എന്നെ വിളിച്ച് സമ്മതം ചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞ മറുപടി അഭിവന്ദ്യപിതാവിന് വളരെ തൃപ്തിയായി. ദൈവേഷ്ടം അപ്രകാരമെങ്കിൽ നടക്കട്ടെ. എന്റെ പിതാവിന്റെ അനുവാദമില്ലാതെ സാദ്ധ്യമല്ല എന്നു തീർത്തുപറഞ്ഞു. അപ്പോൾതന്നെ ബ: അച്ചന്മാർ എന്റെ പിതാവിനെ വരുത്തുവാൻ ഒരെഴുത്ത് കൊടുത്ത് രണ്ടുപേരെ രാത്രി നാലു മണിയോടുകൂടി അയച്ചു കോന്നിയിലേക്ക്.

വി: കുർബാനയിൽ സംബന്ധിപ്പാൻ എന്റെ പിതാവ് തിരിച്ചിരുന്നു. വഴിമദ്ധ്യേ വകയാററുവെച്ച് അവർ തമ്മിൽ കാണുകയും എഴുത്തുകൊടുക്കയും ചെയ്തു. ഏഴുമണിയോടുകൂടെ മൂവരും പള്ളിയിൽ എത്തി. വന്ദ്യപിതാവിന്റെ കൈമുത്തി. തന്റെ മകന് ശെമ്മാശ്പട്ടം കൊടുക്കാൻ ആഗ്രഹിക്കുന്നു എന്ത് പറയുന്നു. എന്ന് കല്പിച്ചു ചോദിച്ചു. അത് എനിക്കാഗ്രഹമുണ്ട്. പക്ഷേ ഒരു സങ്കടം ഉണ്ട്. എനിക്ക് ഇപ്പോഴത്തെ നിലയിൽ പഠിപ്പിക്കുന്നതിനോ – ഒരു പട്ടക്കാരനെ പോററുന്നതിനോ ഉള്ള ചുററുപാടില്ല. അവന്റെ വല്ല്യപ്പച്ചൻ ഏല്ക്കുന്നെങ്കിൽ തിരുമനസ്സിലെ ഇഷ്ടംപോലെ ചെയ്യുന്നതിന് ഇതാ ഏൽപ്പിക്കുന്നു. ഉടൻതന്നെ വന്ദ്യതിരുമേനി എന്റെ വല്ല്യപ്പച്ചനെ വിളിച്ച് അഭിപ്രായം ആരാഞ്ഞപ്പോൾ സകലതും ഞാനേററു എന്നറിയിച്ചു. ഉടൻതന്നെ വന്ദ്യപിതാവിന്റെ ഒരു ജോഡി പുതിയ കുപ്പായം ശെമ്മാശനെക്കൊണ്ട് എടുപ്പിച്ച് മെഴുവേലി തെക്കേതലയ്ക്കൽ ബ: സ്ക്കറിയാ അച്ചനെ ഏല്പിച്ചു. അദ്ദേഹം എന്നെ ധരിപ്പിച്ച് നമസ്ക്കാരമേശയുടെ അടുത്തുനിറുത്തി. നമസ്ക്കാരശേഷം വന്ദ്യപിതാവ് വി. കുർബാന അർപ്പിച്ചു. കുർബാന മദ്ധ്യേ 11 മണിയോടുകൂടി ആചാര്യപദവിയിലേക്കുള്ള ശെമ്മാശുപട്ടം നല്കി. ഇടയക്ക് ഒരു കാര്യം ഓർമ്മിച്ചുകൊള്ളട്ടെ. 1094-ൽ ബ: അച്ചൻമാരും ബ: ഇടവകാംഗങ്ങളും ആഗ്രഹിച്ച സംഗതി അതിന്റെ 12-ാംവർഷം അതേ ദിവസം പൂർത്തിയായത് ദൈവനിശ്ചയംതന്നെയായി

malankaralibrary.com

രുന്നു. പട്ടംകൊടയ്ക്കുശേഷം ബ: അച്ചൻമാരും ഇടവകാംഗങ്ങളും പൈതങ്ങളുംകൂടെ എന്നെ അനുമോദിക്കയും അവർ എന്നെ എന്റെ വല്ല്യച്ചന്റെ വീട്ടിൽ കൊണ്ടുവന്ന് വല്ല്യച്ചനെ ഏല്പിക്കയും ചെയ്തു.

എന്റെ പിതാവ് തിരികെ കോന്നിയിൽ ചെന്നശേഷമാണ് എന്റെ മാതാവും സഹോദരീസഹോദരങ്ങളും ബന്ധുക്കളും അറിയുന്നത്. പിറേറദിവസം ഞാൻ കോന്നിയിൽ ചെന്ന് അവരെയെല്ലാം കണ്ട് അനുഗ്രഹം വാങ്ങിച്ചു. അവരുടെ അളവററസ്നേഹം വിലമതിക്കാത്തതായിരുന്നു. 1106 കുംഭം 4-ാംതീയതി തന്നെ ബ: ഇലവിനാമണ്ണിൽ അച്ചനും എന്റെ പിതാവും എന്റെ വല്ല്യപ്പച്ചന്റെ ആഗ്രഹപ്രകാരം കോട്ടയം പുതുപ്പള്ളി പടിഞ്ഞാറ് തെക്കുഭാഗത്തുള്ള മാർ ശർബ്ബീൽദയറായിൽ സുറിയാനി പഠിത്തത്തിനു കൊണ്ടാക്കി. ദയറാധിപൻ ബ: ഗീവറുഗീസ് റമ്പാനായിരുന്നു. അന്നേദിവസമാണ് അദ്ദേഹത്തെ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തിയത്. ആ ശുശ്രൂഷയിൽ സംബന്ധിക്കുവാനും ഭാഗ്യമുണ്ടായി. അന്നേദിവസം അഭിവന്ദ്യ തിരുമേനി സുറിയാനി ഭാഷ എഴുതി തന്ന് വായിപ്പിച്ചു. എന്റെ പിതാവും ബ: അച്ചനും തിരിച്ചുപോന്നു. ബ: റമ്പാച്ചന്റെ ശിക്ഷണത്തിലും സ്നേഹത്തിലും പഠിച്ചും ശുശ്രൂഷിച്ചും വരവെ എന്നെ ദയറാഭരണത്തിന്റെ ചുമതലകളും മററും ഏല്പിച്ചു. അങ്ങനെ ഞാൻ സെക്രട്ടറിയായി. അവിടെ എന്നെകൂട്ടി, 9 ശെമ്മാശൻമാരും 4 ബാലന്മാരുമുണ്ടായിരുന്നു. കൂടെ പഠിച്ചിരുന്നതിൽ ഒരു ശെമ്മാശൻ മെത്രാനായി. അദ്ദേഹം കാലംചെയ്തു. 4 പേർ കോറെപ്പിസ്ക്കോപ്പൻമാരായി. അവരും കർത്താവിൽ നിദ്രപ്രാപിച്ചു. ബാക്കി ഞങ്ങൾ ചിലർമാത്രം ഉണ്ട്.

ഈ കാലയളവിൽ സഭാസമാധാനത്തിനായി അന്ത്യോഖ്യായിൽനിന്നും നി.വ.ദി.മ ശ്രീ മോറാൻ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ പരിവാരസമേതം മലങ്കര വന്നു. (മഞ്ഞിനിക്കര

malankaralibrary.com

കവറടങ്ങി) വന്ദ്യ റമ്പാച്ചന്റെ കൂടെ പ: ബാവായെ കാണുന്നതിനും മററും പല പള്ളികളിലും ഞാൻ പോയിട്ടുണ്ട്. പാത്രിയർക്കീസുബാവയെ 107–ൽ മാർ ശർബീൽ ദയറായിലേക്ക് എതിരേററു. ആയതിനെല്ലാം മുൻകൈ എടുത്തു പ്രവർത്തിച്ചു. ദയറായിൽവെച്ച് പ. പാത്രിയർക്കീസു ബാവായിൽനിന്നും കോറൂയോ പട്ടം ലഭിക്കുവാനും എനിക്കു ഭാഗ്യമുണ്ടായി. കൊല്ലം ഭദ്രാസനത്തിലേക്ക് പ. പാത്രിയർക്കീസ് ബാവയെ എഴുന്നെള്ളിക്കാൻ ആഗ്രഹിച്ച് ഓമല്ലൂർ ഇലവിനാമണ്ണിൽ ബ: അച്ചന്റെ സ്വന്തം പള്ളിയായ മഞ്ഞിനിക്കര മാർ സ്തേഫാനോസ് പള്ളിയിലേക്ക് മുൻകൂട്ടി അപേക്ഷിച്ചതനുസരിച്ച് 107 മകരം 29–ാം തീയതി വ്യാഴാഴ്ചതന്നെ എന്ന് കല്പനകിട്ടി. അതനുസരിച്ച് ബ: അച്ചൻ ആ വിവരം എന്നെ അറിയിച്ചു. ഞാനും മുൻകൂട്ടി ആ പള്ളിയിൽ എത്തി കഴിവതും പരിശ്രമിച്ചു. കൃത്യദിവസം പ. പാത്രിയർക്കീസ് ബാവ പരിവാരസമേതം വരികയും കൈപ്പട്ടൂർ നിന്ന് അഭിവന്ദ്യ തിരുമേനിമാരും ബ: അച്ചൻമാരും നാനാദേശങ്ങളിൽ നിന്നുമുള്ള പതിനായിരക്കണക്കിനാളും കൂടി, പൊൻവെള്ളിക്കുരിശുകളും മുത്തുക്കുടകളും വാദ്യമേളങ്ങളോടുംകൂടി എതിരേററ് 5½ മണിയോടുകൂടെ പള്ളിയിൽ എത്തിച്ചേർന്നു. ലുത്തിനിയാ കഴിഞ്ഞ് പ. പാത്രിയർക്കീസ് ബാവാ എല്ലാവരേയും ആശീർവദിച്ചു. അതിനുശേഷം വിശ്രമിച്ചു. കിഴക്കൻ ദേശത്തുനിന്നു വന്നവരുടെ കൂട്ടത്തിൽ എന്റെ വല്ല്യപ്പച്ചനും വല്ല്യമ്മച്ചിയും മാതാപിതാക്കളും സഹോദരീസഹോദരങ്ങളും ഉണ്ടായിരുന്നു. എന്റെ വല്ല്യപ്പച്ചൻ ഉൾപ്പെടെയുള്ളവർ എല്ലാവരും ശനിയാഴ്ച വി. കുർബാനയ്ക്കുശേഷമാണ് തിരിച്ചുപോയത്. വെള്ളിയാഴ്ച പ. ബാവായുടെ കൂടെവന്ന മാർ ക്ലീമ്മീസ് തിരുമേനി വി. കുർബാന അർപ്പിച്ചു. ശനിയാഴ്ച കോട്ടയം പാണമ്പടി പള്ളിവികാരി ബ. മാലിൽ കുരിയാക്കോസ് അച്ചൻ വി. കുർബാന അർപ്പിച്ചു ആയതിന് ശുശ്രൂഷകൻ ഞാനായിരുന്നു. പരി. ബാവാ തിരുമനസ്സുകൊണ്ട് മദ്ബഹായിൽ എഴുന്നെള്ളിയിരുന്ന് ആശീർവദിച്ചു. കാപ്പിമേശയുടെശേഷം 10 മണിയോടുകൂടെ ഓമല്ലൂരും ചുററുപാടു

malankaralibrary.com

മുള്ള ഓർത്തോഡക്സിലെ പള്ളിവികാരിമാരായ ഒൻപത് പട്ടക്കാർ ബ. വടക്കേടത്ത് അച്ചന്റെ നേതൃത്വത്തിൽ പ. ബാവായെ കണ്ട് കൈമുത്തി സഭാ സമാധാനത്തെപ്പററി സംസാരിച്ച് സന്തോഷത്തോടു മടങ്ങിപ്പോയി. തദവസരത്തിൽ ഞാനും അടുത്തുണ്ടായിരുന്നു.

പ. ബാവാ ഉച്ചഭക്ഷണത്തിനുശേഷം പതിവിൻപടിയുള്ള ഡയറി എഴുതുന്നതിന് പ്രൈവററുസെക്രട്ടറി സഖറിയായെ വിളിച്ച് പറഞ്ഞുകൊടുത്തു. ടിയാൻ എഴുതിക്കൊണ്ടിരിക്കുമ്പോൾ പെട്ടന്ന് അസുഖമുണ്ടാകയും സഖറിയ ഓടിയെത്തി കഫം എടുക്കയും അംഗരക്ഷകനും ഞാനും അടുത്തുചെന്ന് പരിശുദ്ധ പിതാവിന്റെ ചെമന്ന കുപ്പായത്തിന്റെ ബട്ടൺ മാററുകയും ഞാൻ നെഞ്ചു തിരുമ്മുകയും ചെയ്തു. എന്തിനധികം പറയുന്നു 5 മിനിട്ടിനകം പ. പിതാവ് കർത്താവിൽ നിദ്രപ്രാപിച്ചു. പത്തനംതിട്ട, കോഴഞ്ചേരി ഗവ: ആശുപത്രികളിലെ ഡോക്ടറൻമാർ എത്തി പരിശോധിച്ചു. അവരും കാലംചെയ്തു എന്ന് പ്രഖ്യാപിച്ചു. വാർത്ത കാട്ടുതീപോലെ ദേശമെങ്ങും പ്രചരിച്ചു. എന്റെ വല്ല്യച്ചനുംമററും വാർത്ത കേട്ട് പറഞ്ഞത് ''എതിർ കക്ഷികൾ ദുഷ്പ്രേരണപറഞ്ഞ് പരത്തുകയാണ്. ഞാൻ 10 മണിക്ക് കൈമുത്തി പോന്നതല്ലേ എന്നാണ്''. ഇവിടെനിന്നും ആൾ ചെന്നപ്പോഴാണ് വിശ്വസിച്ചത്. പ. പാത്രിയർക്കീസു ബാവായുടെ തിരുശരീരം പിറേറദിവസം പള്ളിയുടെ വടക്കുവശം ഇന്നു കാണുന്ന കബറിടത്തിൽ വേണ്ട ബഹുമതികളോടുകൂടി കബറടക്കി. ഒരാഴ്ച ഞാൻ അവിടെ താമസിച്ചശേഷം വീണ്ടും പഠിക്കാൻ പഴയ ദയറായിലേക്കുപോയി. അവിടെ താമസിച്ചിരിക്കെ 107 മിഥുനം 12-ാംതീയതി എന്റെ വല്ല്യപ്പച്ചന് അസുഖം കൂടുതലായി എന്നുകാണിച്ച് ഒരെഴുത്തു കിട്ടി. എഴുത്തുകിട്ടി ഉടനെതിരിച്ച് പിറേറദിവസം വീട്ടിൽ വന്നപ്പോൾ തീരാദുഃഖമാണ്. പിറേറദിവസം ബ. പാറയ്ക്കൽ അച്ചനെ വരുത്തി വി. കുർബാനകൊടുത്തു. തൈലാഭിഷേകവും നടത്തി. 107 മിഥുനം 15-ാംതീയതി കർത്താവിൽ നിദ്രപ്രാപിച്ചു. രണ്ടു മണിക്കൂറിനകം അദ്ദേഹം

malankaralibrary.com

തന്റെ സ്വന്തമായ കൂടൽ സെന്റ് പോൾസ് യാക്കോബായ സുറിയാനി പള്ളിയുടെ കിഴക്കുവശത്ത് കല്ലറകെട്ടി സംസ്ക്കരിച്ചു. 15-ാംദിവസം ഭംഗിയായി അടിയന്തരാദികളും നടത്തി.

അതിനുശേഷം മഞ്ഞിനിക്കര ദയറായിൽ താമസിച്ച് ശീമക്കാരൻ അബ്ദൽ ആഹാദ് റമ്പാച്ചന്റെയും (പിന്നീട് യാക്കോബു തൃതീയൻ പാത്രിയർക്കീസ്) കുമരകം വായിത്ര മല്പാൻ ബ. പുന്നൂസ് അച്ചന്റേയും ശിഷ്യഗണത്തിൽ ആവശ്യമായ സുറിയാനി പഠിത്തം പൂർത്തിയാക്കയും ബ. ഇലവിനാമണ്ണിലച്ചനെ സഹായിച്ചും പോന്നു. എന്റെ വല്ല്യപ്പച്ചന്റെ മരണശേഷം ടിയാന്റെ മക്കളുടെ സ്നേഹക്കുറവു ദൃശ്യമായി. വല്ല്യപ്പച്ചൻ ആഗ്രഹിച്ചതിനു വിരുദ്ധമായി വസ്തുതർക്കമായി. വല്ല്യമ്മച്ചിയും അവരുടെ പക്ഷത്തായി. അവരെ രണ്ടുപേരേയും സ്ത്രീധനം കൊടുത്ത് വിവാഹം കഴിപ്പിച്ചിരുന്നതാണ്. എങ്കിലും അവരുടെ പൂർണ്ണസമ്മതത്തോടെ, 108 കന്നി 8-ാംതീയതിയുണ്ടായ ഭാഗ ഉടമ്പടിപ്രകാരം കുടുംബവും കുറെ നിലങ്ങളും പള്ളിയും പള്ളിസ്ഥലവും മാത്രം എന്റെ വീതത്തിലേക്കു തിരിച്ചു. ഉടനെതന്നെ കോന്നിയിൽനിന്ന് മാതാപിതാക്കളേയും സഹോദരങ്ങളേയും കൊണ്ടുവന്ന് താമസമാക്കിയശേഷം വീണ്ടും മഞ്ഞിനിക്കര ദയറായിൽപോയി കൊല്ലകടവിൽ കല്ലിമേൽ ഇടയിലെ വീട്ടിൽ മി. കോശിയുടേയും ഏലിയാമ്മയുടേയും മകൾ ശോശാമ്മയെ വിവാഹം നിശ്ചയിച്ചു. 109 വൃശ്ചികം 25-ാംതീയതി കൂടൽ സെന്റ്പോൾസ് യാക്കോബായ പള്ളിയിൽവെച്ച് ഇടവക മെത്രാപ്പോലീത്താനി. വ. ദി. ശ്രീ. മിഖായേൽ മാർ ദീവന്നാസ്യോസു തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വിവാഹിതനായി. അതിനുശേഷം ഗുരുപട്ടം സ്വീകരിക്കാൻ വന്ദ്യപിതാവിനെ സമീപിച്ചപ്പോൾ പള്ളിയും പള്ളിസ്ഥലവും ഉൾപ്പെടെ തീറാധാരം എഴുതിക്കൊടുക്കണമെന്നാവശ്യപ്പെട്ടു. അതിൽനിന്ന് വ്യതിചലിച്ചുനിന്നെങ്കിലും വിശ്വാസത്തെ ഓർത്ത് ഒരു ഉടമ്പടി 110 മീനം 9-ാംതീയതി എഴുതിക്കൊടുത്തു.

malankaralibrary.com

1931 മാർച്ച് 24-ാംതീയതി ഞായറാഴ്ച കായംകുളം കാദീശാപള്ളിയിൽവെച്ച്കശ്ശീശ്ശാപട്ടംവന്ദ്യതിരുമനസ്സുകൊണ്ട് നൽകി ആശീർവദിച്ചു. പിറേറ ശനിയാഴ്ച തൃക്കോതമംഗലം മാർ ശർബഈൽ ദയറാപള്ളിയിൽ ബ. വന്ദ്യദിവ്യശ്രീ കെ. വി. ഗീവറുഗീസ് റമ്പാച്ചൻെറ സഹകരണത്തിൽ നവപൂജ അർപ്പിച്ചു. ഞായറാഴ്ചയും അവിടെത്തന്നെ വി. കുർബാന അർപ്പിച്ചു. പിറേദിവസം അഭിവന്ദ്യ പിതാവിനെ കണ്ട് കൈമുത്തി പട്ട കടലാസും (അധികാരപത്രം) വി. മാമോദീസായയ്ക്കുള്ള സൈത്തും മുറോനും ആവശ്യപ്പെട്ടപ്പോഠം സ്നേപൂർവ്വം ഒരാജ്ഞ. നാം പറയുന്നപ്രകാരം എല്ലാം പാലിക്കണം. പെട്ടെന്നു മറുപടിയായി ഞാൻ പറഞ്ഞത് അഭിവന്ദ്യ പിതാവ് കല്പിക്കുന്നതെല്ലാം പാലിക്കാം. എന്നാൽ പ്രസംഗിക്കണമെന്നുമാത്രം കല്പിക്കരുത്. പെട്ടെന്ന് ദ്വേഷ്യപ്പെട്ട് കുറെ ശകാരങ്ങഠം. അതു കേട്ടപ്പോഠം എൻെറ ഹൃദയം പൊട്ടി നിലവിളിച്ചുപോയി. (വന്ദ്യപിതാവ് സ്വല്പം മുൻകോപി കൂടെയാണ്. പെട്ടെന്ന് മനസ്സലികയും ചെയ്യും) സത്യവിശ്വാസത്തിനു വേണ്ടി പല ത്യാഗങ്ങളും കഷ്ടതകളും സഹിച്ചിട്ടും ഇങ്ങനെയുള്ള ശകാരങ്ങളാണല്ലൊ കിട്ടുന്നത്. പെട്ടെന്ന് വന്ദ്യ പിതാവിൻെറ മനസ്സലിഞ്ഞു. എൻെറ മകനേ നീ ഇത്ര മ‌യനാണോ? മീൻപിടുത്തക്കാരും അക്ഷരവിദ്യാഭ്യാസം ഇല്ലാത്തവരുമായ തൻെറ ശിഷ്യൻമാർക്ക് പരിശുദ്ധാത്മ നൽവരത്താൽ സകലതും നൽകിയെങ്കിൽ നിനക്കുതരികയില്ല. ആ പത്രോസിൻെറ പിൻഗാമിയായ പരി. പാത്രിയർക്കീസല്ലേ നമ്മുടെ തലയിൽ കൈവെച്ചത്. ആ കൈയ്യല്ലേ എൻെറ മകൻെറ തലയിൽ വെച്ചത്. ഒന്നുകൊണ്ടും ഭയപ്പെടേണ്ട. അതാതു സമയം വേണ്ടതെല്ലാം എൻെറ മകനുതരും. ധൈര്യമായിരിക്ക. നാം പറയുന്ന ഒന്ന് പാലിക്കുക. വി. കുർബാന മദ്ധ്യേയുള്ള ഏവെൻഗേലിയോനു പുറമെ നമസ്ക്കാരമദ്ധ്യേയുള്ള ഏവെൻഗേലിയോൻ ഒരിക്കലും വിടാതെ വായിക്കുക. ബസ്മൽക്കായുടെ സമയത്ത് പടിഞ്ഞാറോട്ടു തിരിഞ്ഞ് വീണ്ടും വായിക്കുക. അപ്പോഠം പറയാനുള്ളത് ലഭിക്കും. നാം അല്ലേ കല്പിക്കുന്നത്. അപ്രകാരം ചെയ്തുകൊള്ളാമെന്ന് കണ്ണുനീരോടു പറഞ്ഞു.

malankaralibrary.com

അതിനുശേഷം കല്പനയും സൈത്തും വി. മുറോനും തന്ന് അനുഗ്രഹിച്ചു ആശീർവ്വദിച്ച് യാത്രയാക്കി. ആ കല്പന അന്യത്ര ചേർത്തിട്ടുണ്ട്.

കൂടലിൽ പള്ളിയിൽ ഉള്ളത് ഒരു ധൂപക്കുററിമാത്രം. ആവശ്യമായ പുസ്തകങ്ങളോ പൂജാപാത്രങ്ങളൊ—അംശവസ്ത്രങ്ങളോ ഉണ്ടായിരുന്നില്ല. അതാതുസമയത്ത് വരുന്ന അച്ചൻമാർ കൊണ്ടുവരികയായിരുന്നു പതിവ്. ടി സാധനങ്ങൾ എല്ലാം പലയിടത്തുനിന്നും ശേഖരിച്ച് പിറേറഞായറാഴ്ച അതായത് മാർച്ച് 25-ാംതീയതി വചനിപ്പു പെരുന്നാളിൽ കൂടൽ സെൻറ് പോൾസ് സുറിയാനി പള്ളിയിൽ മല്പാൻ കുമരകം വായിത്ര ബ. പുന്നൂസ് അച്ചൻെറ സഹകരണത്തിൽ വി. ബലി അർപ്പിച്ചു. വി. കുർബാനമദ്ധ്യേ ബ. മല്പാനച്ചനെപ്പററിയും അദ്ദേഹം ഇതിൽ സംബന്ധിച്ചതിനെപ്പററിയും കൂടിവന്ന ജനങ്ങളെ അറിയിക്കാനും വന്ദ്യതിരുമനസ്സിലെ കല്പന വായിക്കാനും പടിഞ്ഞാറോട്ടു തിരിഞ്ഞു. പരിശുദ്ധാത്മ നൽവരത്താലും വന്ദ്യപിതാവിൻെറ അനുഗ്രഹത്താലും അല്പം സംസാരിച്ചശേഷം പ്രസംഗിക്കുന്നതിന് ബ. മല്പാനച്ചനെ ക്ഷണിച്ചു. അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ ആദ്യഭാഗം ദൈവത്തിൻെറ അദൃശ്യപ്രവർത്തനം എന്നിൽ ഉണ്ടാക്കിയ മാററത്തെപ്പററിയായിരുന്നു. അതിനുശേഷം വി. കുർബാന പൂർത്തിയാക്കി.

ബ. അച്ചൻെറ അദ്ധ്യക്ഷതയിൽ ഇടവക പൊതുസമ്മേളനം നടന്നു. എന്നെ അനുമോദിച്ച് പലരും സംസാരിച്ചു. അതിന് മറുപടിപറയുന്നതിന് ദൈവം വചനം തന്നു. ദൈവതീരുമാനത്തിനു മഹത്വം. പിന്നീട് കിഴവള്ളൂർ, ആമക്കുന്ന്, ഏഴംകുളം, പന്നിവിഴ, അടൂർ മുതലായ പള്ളികളിൽ ഭരണവും കർമ്മാദികളും നടത്തീട്ടുണ്ട്. കൂടൽപള്ളി വെട്ടുകല്ലിൽ കെട്ടിപണിത് ഓടുമേഞ്ഞതും അകം ചാണകം മെഴുകിയതും ആയിരുന്നു. റോഡരികിൽ വെട്ടുകല്ലിൽ നാലടി ഉയരത്തിൽ ഒരു കുരിശിൻ തൊട്ടിയും ഉണ്ടായിരുന്നു. 1124-ൽ പഴയ കുരിശടി മാററി ഇപ്പോഴം

malankaralibrary.com

കാണുന്ന കുരിശിൻതൊട്ടി പണികഴിപ്പിച്ചു. നാഗർകോവിൽനിന്നും മേസ്ത്രി കാർലസ് ആയിരുന്നു പണിതത്. പിന്നീട് പള്ളി പുതുക്കി പണിയണമെന്നുള്ള ആഗ്രഹത്തിൽ അന്നുണ്ടായിരുന്ന ഇടവകാംഗങ്ങളെ വിളിച്ചുവരുത്തി അവരുടെ അഭിപ്രായപ്രകാരം, തെങ്ങ് കുരുമുളക് ഇവ ഉള്ളവർ ഓരോന്ന് പള്ളിക്കുവേണ്ടി ആദായമെടുക്കുന്നതിനും, മാസവരി, പിടിയരി മുതലായവ ശേഖരിക്കണമെന്നുള്ള എൻെറ അഭിപ്രായം സ്വീകരിച്ച് നാലഞ്ചുകൊല്ലത്തെ തീക്ഷ്ണമായ പരിശ്രമംമൂലം ഉള്ളതുക അതാതുസമയത്ത് അടൂർ സ്വദേശി ബാങ്കിൽ നിക്ഷേപിച്ചു. അങ്ങനെ 2500, രൂപാ ആയി. ഇക്കാലയളവിൽ എൻെറ നിലം ഒററി കൊടുത്ത് എൻെറ മൂത്തമകൾ റോസമ്മയുടെ കല്യാണവും നടത്തിയിരുന്നു. വകയാർ പ്രദേശത്തുനിന്ന് 15 വീട്ടുകാർ ഇടവകക്കാരായി ഉണ്ടായിരുന്നു. ദൂരംനിമിത്തം എല്ലാ ഞായറാഴ്ചയും പള്ളിശുശ്രൂഷയിൽ സംബന്ധിക്കുന്നതിനും ശവസംസ്ക്കാരത്തിനുള്ള അവരുടെ ബുദ്ധിമുട്ടും പ്രയാസവും ഓർത്ത് വകയാർ മല്ലശേരി മത്തായി അവർകളുടെ, 84 സെൻറ് സ്ഥലം എൻെറ സ്വന്തംപേരിൽ വാങ്ങിച്ച് താൽക്കാലിക ഷെഡ് ഉണ്ടാക്കി അഭിവന്ദ്യപിതാവിൻെറ കല്പനപ്രകാരം (കല്പന അന്യത്ര) മേടമാസം 24-ാംതീയതി പരിശുദ്ധ ഗീവറുഗീസുസഹദായുടെ നാമത്തിൽവി. കുർബാന അർപ്പിച്ചു. ആ ഇടവകക്കാരുടെ സ്നേഹത്തിനും സന്തോഷത്തിനും അതിരില്ലായിരുന്നു. ആ പള്ളി സ്ഥലത്തുതന്നെ ശവമടക്കും നടത്തി. വകയാർ സ്വർഗ്ഗത്തിൽ പള്ളിയെന്നും ആ ദേവാലയം അറിയപ്പെടുന്നു. 14 വർഷം ഞാൻ തന്നെ അവിടെ ഭരണം നടത്തി. പിന്നീട് ഞാൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഇപ്പോൾ ആ പള്ളി ഇടവകക്കാർ ഏതാണ്ട് 5 ലക്ഷം രൂപയ്ക്കുമേൽ ചെലവാക്കി മനോഹരമായ ഒരു പള്ളി പണികഴിപ്പിച്ചു. അതിൻെറ കൂദാശയ്ക്ക് അവർ എന്നെ പ്രത്യേകം ക്ഷണിക്കയും ഞാൻ അതിൽ സംബന്ധിക്കയും പള്ളിചരിത്രം സംബന്ധിച്ച് പ്രസംഗിക്കയും ചെയ്തു. കൂടൽപള്ളി പുതുക്കി പണിയണമെന്നുള്ള ആഗ്രഹത്തിൽ ഇടവക പൊതുയോഗം കൂട്ടുകയും പള്ളി പൊളിച്ചുപണി

malankaralibrary.com

യണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചതിൽ അവർക്ക് ഇപ്പോൾ പള്ളിയല്ല ആവശ്യം പട്ടക്കാരനെയാണെന്നും പള്ളി പിന്നീടു പണിയാമെന്നും ഇപ്പോൾ ബാങ്കിലുള്ള തുക അച്ചന് കൊടുക്കുന്നതിനും അച്ചന്റെ നിലം ഒററി ഒഴിപ്പിച്ചെടുക്കുന്നതിനും ഏകകണ്ഠമായി തീരുമാനിക്കയും ആ തുക എന്റെ സ്വാതന്ത്ര്യത്തിനു വിട്ടുതരികയും ചെയ്തു. എന്നാൽ നിലം ഒഴിപ്പിക്കാൻ, 3 കൊല്ലത്തെ കാലാവധി യുണ്ട്. അതുകാരണം സാധിച്ചില്ല. കൂടാതെ പള്ളിക്കായി സ്വരൂപിച്ച തുക വീട്ടാവശ്യത്തിനായി ഉപയോഗിക്കുന്നത് ശരിയല്ലെന്നുതോന്നി.

ഈ അഭിപ്രായത്തിൽ ഇടവകയിലെ ഉററ സ്നേഹിതന്മാരിൽ ചിലരെ വിളിച്ചുവരുത്തി എന്റെ ആഗ്രഹം അറിയിച്ചു. അവർക്ക് വളരെ സന്തോഷമായി. പിറേറ ഞായറാഴ്ച പള്ളി ഉടനെ പണിയാൻ പോകയാണെന്ന് പ്രസ്താപിച്ചശേഷം അഭിവന്ദ്യ തിരുമേനിയെ വിവരം ധരിപ്പിച്ചു. എന്റെ ആഗ്രഹപ്രകാരം ചെയ്യുതുകൊള്ളാൻ കല്പനയും തന്നു. അധികം താമസിയാതെ കുരിശുപള്ളി പണിഞ്ഞ കാർലിസനെ തന്നെ വരുത്തി ഇപ്പോൾ കാണുന്ന ചെറുതെങ്കിലും മനോഹരമായ പള്ളി പണിയിപ്പിക്കുവാൻ എനിക്കു ഭാഗ്യമുണ്ടായി. വിശ്വാസികളും സാധുക്കളുമായ ഇടവകജനങ്ങൾ അവരുടെ കഴിവിന്റെ അപ്പുറം സഹകരിക്കയും മൈക്കാട് പണിയിൽ 75 ശതമാനം അവർതന്നെ വഹിക്കയും ചെയ്തു. കൂടാതെ എന്റെ വക നിലവും അര ഏക്കർ സ്ഥലവും വിററ് ആയതിലേക്ക് വിനിയോഗിച്ചു. ദേവാലയം പണിക്ക് ശാരീരികമായി ഞാൻ ബന്ധപ്പെട്ടു. ഇഷ്ടിക കപ്പിയിൽ ഞാൻ വലിച്ചു കൊടുത്തതും പകൽ പണിസ്ഥലത്തും ആറുമണിക്കു ശേഷം ബ്ലോക്ക്തിരിച്ച് മൈക്കാടുപണിക്ക് ആളെ വിളിക്കുക, സംഭാവന പിരിക്കുക ഇത്യാദി ഞാൻ ചെയ്തു. എന്നാൽ ഒരു സന്തോഷത്തിന് എപ്പോഴും രാത്രി 12 മണി വരെ എന്റെ കൂടെ കഷ്ടപ്പെടാൻ ഏതാനും സന്മനസ്സുള്ള സ്നേഹിതന്മാർ ഉണ്ടായിരുന്നു. അവർ ഏതുരാത്രിയിലും

malankaralibrary.com

എന്നെ വീട്ടിൽ കൊണ്ടാക്കുകയും ഞങ്ങൾ ഒന്നിച്ച് പ്രാർത്ഥിച്ച് ഭക്ഷണം കഴിക്കയും ചെയ്തിരുന്നു.

അക്കാലത്ത് സിമൻറ് റേഷൻ ആയിരുന്നു. ആയതിനും വളരെ വിഷമിക്കയും ബുദ്ധിമുട്ടുകയും ചെയ്തു. എങ്കിലും ദൈവകൃപയാലും പ: പൗലോസ് ശ്ലീഹായുടെ മദ്ധ്യസ്ഥതയാലും എല്ലാം സാദ്ധ്യപ്രായമായിരുന്നു. പള്ളി പൊളിച്ചശേഷം അതിൻെറ ഉരുപ്പടികൾ കൊണ്ട് വടക്കുവശത്ത് ഒരു കെട്ടിടം പണിത് ആരാധന നടന്നുവരവെ 1955-ലെ പരി: ദൈവമാതാവിൻെറ ജനനപ്പെരുനാൾ ആചരിക്കുന്ന എട്ടുനോമ്പിൻെറ 5-ാംദിവസം സന്ധ്യാ നമസ്ക്കാരമദ്ധ്യേ പരി: അമ്മ അവിടുത്തെ മകനോടുകൂടി മദ്ബഹായിലെ ഭിത്തിയിൽ പ്രത്യക്ഷപ്പെട്ടു. ഈ വാർത്ത കാട്ടുതീപോലെ പരസ്യമായി. എതിർകക്ഷികളായ പ്രമുഖൻമാർ ഒത്തുചേർന്ന് പിറേറദിവസം സന്ധ്യാനമസ്ക്കാരത്തിനു മുമ്പ് ഒത്തുചേർന്ന് പള്ളിയിൽ വന്നു. പതിവുപോലെ സന്ധ്യാനമസ്ക്കാരം ആരംഭിച്ചു. 6-ാംദിവസമായ അന്ന് തലേദിവസം പരി: അമ്മ പ്രത്യക്ഷപ്പെട്ടു. എതിരാളികൾ കണ്ടു വിശ്വസിച്ചു. അവർ എല്ലാദിവസവും പള്ളിയാരാധനയ്ക്കു സംബന്ധിച്ചതിനു പുറമെ എല്ലാവർഷവും എട്ടുനോമ്പിന് വന്ന് ഉപവസിച്ചിരുന്നു. ഈ അത്ഭുതസംഭവം കണ്ടവരിൽ പലരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഇടയ്ക്ക് ഒരുകാര്യം ഓർപ്പിക്കുന്നു. ആ കാലത്ത് പത്തനംതിട്ട മുതൽ പുനലൂർവരെയുള്ള സ്ഥലങ്ങളിൽ പല പള്ളികൾ ഉണ്ടെങ്കിലും മനോഹരമായ ഒരു സ്ഥലത്ത് ആരേയും ആകർഷിക്കത്തക്ക പള്ളിയും കുരിശുപള്ളിയും ഇതുതന്നെയെന്ന് അഭിമാനപൂർവ്വം പറയാം.

1958 ഡിസംബർ 16-ാംതീയതി രാത്രി കോട്ടയം പഴയ സെമിനാരിയിൽ വെച്ച് സഭാപിതാക്കന്മാർ കൂടി സഭയിൽ സമാധാനം ഉണ്ടാക്കുകയും അത്എന്നെ പഠിപ്പിച്ചതിനുംപഠിച്ചതിനും എതിരാണന്ന് എനിക്കും ഇടവകക്കാർക്കും നല്ല ബോദ്ധ്യമായിരുന്നു. സത്യവിശ്വാസപിൻതുടർച്ചനിലനില്ക്കണമെന്നാഗ്രഹിച്ച് ഇടവകയിലുള്ളഒരാൾക്ക്പട്ടംകൊ

malankaralibrary.com

ടുക്കണമെന്നുള്ള ഇടവകക്കാർക്കുള്ള നിർബന്ധമായ ആവശ്യത്തെ പരിഗണിച്ച് ഇടവകപൊതുയോഗംകൂടി അക്കാര്യം ആലോചിക്കാൻ തീരുമാനിച്ചു. അക്കാലത്ത് ഈ ഇടവകയിൽ അതിനു യോഗ്യരായ ഒരാളെ കിട്ടാതെ വന്നതിനാൽ അവർ ഏവരുടേയും നിർബന്ധത്താലും സ്നേഹത്താലും എന്റെ മകൻ ജോഷ്വായെ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കയും 1959 ആഗസ്ററ് 11-ാംതീയതി അന്ത്യോഖ്യാ സിംഹാസന പ്രതിനിധി നി. വ. ദി. ശ്രീ ഏലിയാസ് മാർ യൂലിയോസ് ബാവാതിരുമനസ്സുകൊണ്ട് കോദൂയൊ പട്ടം നല്കി ആശീർവദിച്ചു. മാടപ്പാട്ട് ബ: യാക്കോബ് റമ്പാച്ചനും ബാവായുടെകൂടെ ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ 1960-ൽ ഇടവക മെത്രാപ്പോലീത്താ പൗലോസ് മാർ പീലക്സീനോസ് തിരുമേനി പള്ളിയിൽ എഴുന്നെള്ളുകയും അദ്ദേഹത്തിന്റെ മഹനീയ അദ്ധ്യക്ഷതയിൽ എന്റെ പൗരോഹിത്യജൂബിലി ആഘോഷിക്കയും ഇടവകക്കാരുടെ വകയായ മംഗളപത്രവും പാരിതോഷികങ്ങളും നൽകയും ചെയ്തു. കൂടാതെ കാലംചെയ്ത മീഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടേയും എന്റേയും ഛായാചിത്രങ്ങൾ അനാച്ഛാദനംചെയ്തു.

'59 ആഗസ്റ്റ് 5-ാംതീയതി ഓർത്തഡോക്സ് സഭ കൊല്ലം ഭദ്രാസനാധിപൻ എന്റെപേർക്ക് രജിസ്റ്റർമൂലം ഒരു കല്പന അയച്ചു. ആയതിന് ഇടവക കമ്മററികൂടി മറുപടികൊടുത്തു. ആ കല്പന അന്യത്ര ചേർത്തിട്ടുണ്ട്. ഈ കാലയളവിൽ യോജിച്ചവർ വീണ്ടും ഭിന്നിക്കയും '62-ൽ വീണ്ടും രമ്യതയിലുമായപ്പോൾ '62- സെപ്ററംബർ 25-ാംതീയതി അഭിവന്ദ്യ മാർ പീലക്സീനോസ് തിരുമനസ്സിലെ സ്വന്തകൈപ്പടയിൽ ഒരെഴുത്തുകിട്ടി. അന്യത്ര ചേർത്തിട്ടുണ്ട്. ഇടവകാംഗങ്ങളെ വിളിച്ചുകൂട്ടി പിതാവിന്റെ എഴുത്തു വായിച്ചുകേൾപ്പിച്ചു. അവർ അതേപ്പററി ചിന്തിച്ചിരുന്നപ്പോൾ ഞാൻ കത്തോലിക്കാ സഭയിലേക്ക് പോകാൻ തീർച്ചപ്പെടുത്തിയെന്നും ഇപ്പോഴത്തെ യോജിപ്പിൽ നിന്നാൽ എന്നെ മറുഭാഗം പാഠംപഠിപ്പിക്കുവാൻ തയ്യാറെടുത്തിരിക്കയാണെന്നും പറഞ്ഞപ്പോൾ എന്റെ

malankaralibrary.com

സ്നേഹമേറിയ ഇടവകക്കാർ ഒത്തുചേർന്ന് ഞങ്ങളും അച്ചൻെറകൂടെതന്നെ എന്നു പറഞ്ഞു. ഞങ്ങളുടെ ഏക അഭിപ്രായപ്രകാരം തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമേനിയെ കണ്ടു വിവരം അറിയിക്കാൻ, ശ്രീനിലയം വീട്ടിൽ പരേതനായ കമ്പോണ്ടർ കൊച്ചുമത്തായിയേയും എൻെറ അനുജൻ കുഞ്ഞപ്പിയേയും അയച്ചു. അവർ തിരുമേനിയെ കണ്ടു സംസാരിക്കയും എന്നെ നേരിൽ കാണണമെന്ന് കല്പിക്കയും ചെയ്തു. അവരിൽനിന്നും വിവരം അറിഞ്ഞതനുസരിച്ച് പള്ളികമ്മററി വിളിച്ചുകൂട്ടി വിവരം അറിയിച്ചു. കമ്മററിക്കാരായ അഞ്ചുപേരും ഞാനും കൂടെ തിരുവനന്തപുരത്തുചെന്ന് അഭിവന്ദ്യ ആർച്ചുബിഷപ്പിനെ (ബൻഡിക്ട് മാർ ഗ്രിഗോറിയോസ്) കണ്ടു കൈമുത്തി സംസാരിച്ചു. ഞങ്ങളുടെ ആഗ്രഹം സന്തോഷത്തോടെ സ്വീകരിച്ച് പുനരൈക്യതീയതിയും സമയവും തീർച്ചപ്പെടുത്തി രാത്രിതന്നെ തിരിച്ചുപോന്നു. പിറേറദിവസം ഇടവകാംഗങ്ങളെ എല്ലാം ആളവിട്ട് എൻെറ വീട്ടിലേക്ക് വിളിപ്പിച്ചു. എല്ലാവരും കൂടിയപ്പോൾ ഞാൻ കത്തോലിക്കാസഭയിലേക്ക് പോകാൻ തീരുമാനിച്ച വിവരം അവരെ അറിയിക്കയും നാം ഒരുമിച്ച് കഷ്ടപ്പെട്ട പള്ളിയുടെ താക്കോൽ ഇതാ. നിങ്ങൾ ഇതെടുത്ത് നിങ്ങളുടെ ആഗ്രഹപ്രകാരമുള്ള പട്ടക്കാരെക്കൊണ്ട് നിങ്ങളുടെ കർമ്മാദികൾ നടത്തുന്നതിന് എനിക്കു പൂർണ്ണസമ്മതമാണെന്ന് അറിയിക്കയും ചെയ്തു. കാരണം എൻെറ വിശ്വാസം 1958 ഡിസംബർ 16-ാംതീയതി രാത്രിയിലെ സമാധാനം, യൂദായേശുതമ്പുരാനെ ഒററിക്കൊടുത്തതിൻെറ മാതൃക ആണന്ന് എനിക്കു തോന്നുന്നു. അതും രാത്രിയിൽതന്നെ. ഇടവക രജിസ്റ്ററിൽ 119 വീട്ടുകാരുള്ളതിൽ 102 വീട്ടുകാർ എൻെറ ഭവനത്തിൽ വന്നിരുന്നു. അവർക്കാർക്കും പള്ളിയോ പള്ളിയുടെ താക്കോലെ വേണ്ടാ. എടുത്തുമില്ല. അവരിൽ 93 വീട്ടുകാർ എൻെറകൂടെ തന്നെ കത്തോലിക്കാ സഭയിൽ ചേരാൻ തീർച്ചപ്പെടുത്തി. ബാക്കിയുണ്ടായിരുന്നവർക്ക് വിരോധം ഇല്ല, സങ്കടമേയുള്ളു എന്നു പറഞ്ഞ് ചില സാങ്കേതികതടസ്സങ്ങൾ ഉന്നയിക്കയും ഒരിക്കലും അച്ചനോട് എതിരില്ലായെന്ന് പറയുകയും ചെയ്തു. ഞാനും ഇട

malankaralibrary.com

വകക്കാരും തമ്മിൽ 29 വർഷത്തിലെ ഇടപഴകിലും സ്നേഹത്തിൻേറയും ത്യാഗത്തിൻേറയും ഫലമാണെന്നു മററുള്ളവർ ചിന്തിച്ചാൽ മനസ്സിലാകും.

ഞങ്ങളുടെ ഏക അഭിപ്രായപ്രകാരം 1962 ഒക്ടോബർ 3-ാംതീയതി ഞാൻ തിരുവനന്തപുരത്തുചെന്ന് പിറേറ ദിവസം 4-ാംതീയതി വ്യാഴാഴ്ച രണ്ടുമണിയോടുകൂടെ അഭിവന്ദ്യപിതാവും ഇപ്പോഠം വകയാർ സെൻറ് മേരീസ് കത്തോലിക്കാ പള്ളിവികാരി ബ: ദാനിയേൽ വടക്കേക്കര അച്ചനുംകൂടി വരുമ്പോഠം എൻെറ വാസസ്ഥലത്തിനു സമീപമുള്ള കാവിൻെറ അടുത്തുനിൽക്കുന്ന ആഠംകൂട്ടത്തെ കണ്ട് അഭിവന്ദ്യ പിതാവ് എന്താകും അച്ചാ എന്ന് കല്പിച്ചുചോദിച്ചു. ഒന്നും ഭയപ്പെടാനില്ലെന്ന് ഞാൻ പറഞ്ഞതിന് സാക്ഷി ബ: ദാനിയേൽ വടക്കേക്കര അച്ചൻതന്നെയാണ്. റോഡരുകിൽ സ്നേഹമേറിയ ഇടവകാംഗങ്ങഠം കുരിശ്, മേക്കട്ടി, മുത്തുക്കുട മുതലായവയോടുകൂടി ''തോബഗ്പശ്പ്പോ റോയൊ ശാറീറോ''എന്ന സുറിയാനിഗീതം ചൊല്ലി എതിരേററ് എൻെറ വീട്ടുമുററത്ത് സജ്ജമാക്കിയിരുന്ന പന്തലിലേക്ക് ആനയിച്ചു. രണ്ടുമണിക്കൂർ ദീർഘമായ പ്രസംഗത്തിൽ മദ്ധ്യേ പ്രസ്താവിച്ചത് കത്തോലിക്കാ സഭാപുനരൈക്യത്തിൽ ചരിത്രം സൃഷ്ടിച്ചത് ഞാനാണെന്നും ഇതുവരെ ഇത്ര ഏറെയാളുകഠം ഒന്നിച്ച് ചേർന്നിട്ടില്ലെന്നുമാണ്. 93 കുടുംബങ്ങളിൽനിന്ന് കുടുംബസമേതം 453 അംഗങ്ങഠം പുനരൈക്യപ്പെട്ടു. ബ: അയിരുക്കുഴി തോമസ് അച്ചൻ, ബ: സിറിയക് മണവാളനച്ചൻ എന്നിവരും സംബന്ധിച്ചിരുന്നു. ഓർത്തഡോക്സ്, മാർത്തോമ്മാ സഭയിലെ ആളുകളും വകയാർ ഈട്ടിമൂട്ടിൽ ബ: ശമുവേൽ അച്ചനും നാനാജാതിമതസ്ഥരും കാഴ്ചക്കാരായി ഉണ്ടായിരുന്നു.

അതിനുശേഷം എൻെറ പറമ്പിൽ ചാപ്പൽ സ്ഥാപിച്ച് കർമ്മാദികഠം നടത്തിവരവേ ആ ചാപ്പലിന് ആരോ തീവച്ചു. പിന്നീട് അവിടെ പുതിയ കെട്ടിടംവെച്ച് '75 വരെ ആരാധന നടത്തി. ഇതിനിടെ '69-ൽ ബ: അയിരുക്കുഴി തോമസ് അച്ചൻ കബറടങ്ങി. പിന്നീട് ഇടത്തറ

malankaralibrary.com

പള്ളിഭരണവും എന്നെ ഏല്പിച്ചു. എൻെറ ഇടവകാംഗങ്ങളെ അവരുടെ സൗകര്യാർത്ഥം 25 വീട്ടുകാരെ മുറിഞ്ഞകൽ കത്തോലിക്കാ പള്ളിയിലേക്കും 25 വീട്ടുകാരെ നെടുമൺകാവുപള്ളിയിലേക്കും 40 വീട്ടുകാരെ കൂടൽ കത്തോലിക്കാ പള്ളിയിലേക്കും കല്പനപ്രകാരം മാററി പിന്നീട് ചാപ്പൽ കെട്ടിടം പൊളിച്ച് ബ: കോശി ചക്കാലമണ്ണിൽ അച്ചൻ മുതുപേഴുങ്കൽ കൊണ്ടുപോയി അവിടെ പള്ളി വെച്ചു. അങ്ങനെ ഇടത്തറപ്പള്ളി ഭരണത്തിനിടെ അസുഖം മൂലം 1980 ജനുവരി ഒന്നുമുതൽ പെൻഷൻ പററി. വീട്ടിൽ ആരാധനനടത്താൻ അനുവദിച്ചു. ഇടവകഭരണത്തിൽനിന്നും മാററിയെങ്കിലും അതാതുകാലത്ത് വരുന്ന വികാരിമാരെ സഹായിക്കണമെന്നുള്ള കല്പനമൂലം, കൂടൽ, മുറിഞ്ഞകൽ, നെടുമൺകാവ്, അതിരുങ്കൽ എന്നീ പള്ളികളിൽ ആരാധന നടത്തിവന്നു. പരേതനായ ബ: ലൂക്കോസ് മാക്കിൽ അച്ചനേയും ബ: യൗസേഫ് വടക്കേക്കൂററ് അച്ചനേയും ബ: ഇടിക്കുള പാണ്ടിയേത്ത് അച്ചനേയും ബ: മാത്യു വാഴപ്പിള്ളേത്ത് അച്ചനേയും സഹായിച്ചിരുന്നു. പിന്നീട് 1988 ഡിസംബർ 18-ാം തീയതി സ്വമനസ്സാലെ സഹായഭരണത്തിൽനിന്ന് പിൻമാറി സ്വവസതിയിൽ താമസിച്ചുവരുന്നു.

'62-ൽ എൻെറകൂടെ തിരുവനന്തപുരത്ത് വന്ന പള്ളി കമ്മററികൾ. പരേതരായ ഇളങ്ങാട്ട് യോഹന്നാച്ചൻ, കരിമരുത്തിനാൽ ഐപ്പ് മത്തായി, പടേനിക്കൽ മാത്തൻ മത്തായി, വട്ടത്തകിടിയിൽ യോഹന്നാൻ, നെടുമൺകാവ് പേരാനിപ്പുറത്ത് പുത്തൻവീട്ടിൽ വറുഗീസ് കുഞ്ഞുകുഞ്ഞ്. അക്കൂട്ടത്തിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന എൻെറ അനുജൻ ബർസോമാ (കുഞ്ഞപ്പി) എന്നിവരാണ്.

### അടുത്തത് അനുഭവങ്ങൾ

'62 ഒക്ടോബർ 4-ാംതീയതി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട ദിവസം രാത്രിയിൽ തന്നെ എൻെറ ഇടവകാംഗവും എന്നെ കൂടുതലായി സ്നേഹിച്ചിരുന്നു എന്ന് ഞാൻ വിശ്വസിച്ചു പെരുമാറിയ ഒരു വ്യക്തി—

malankaralibrary.com

യാനും ഞാനുംകൂടിയുള്ള സ്നേഹം എനിക്കു അപകടമാണെന്ന് എന്റെ സഹോദരങ്ങളും ചില ഇടവകാംഗങ്ങളും മുൻകൂട്ടി—അതായത് കുരിശുപള്ളി പണിക്കാലത്തുതന്നെ എന്നെ ഓർമ്മിപ്പിച്ചിരുന്നെങ്കിലും ആയത് മറന്ന് ടിയാന്റെ മാതാപിതാക്കളും സഹോദരങ്ങളും പിണങ്ങിയ കാലത്ത് ഞാൻ അയാംക്ക് അഭയസ്ഥാനമായിരുന്നു. ആടിന്റെ വേഷംധരിച്ച ചെന്നായ് ആണെന്ന് പിന്നീടുള്ള അനുഭവത്തിൽനിന്ന് മനസ്സിലായി. ടിയാൻ കൊട്ടാരക്കര ചെന്ന് മാർ കൂറീലോസ് തിരുമേനിയെ കാണുകയും പിറേറദിവസം ഞങ്ങളെ 9 പേരെ പ്രതിയാക്കി അടൂർ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ മുമ്പാകെ കേസ്സു കൊടുത്തു. 6-ാംതീയതി ഞങ്ങളെ അടൂർ D.Y.S.P. അറസ്റ്റു ചെയ്തു.

കേസ്സിലെ പ്രതികാം 1. ഞാൻ, 2. എന്റെ മകൻ ശെമ്മാശൻ, 3. എന്റെ അനുജൻ കുഞ്ഞപ്പി, 4. പടേനിക്കൽ മത്തായി, 5. ഇളങ്ങാട്ടു് പൗലോസ് യോഹന്നാൻ, 6. കരികരുത്തിനാൽ ഐയ്പ് മത്തായി, 7. വട്ടത്തകിയിൽ വറുഗീസ് യോഹന്നാൻ, 8. നെടുമൺകാവിൽ മങ്ങാട്ടേത്ത് കുഞ്ഞുകുഞ്ഞ്, 9. മുറിഞ്ഞകൽ കുട്ടമ്പേരൂർ ഉണ്ണൂണ്ണി. അന്യായപ്രകാരം പള്ളിയും മററും റസീവർ ഭരണത്തിലായി. തുടർന്നുനടന്ന കേസ്സിൽ അടൂർകോടതി എനിക്കനുകൂലമായി വിധി പ്രഖ്യാപിച്ചു. റസീവറിൽനിന്ന് വിടുർത്തിത്തന്നു. തുടർന്ന് കൊട്ടാരക്കര കോടതിയിൽ ഇഞ്ചക്ഷൻ ഉണ്ടാകയും കൊട്ടാരക്കര, കൊല്ലം, പത്തനംതിട്ട, എറണാകുളം എന്നീ കോടതികളിൽ കേസ്സ് നടക്കുകയും ഹൈക്കോടതിയുടെ വിധിയിൽ എനിക്കു ദോഷമായ തീരുമാനം ഉണ്ടാകയും പള്ളിയും മററും എതിർ കക്ഷികാം കൈവശപ്പെടുത്തുകയും ചെയ്തു. സെൻറ് പോാസ് യാക്കോബായ സുറിയാനിപ്പള്ളിയെന്ന് കൊത്തിവെച്ചിരുന്നതു മാററി ഓർത്തഡോക്സ് എന്നാക്കിയതു കൂടാതെ എന്റെ രജതജൂബിലി പ്രമാണിച്ച് പള്ളിക്കകത്ത് അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത അനാച്ഛാദനം ചെയ്ത മുൻ ഇടവകമെത്രാപ്പോലീത്താ മിഖായേൽ മാർ ദിവന്നാസ്യോസ്

malankaralibrary.com

തിരുമേനിയുടേയും എന്റേയും ചിത്രങ്ങൾ മാററി, ടിയാന്റെ ഭാര്യയുടെ പേരിൽ സ്ഥലം വാങ്ങിച്ച് സ്ഥാപിച്ച ചിന്നമ്മപ്പള്ളി എന്നപേരിൽ അറിയപ്പെടുന്ന ചാപ്പൽ കൂടൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിക്ക് വില കൊടുത്തതിനു പുറമേ കേസ്സിന്റെ ആവശ്യമാണെന്നു പറഞ്ഞ് പള്ളികളിൽനിന്നും വ്യക്തികളിൽനിന്നും നടത്തിയ പിരിവും മാർ കൂറിലോസ് തിരുമേനിയിൽ നിന്നും ലഭിച്ചതുമായ തുകമുടക്കി ഒരു മകളുടെ വിവാഹം നടന്നു. ഒടുവിൽ മക്കളാൽ വെറുക്കപ്പെട്ട് കഠിനമായ വ്യഥയിലും മഹാരോഗത്താലും അന്ത്യംസംഭവിച്ചു.

'62-ലെ പുനരൈക്യത്തിനുശേഷം ചാപ്പൽ സ്ഥാപിച്ച് കർമ്മാദികൾ നടത്തിവന്നെങ്കിലും ശവക്കോട്ട ഇല്ലായ്കയാൽ ശവമടക്ക് കത്തോലിക്കാപള്ളിയിലും കോടതിയിൽനിന്ന് അനുവാദം വാങ്ങിച്ച് കൂടൽ സെന്റ് പോൾസ് യാക്കോബായപള്ളി ശവക്കോട്ടയിലും നടത്തിവന്നു. എനിക്ക് ആറ് മക്കൾ. നാലുപെണ്ണും രണ്ട് ആണും. അതിൽ മൂത്തമകൾ റോസമ്മയെ കൈപ്പട്ടൂർ പള്ളിക്കൽ സാറിന്റെ മകൻ മദ്രാസിൽ ജോലിയിലായിരുന്ന ജോർജ്ജിനെക്കൊണ്ട് 1126-ൽ വിവാഹം കഴിപ്പിച്ചിരുന്നു. അവർക്ക് നാലുമക്കൾ. രണ്ടാണും രണ്ടു പെണ്ണും. അവരുടെ മക്കളുടെ വിവാഹം കഴിഞ്ഞ് ജോലിസ്ഥലത്താണ്. മാതാപിതാക്കൾ രണ്ടുപേരും ഇപ്പോൾ തിരുവനന്തപുരത്ത് താമസിക്കുന്നു. രണ്ടാമത്തെമകൾ ഗ്രേസിയെ റീത്തിൽചേർന്ന ശേഷം 1963-ൽ ആലപ്പുഴ തിരുവല്ലാ വീട്ടിൽ ഡോക്ടറുടെ മകൻ മദ്രാസിൽ ജോലിയുള്ള തോമസ്സിനെകൊണ്ട് വിവാഹം നടത്തി. അവർമദ്രാസിൽ മേട്ടുകമ്പം എന്ന സ്ഥലത്ത് സ്ഥിരതാമസമാണ്. അവർക്ക് നാലുപെൺമക്കൾ. മൂന്നുപേരുടെ വിവാഹം കഴിഞ്ഞു. എല്ലാവരും ഓരോ ജോലിയിലുമാണ്. 1963 സെപ്ററംബർ 19-ാംതീയതി നാലുമണിക്കുശേഷം ഞാൻ കൈപ്പട്ടൂർ പോയിരുന്ന സമയത്ത് 6 മണിയോടുകൂടെ എന്റെ ഭാര്യ ശോശാമ്മയ്ക്ക് ഹൃദയസംബന്ധമായ അസുഖമുണ്ടാകയും പെട്ടെന്ന് പുത്തനാപുരത്ത് മി: ജോൺ ഡോക്ടറുടെ ആശുപത്രി

malankaralibrary.com

യിൽ എത്തിച്ചു. അല്പസമയത്തിനുള്ളിൽ ഞാനും അവിടെ എത്തി.

ഡോക്ടറുടെ അഭിപ്രായപ്രകാരം തിരുവനന്തപുരത്തേക്കു തിരിച്ചു. വഴിമദ്ധ്യേ അന്ത്യംസംഭവിച്ചു. അപ്പോൾ കാറിൽ എന്റെകൂടെ ഉണ്ടായിരുന്നവർ കമ്പോണ്ടർ, കൊച്ചുമത്തായി, ഇളങ്ങാട്ട് യോഹന്നാച്ചൻ, പുത്തൻപീടികയിൽ കൊച്ചുചെറുക്കൻ, എന്റെ ജേഷ്ഠന്റെ ഭാര്യ ശോശാമ്മയും ആയിരുന്നു. മൂത്തമകൻ തങ്കച്ചനും രണ്ടാമത്തെ മകൾ ത്രേസ്യാ മദ്രാസിലും ആയിരുന്നു. എല്ലാവരേയും ഉടനെ വിവരം അറിയിച്ചു. അഭിവന്ദ്യ ആർച്ചുബിഷപ്പ് തിരുമേനി രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ സംബന്ധിപ്പാൻ റോമിൽ ആയിരുന്നു. അദ്ദേഹത്തേയും വിവരം അറിയിച്ചു. അവിടെനിന്നും അയച്ച എഴുത്ത് അന്യത്ര ചേർത്തിരിക്കുന്നു. 20-ാംതീയതി കോടതിയുടെ അനുവാദം വാങ്ങിച്ച് കൂടൽ സെന്റ് പോൾസ് യാക്കോബായ പള്ളിയുടെ തെക്കേമുറ്റത്ത് കിഴക്ക് തെക്കെടുത്ത് കല്ലറകെട്ടി സംസ്ക്കരിച്ചു. സംസ്ക്കാരച്ചടങ്ങിൽ ചേപ്പാട്ട് വന്ദ്യ ദിവ്യശ്രീ പീലിപ്പോസ് റമ്പാച്ചന്റെയും 19 അച്ചന്മാരുടെയും വലിയൊരു പുരുഷാരത്തിന്റെയും സാന്നിദ്ധ്യത്തിൽ സംസ്ക്കാരശുശ്രൂഷകൾ നടന്നു.

എന്റെ തീരാദുഃഖത്തിൽ ഇടയായ വാർത്തകൾ എതിർകക്ഷികൾ പറഞ്ഞുപരത്തിയത് ഞാൻ റീത്തിൽ ചേർന്നതുകൊണ്ടാണന്ന്. അപ്പോൾ എന്റെ മനസ്സിൽ ചിന്തിച്ചത് മലങ്കര യാക്കോബായ സഭാസമാധാനത്തിന് അന്ത്യോഖ്യായിൽ നിന്നുവന്ന പാത്രിയർക്കീസ് ബാവാ മഞ്ഞിനിക്കരയിൽ വെച്ച് കാലംചെയ്തതും ഓർത്തഡോക്സു സഭയിലെ പ്രസിദ്ധനായ പുത്തൻകാവു തിരുമേനി ആലുവാ യാത്രമദ്ധ്യേ മൂവാററുപുഴവെച്ച് കാറിൽവെച്ചു കാലം ചെയ്തതും ഒക്കെയാണ്. അവരാരും റീത്തിൽ ചേർന്നിരുന്നില്ലല്ലൊ എന്നാണ്. മലങ്കര റീത്തിലെ വൈദികർ അവിവാഹിതരാണ്. അവരുടെ ഗണത്തിൽ എന്നേയും എണ്ണപ്പെടുവാൻ വേണ്ടിയാണ് എന്നുള്ള ആത്മധൈര്യം ദൈവം എനിക്കു നൽകി. അതേ വിശ്വാസത്തിൽ സന്തോഷവാനായി ദൈവസ്നേഹത്തിൽ ഉറച്ചുനിൽക്കുന്നു.

malankaralibrary.com

എന്റെ ഭാര്യയുടെ മരണശേഷം രണ്ട് പെൺമക്കളുടേയും രണ്ട് ആൺമക്കളുടേയും വിവാഹം നടത്തി. മൂത്ത മകൻ തങ്കച്ചന്റെ വിവാഹകൂദാശ ചാപ്പലിൽവെച്ച് ആർച്ചുബിഷപ്പ് തിരുമനസ്സുകൊണ്ട് ആശീർവ്വദിച്ചു. മൂന്നാമത്തെ മകൾ അന്നമ്മയെ അന്നേദിവസംതന്നെ തടിയൂർ വേങ്ങമൂട്ടിൽ പരേതനായ ജോർജ്ജിന്റെ മകൻ മാത്യുസിനെക്കൊണ്ട് വിവാഹം ചാപ്പലിൽവെച്ചു കഴിപ്പിച്ചു. നാലാമത്തെ മകൾ മണിയെ മുണ്ടക്കയത്ത് ഇഞ്ചാനിക്കൽ ഗണപതിപ്പാക്കൽ തോമസ്സിന്റെ മകൻ പൂനായിൽ ജോലിയുള്ള ജോസിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. അതിനുശേഷം ഇളയമകൻ അനിയൻകുഞ്ഞിനെ കുമ്പഴ ശങ്കരത്തിൽ യോഹന്നാൻ കോർ എപ്പിസ്കോപ്പായുടെ ജേഷ്ഠൻ ജോർജ്ജിന്റെ മകളും ശങ്കരത്തിൽ ജോൺ അച്ചന്റെ മൂത്തസഹോദരിയുമായ എൽസിക്കുട്ടിയെ ചാപ്പലിൽവെച്ചുതന്നെ വിവാഹം കഴിപ്പിച്ചു. ഇപ്പോൾ അവരുടെ ശുശ്രൂഷയിലും പ്രത്യേക അന്വേഷണത്തിലും കഴിയുന്നു.

മൂത്തമകൾ റോസമ്മ അടുത്തകാലംവരെ വകയാർ എന്ന സ്ഥലത്ത് താമസമായിരുന്നു. ആ സ്ഥലംവിററ് തിരുവനന്തപുരത്തേക്ക് താമസം മാററി. അവർക്ക് രണ്ടു പെൺമക്കളും രണ്ട് ആൺ മക്കളും. അവർ വിവാഹിതരായി ജോലിസംബന്ധിച്ച് പല രാജ്യങ്ങളിലാണ്.

രണ്ടാമത്തെ മകൾ ഗ്രേസിക്കുട്ടി ഭർത്താവിനോടൊപ്പം മദ്രാസിൽ സ്ഥിരതാമസമാണ്. അവർക്ക് നാലുപെൺമക്കൾ. മൂന്നുപേരുടെ വിവാഹം കഴിഞ്ഞ് ഭർത്താക്കന്മാരോടൊപ്പം ജോലിയിലാണ്. നാലാമത്തെ മകൾ വിദ്യാർത്ഥിനിയാണ്.

മൂന്നാമത്തെ മകൾ തടിയൂർ കോളഭാഗത്ത് കുടുംബസഹിതം താമസിക്കുന്നു. അവർക്ക് മൂന്നുമക്കൾ. രണ്ടാണും ഒരു പെണ്ണും. മൂത്തമകൻ പേർഷ്യയിലാണ്. മകൾ വിദ്യാർത്ഥിനിയുമാണ്.

നാലാമത്തെ മകൾ പൂനായിൽ ഭർത്താവിന്റെ ജോലിസ്ഥലത്ത് പ്ലാററുവാങ്ങി സ്ഥിരതാമസമാക്കിയിരിക്കുന്നു. അവർക്ക് ഒരാണും ഒരുപെണ്ണും. ഇരുവരും വിദ്യാർത്ഥികളാണ്.

malankaralibrary.com

മൂത്തമകൻ തങ്കച്ചൻ പൂനായിൽ പിമ്പിരി എന്ന സ്ഥലത്ത് പ്പാററുവാങ്ങി സ്ഥിരതാമസമാണ്. ഇവിടെയുള്ള പിതൃസ്വത്തിൽ പകുതിയും ആ സ്ഥലത്ത് ഞാൻ അവനുവേണ്ടി പണിയിച്ച വാർപ്പുകെട്ടിടവുംകൂടി വിററു. അങ്ങനെ പൂനായിൽ സ്ഥിരതാമസമാക്കി. അവന് ഒരാണും ഒരുപെണ്ണും ഉണ്ട്. രണ്ടുപേരും വിദ്യാർത്ഥികളാണ്.

ഇളയമകൻ അനിയൻ കുഞ്ഞ്—'58ലെ സമുദായ യോജിപ്പിനുശേഷം ഈ ഇടവകാംഗങ്ങൾക്ക് ആ യോജിപ്പ് തൃപ്തിയല്ലായ്കയാൽ ഈ ഇടവകയ്ക്ക് സ്ഥിരമായ അന്ത്യോഖ്യാ പട്ടത്വം നിലനിറുത്തണമെന്നുള്ള ഇടവകക്കാരുടെ ആഗ്രഹത്തിനും നിർബന്ധത്തിനും ഞാനും വഴങ്ങി. '59–ൽ അന്ത്യോഖ്യാ സിംഹാസനപ്രതിനിധിയായി മഞ്ഞിനിക്കര ദയറായിൽ താമസിച്ചുവന്ന അഭിവന്ദ്യ ഏലിയാസ് മാർ യൂലിയോസ് ബാവാ കൂടൽ സെൻറ് പോൾസ് യാക്കോബായ സുറിയാനിപ്പള്ളിയിൽവെച്ച് വൈദിക പദവിയിലേക്കുള്ള കോറൂയൊപട്ടം നൽകി. ബഹു. യാക്കോബ് റമ്പാച്ചൻെറയും എൻേറയും സഹകരണത്തിലും ഇടവകാംഗങ്ങളുടെ സഹകരണത്തിലും ആയിരുന്നു. ടിയാൻ പഠിത്വവും തുടർന്നുവരവെ യാക്കോബായസഭ യോജിച്ചും ഇടയ്ക്ക് ഭിന്നിച്ചും പിന്നീട് 62–ൽ വീണ്ടും യോജിക്കുന്നു എന്നറിഞ്ഞ് ഇടവകാംഗങ്ങളും ഞാനും ഒത്തുചേർന്ന് ചിന്തിച്ച് പൂർവ്വികസഭ—കർത്താവു സ്ഥാപിച്ച സഭ കത്തോലിക്കാസഭ എന്നുള്ള നിഗമനത്തിൽ വിശ്വസിച്ച് '62 ഒക്ടോബർ നാലാംതീയതി എൻെറ ഭവനാങ്കണത്തിൽ വെച്ച് ഇടവകാംഗങ്ങളായ 93 കുടുംബങ്ങളിൽ നിന്നും 453 പേരും ഞാനും തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സിലെ സന്നിധിയിൽ സത്യപ്രതിജ്ഞചെയ്ത് പുനരൈക്യപ്പെട്ടു. അതിനുശേഷം ടിയാനു ലഭിച്ച പട്ടത്വം തുടരുന്നതിന് പല പ്രതിബന്ധങ്ങളും ഉണ്ടായി. (1) 63–ൽ ഉണ്ടായ തൻെറ മാതാവിൻെറ മരണം. (2) വിവാഹപ്രായമായ രണ്ടു സഹോദരികളുടെ നില. അതിനുംപുറമെ എൻെറ പള്ളിയെ സംബന്ധിച്ചുള്ള കേസ്സുകൾ. എൻെറ

malankaralibrary.com

ധനസ്ഥിതിയെക്കുറിച്ചുള്ള ചിന്തകൾ. എൻെറ ഭാവിജീവിതം. ഇങ്ങനെയുള്ള ചിന്തകളിലായിരിക്കണം ടി സ്ഥാനം തുടരുന്നില്ല എന്നു തീരുമാനിച്ചത്. ഞാനും കൂടുതലൊന്നും നിർബന്ധിച്ചും ഇല്ല. ദൈവേഷ്ടം അതല്ലായിരിക്കും. ടിയാൻ '71-ൽ വിവാഹിതനായി. അനിയൻകുഞ്ഞിന് 3 മക്കൾ. രണ്ടുപെണ്ണും ഒരാണും. മൂത്തമകൾ ബിന്ദുമോളെ 1995 ജനുവരി 9-ാം തീയതി വിവാഹം കഴിപ്പിച്ചു. ബിനുമോൾ ബി-കോമിനും ബിനോയി, 9-ലുംപഠിക്കുന്നു.

1980 ജനുവരിമുതൽ ഇടവക ഭരണത്തിൽനിന്ന് അസുഖത്താലും എൻെറ അപേക്ഷയാലും അഭിവന്ദ്യ പിതാവ് വിടുർത്തി സ്വസ്ഥനായി അങ്ങനെ താമസിച്ചുവരവെ കൂടൽ മുതലായ പള്ളികളിലെ വികാരിമാരെ കഴിവതും സഹായിക്കണമെന്നുള്ള നിർബ്ബന്ധത്താൽ, കൂടൽ, നെടുമൺകാവ്, മുറിഞ്ഞകൽ, അതിരുങ്കൽ പള്ളികളിൽ സേവനം നടത്തിവന്നു. പരേതനായ ബ: ലൂക്കോസ് മാക്കിൽ അച്ചനേയും അതിനുശേഷം ബ: യൗസേഫ് വടക്കേക്കൂററ് അച്ചനേയും ബ: മാത്യൂസ് വാഴപ്പള്ളിയിലച്ചനേയും '88 ഡിസംബർവരെ സഹായിച്ചു. ഞായറാഴ്ച ദിവസം രണ്ടു പള്ളികളിൽ വി. കുർബ്ബാന അർപ്പിച്ചിരുന്നു. എന്നാൽ ഈ കാലയളവിൽ ചില കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ട്. അതിൽ ആർക്കുംതന്നെ തെററിദ്ധാരണയ്ക്ക് വകയില്ല.

'62-ൽ ഞാൻ കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ മുതൽ ഇന്നുവരെയുള്ള എൻെറ അനുഭവങ്ങൾ ദൈവകൃപയാൽ വളരെ മനഃസമാധാനമാണ്. അഭിവന്ദ്യ പിതാക്കൻമാരുടെയും പ്രത്യേകിച്ച് ബഥനി ആശ്രമത്തിലെ ബ: അച്ചൻമാർ, ബഥനിമഠം കന്യാസ്ത്രീകൾ ആയ സകലരുടേയും അതിരററ സ്നേഹത്തിനും, ബഹുമാനത്തിനും സഹായസഹകരണങ്ങളും പ്രത്യേകപ്രാർത്ഥനകളും എനിക്കുണ്ടായി. ആയതിന് നന്ദിപറയുകയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു. '86 മുതൽ കൂടൽ മുതലായ പള്ളികളിലെ വികാരി ബ: മാത്യു വാഴപ്പിള്ളേത്ത് അച്ചൻ

malankaralibrary.com

വന്നനാറം മുതൽ ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും എന്റെ വീട്ടിൽവന്ന് ആരോഗ്യം അന്വേഷിച്ചും അടുത്ത ഞായറാഴ്ചത്തെ പരിപാടി പറഞ്ഞ് ഏല്പിച്ചുമിരുന്നു. കൂടാതെ ബ: അച്ചൻമാരുടെ വിനോദയാത്രയ്ക്കു കൊണ്ടു പോകുക, ആ അവസരങ്ങളിൽ പ്രത്യേകം സൂക്ഷിക്കുക പതിവായിരുന്നു. രസകരമായ ഒരുകാര്യം വിനോദയാത്ര കഴിഞ്ഞ് തിരികെ വീട്ടിൽ എത്തുമ്പോറം എന്റെ ഷർട്ടിന്റെ പോക്കററ് അല്പംകൂടെ വീർത്തിരിക്കുക പുതിയ കമ്പിളി മുതലായവ ഉണ്ടായിരിക്കുക എന്തിന് അധികം പറയുന്നു. ബ: ജോഷ്വാ പീടികയിൽ അച്ചനും ബ: മാത്യു വാഴപ്പിള്ളേത്ത് അച്ചനും കളങ്കമററ് സ്നേഹിച്ചു. അവരുടെ സ്നേഹത്തിനും സഹായത്തിനും നന്ദി പറയാൻ എനിക്കു പ്രാപ്തിയില്ല. അതിലും ഉപരിയായി പറയാനുള്ളത് ബ: മാത്യു വാഴപ്പിള്ളേയത്ത് അച്ചൻ സുപ്രസിദ്ധ ആത്യാത്മിക പ്രാസംഗികനാണ്. അദ്ദേഹത്തെ പല പള്ളിക്കാരും കൺവെൻഷന് ക്ഷണിക്കും. ആവസരങ്ങളിൽ എന്നേയും കൂട്ടിക്കൊണ്ടുപോകും. പ്രസംഗിക്കാനല്ല, എന്റെ പഴയവേഷം കണ്ട് പലരും ഞാൻ യാക്കോബായ പുരോഹിതനായിരിക്കും എന്നുള്ള ധാരണ മാററാൻ.

ബ: അച്ചൻ ആദ്യമായി എന്നെ ജനങ്ങറംക്ക് പരിചയപ്പെടുത്തുക. അവസാനം 5 മിനിട്ട് സംസാരിച്ച് ആശീർവാദം ഇങ്ങനെ പതിവായിരുന്നു. ആയത് പ്രത്യേക സ്നേഹവാത്സല്യവും സന്തോഷവുമായിരുന്നു. അതു മൂലം പല ഇടവകാംഗങ്ങറംക്കും ഞാൻ ബഹുമാനിതനും പരിചയക്കാരനുമായി. ബ: അച്ചനോടുള്ള എന്റെ കടപ്പാട് ഒരിക്കലും മറക്കാൻ സാധിക്കയില്ല. ഇതിനുംപുറമേ എന്റെ മക്കളേയും കൊച്ചുമക്കളേയും കൂടുതലായി സ്നേഹിച്ചും പല സഹായങ്ങറം നല്കിയുമിരുന്നു. '91 മെയ് മാസത്തിൽ എനിക്ക് ഒരസുഖം ഉണ്ടാകയും ബ: അച്ചൻ എന്നെ കാണാൻ വന്നപ്പോറം തൈലാഭിഷേകം തരണമെന്ന് ഞാൻ ആവശ്യപ്പെട്ടു. വരട്ടേ എന്ന് ആ വന്ദ്യപുരോഹിതൻ പറഞ്ഞു. വീണ്ടും നിർബ്ബന്ധിച്ചു. അദ്ദേഹം വടശേരിക്കര പള്ളിയിൽ ചെന്ന് വന്ദ്യ ദിവ്യശ്രീ ജോഷ്വാ പീടികയിൽ അച്ചനെ കൊണ്ടുവന്നു. 1991 മെയ്മാസം 31-ാം

malankaralibrary.com

തീയതി വെള്ളിയാഴ്ച 5 മണിയോടുകൂടെ ബ: അച്ചന്റെ സഹകരണത്തിൽ എന്റെ ആഗ്രഹം നിറവേററിതന്നു. അങ്ങനെ കത്തോലിക്കാസഭയിൽ ഏഴുകൂദാശയും ലഭിച്ചു. '93 ജനുവരിയിൽ ബ: അച്ചൻമാരുടെ വിനോദയാത്രയിൽ തേക്കടി, കൊടൈക്കനാൽ എന്നിടത്തും എന്നെ കൂട്ടികൊണ്ടുപോയി. അവർ ഏവരുടേയും വിലയേറിയ പ്രാർത്ഥന മൂലം ദൈവകൃപയാൽ ഞാൻ ആരോഗ്യവാനായിരിക്കുന്നു. ദൈവത്തിനു സ്തുതി. ബ: അച്ചനെ കൂടൽപള്ളിയിൽനിന്നും വയലത്തല പള്ളിയിലേക്കും അവിടെനിന്നും ഇലന്തൂർ പള്ളിയിലേക്കും സ്ഥലംമാററി. ഇപ്പോൾ ഇലന്തൂർ പള്ളിയിലാണ് കൂടെക്കൂടെ ഇവിടെനിന്നും ഞാൻ അങ്ങോട്ട് പോയിയും പരസ്പരം ക്രിസ്തീയസ്നേഹം പകരുന്നു.

ദൈവത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ.

## അഭിവന്ദ്യ മിഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കല്പന

No. 641
ദൈവകാരുണ്യത്താൽ

മുദ്ര

കൊല്ലം, തുമ്പമൺ മുതലായ ഇടവകകളുടെ ദിയൊന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ കൂടലിൽ പള്ളിയിൽ വികാരിയും ദേശത്ത് പട്ടക്കാരും പള്ളി കൈക്കാർക്കും ശേഷം ജനങ്ങളും കൂടി കണ്ടെത്താൻ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ, ആ ഇടവകയിൽ ചുമുട്ടിവെട്ടത്ത് പുത്തൻ വീട്ടിൽ ശീവറുഗീസ് ശെമ്മാശ്ശന് നിങ്ങളുടെ അപേക്ഷ പ്രകാരം കായംകുളം കാദീശാപള്ളിയിൽ വെച്ച് ഈ മാസം 11-ാം തീയതി ഞായറാഴ്ച നാം കത്തനാരപ്പട്ടം കൊടുത്ത് നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കുന്നു. വി. സഭയുടെ അനുസരണമുള്ള മക്കളെപ്പോലെ അയാളെ നിങ്ങൾ സന്തോ

malankaralibrary.com

ഷത്തോടുകൂടി കൈക്കൊള്ളുകയും എല്ലാവിധത്തിലും സഹായിക്കയും ചെയ്യണം. അയാളെ കൈക്കൊള്ളുന്നവൻ നമ്മെ കൈക്കൊള്ളുന്നു എന്നും ഉള്ള നമ്മുടെ കർത്താവിന്റെ തിരുവചനത്തെ നിങ്ങൾ ഓർത്തുകൊള്ളുകയും വേണം. നമ്മുടെ കശ്ശീശ്ശാ ദൈവാശ്രയത്തോടും സത്യക്രിസ്തീയസ്നേഹത്തോടും പരിപൂർണ്ണ അനുസരണത്തോടും ത്യാഗത്തോടുംകൂടി നിങ്ങളുടെ ആത്മീയ ദിഷ്ഠതികളെ മുടക്കംകൂടാതെ നടത്തിതരുവാനും നിങ്ങളേവരും അപ്രകാരംതന്നെ മിശിഹായിൽ അയാളെ കീഴ്വഴങ്ങിയും സ്നേഹിച്ചും നല്ലകാര്യങ്ങളിൽ സഹായിച്ചും സത്യവിശ്വാസത്തിൽ ഉറച്ച് ദൈവത്തിരുനാമം മഹത്വപ്പെട്ടുകാണാൻ നാം ആഗ്രഹിക്കുന്നു. ശേഷം കാര്യങ്ങൾ പിന്നാലെ നാം ക്രമപ്പെടുത്തിക്കൊള്ളുന്നതുമാണ്. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിലെല്ലവരിലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയത് ദൈവമാതാവിന്റെയും വി: പൗലോസ് ശ്ലീഹായുടേയും മററുള്ള എല്ലാ വിശുദ്ധൻമാരുടേയും മദ്ധ്യസ്ഥപ്രാർത്ഥനയാൽ തന്നെ.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ...

ഒപ്പ്.

മാർ ഗർബവീൽ ദയറാം

1935ന് 1110 മീനം 20-ാംനു

*N. B.* ഇതിന്റെ അസ്സൽ കോപ്പി ഇപ്പോഴും എന്റെ കൈവശമുണ്ട്.

malankaralibrary.com

### വകയാർ "സ്വർഗ്ഗത്ത" പള്ളിക്ക്

## അഭിവന്ദ്യ പിതാവിൻെറ കല്പന

No. 1050

ദൈവകൃപയാൽ കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ ദിയോന്ന്യോസ് മീഖായേൽ മെത്രാപ്പോലീത്തായിൽനിന്നും

മുദ്ര

നമ്മുടെ പുത്തൻവീട്ടിൽ ഗീവറുഗീസ് കത്തനാർക്ക് വാഴ്വ്.

തൻെറ വക വാലുതുണ്ടിൽ ഗീവറുഗീസ് ചാക്കോയുടേയും മേലെ പുത്തൻപറമ്പിൽ കോശി മത്തായിയുടേയും പേരിലുള്ള സ്ഥലം പത്തനംതിട്ട അഡീഷണൽ രജിസ്ട്രാറാഫീസിൽ വെച്ച് താൻ തീറുവാങ്ങി കൈവശംവെച്ച് കരംതീർത്ത് സർവ്വസ്വാതന്ത്ര്യമായി അനുഭവിച്ചുവരുന്ന വകയാർ എന്ന സ്ഥലത്ത് സർവ്വേ $\frac{525}{472}$-ാം നമ്പരിൽ 67 സെൻറും അതിനു കിഴക്കുവശം ടി എലുകയിൽ ടി ഇനം സർവ്വേ $\frac{525}{472}$-ാം നമ്പരിൽ 27 സെൻറും ഉൾപ്പെടെ 94 സെൻറുള്ള സ്ഥലത്തിൽ പടിഞ്ഞാറു തെക്കടുത്ത് 10 സെൻറ് മുട്ടത്ത് വടക്കേതിൽ ശങ്കരന് തീറുപോയിട്ടുള്ളതു ബാക്കി 84 സെൻറുള്ള സ്ഥലത്തിൽ വച്ചിട്ടുള്ള ചാപ്പൽ കെട്ടിടത്തിൽ ദൈവാരാധന നടത്തിക്കൊള്ളുന്നതിന് ഈ സാധനം മൂലം നാം അനുവദിച്ചുകൊള്ളുന്നു. വിശുദ്ധ ഗീവറുഗീസ് സഹദാ ചാപ്പൽ എന്ന് അറിയപ്പെടുകയും വേണം.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളിലെല്ലാവരിലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ......

സിംഹാസന പള്ളി,

കോട്ടയം ഒപ്പ്

22-9-124

ഈ പള്ളിയുടെ ഉടമസ്ഥാവകാശം 1991 ഒക്ടോബർ 13-ാം തീയതി ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സിലേക്കു എഴുതികൊടുത്തു.

പള്ളിക്ക് അനുവദിച്ച കല്പന '95-ൽ വകയാററു വല്യവിളയിൻ ജോർജ്ജ് മകൻ കുഞ്ഞിനെ ഏല്പിച്ചു.

malankaralibrary.com

Paulose Mar Philoxinos
Metropolitan of Kandanad,
Kottayam & Quilon Diocises

Camp
Piramadam.
Date: 7-8-59

My Dear Rev. Fr. Geevarghese,

3_8_'59-ൽ അയച്ച കത്ത് കിട്ടി. നിങ്ങളുടെ സൗഖ്യ വൃത്താന്തം ഗ്രഹിച്ചതിൽ സന്തോഷിക്കുന്നു. പട്ടം കൊട സംബന്ധിച്ചെഴുതിയതും ഗ്രഹിച്ചു. ആ സംഗതിയിൽ എനിക്ക് സന്തോഷമാണുള്ളത്. എന്നാൽ ഇപ്പോൾ പഠിത്തം ഒന്നും ആയിട്ടില്ലല്ലോ എന്ന് ചിന്തിക്കുന്നുണ്ട്. പരിതഃസ്ഥിതിയുടെ സമ്മർദ്ദവും ഞാൻ ഗ്രഹിക്കുന്നുണ്ട്. ബാവാ വന്ന് നടത്തുന്നതിൽ എനിക്ക് സന്തോഷമേയുള്ളു, ഞാനിപ്പോൾ വരുന്നില്ല. പ്രത്യക്ഷത്തിൽ എതിരായി വർത്തിക്കേണ്ട ആവശ്യമില്ലല്ലൊ. താമസിയാതെ വേണ്ട തീരുമാനങ്ങളിൽ നോക്കിയിരിക്കുന്നു. കരകാണാത്ത ഒരു സമുദ്ര മദ്ധ്യത്തിൽ അകപ്പെട്ടതുപോലെയാണ് എന്റെ അവസ്ഥ. ഞാൻ നിത്യം ദൈവം തമ്പുരാനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രയാസത്തിൽ നിന്നും രക്ഷ തരണമേ എന്ന്. മാർഗ്ഗം നഷ്ടപ്പെട്ട മനുഷ്യനെപ്പോലെ ദുർഭഗനായി മററാരുമില്ല. ദൈവം ഒരു നേരിയ പ്രകാശരശ്മിയെങ്കിലും കാണിച്ചുതരുമെന്ന പ്രത്യാശയിൽ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. നിങ്ങളെല്ലാവരുടെയും ക്ഷേമത്തെ പ്രതി പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ. താമസിയാതെ എഴുതിക്കൊള്ളാം.

ഒപ്പ്

ശ്രേഷ്ഠ കാതോലിക്കാ ബാവാ ഇടവക മെത്രാപ്പൊലീത്തയായി ഭരണം നടത്തിയപ്പോൾ കോട്ടയത്ത് നിന്നും അയച്ചു തന്ന എഴുത്തിന്റെ ശരിപ്പകർപ്പ്.

malankaralibrary.com

കോട്ടയം,
25–9–'62

പ്രിയ ഗീവറുഗീസ് കത്തനാർക്ക് കർത്താവിൽ വാഴ്വ്,
പ്രിയനേ, നിങ്ങളേവരുടേയും ക്ഷേമംചോദിച്ച് സസ്നേഹം അറിയിക്കുന്നത്.

നമ്മുടെ സഭാകാര്യങ്ങൾ ഇപ്പോൾ കുഴപ്പത്തിൽ കിടക്കുന്നതിന് ഒരു പരിഹാരം കാണേണ്ടത് വളരെ ആവശ്യമായി വന്നിരിക്കയാൽ കൊല്ലം ഭദ്രാസനത്തെ സംബന്ധിച്ചിടത്തോളം താഴെ വരും പ്രകാരം ഉള്ള ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ നിർബന്ധിതനായിരിക്കുന്നു. ആ ഭദ്രാസനത്തിൻെറ മെത്രാപ്പോലീത്താ സ്ഥാനം നാം തുടരുന്നതല്ല. എന്നാൽ നിങ്ങളുടെ ആരുടെയെങ്കിലും ആത്മീകദിഷ്ഠതി നടത്തി തരുവാൻ ഏതു പള്ളിയിലായാലും നിങ്ങളുടെ ആവശ്യപ്രകാരം വരുന്നതിനും പ്രവേശിക്കുന്നതിനും നമുക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതായിരിക്കും. കൂടാതെ നിങ്ങൾ പട്ടക്കാരുടെ മേൽ എന്തെങ്കിലും ശിക്ഷണ നടപടികൾ എടുക്കുമെങ്കിലൊ അഥവാ സ്ഥലം മാററണമെങ്കിലൊ നമ്മുടെ അറിവും സമ്മതവും പ്രകാരം മാത്രമേ ചെയ്യാവു എന്ന് കൂറിലോസുമായി ഒരു വ്യവസ്ഥയും ഉണ്ടായിരിക്കും. കൂടാതെ നമ്മിൽനിന്ന് ഇപ്പോൾ പട്ടം ഏററിട്ടുള്ള ശെമ്മാശന്മാർക്ക് അവരുടെ പട്ടം എന്നാൽ തന്നെ പൂർത്തീകരിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ അങ്ങനെ നിവർത്തിക്കുന്നതിനുള്ള അനുവാദം നമുക്ക് ഉണ്ടായിരിക്കുന്നതുമായിരിക്കും. ഇതിൻെറ വെളിച്ചത്തിൽ കൊല്ലം ഭദ്രാസനത്തിലെ ചുമതലകൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. കൂടാതെ കൂറീലോസിൻെറ പേർ ഇപ്പോൾ ദിവ്യകുർബാനയിൽ ഓർക്കുവാൻ സമ്മതമില്ലാത്തവർ പൊതു പേർ പറഞ്ഞാലും മതിയാകുന്നതാണെന്ന് ഒരു സമ്മതം ഉണ്ടായിട്ടുണ്ട്. ഈ കാര്യങ്ങളെ കൊണ്ട് നിങ്ങൾ തൃപ്തിപ്പെടണമെന്നും അതല്ലാതെ മററു മാർഗ്ഗങ്ങൾ ഒന്നും ഇല്ലെന്നും നിങ്ങൾ ധരിക്കണം. നിങ്ങൾ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ. ഈ വെള്ളിയാഴ്ച വൈകിട്ട് നാം വടവാതൂർ പള്ളിയിൽ ഉണ്ടായിരിക്കും.

ഒപ്പ്

malankaralibrary.com

*N.B.* നിങ്ങൾക്ക് തൃപ്തി എങ്കിൽ മാർ കൂറിലോസും നാമും കൂടി ഇരിക്കുന്ന ഒരു സന്ദർഭത്തിൽ നമ്മുടെ അച്ചന്മാരെ കൂടി വരുത്തി ഈ കാര്യങ്ങളെല്ലാം പ്രസ്ഥാവിച്ച് പരസ്പരം സൗഹാദ്രത സൃഷ്ടിക്കാൻ സഹായമായ സ്ഥലം നിശ്ചയിച്ച് വിവരം അറിയിക്കണം.

(ശരിപകർപ്പ്)

ഇതിൽ നിന്ന് എന്റെ സഭാമാററത്തെപ്പററി നിങ്ങൾ ചിന്തിച്ചുകൊള്ളുക.

എന്റെ പള്ളിക്കേസിൽ അഭിവന്ദ്യ ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കമ്മീഷൻ മുമ്പാകെ കൊടുത്ത മൊഴി - ശരിപകർപ്പ്.

"ഒന്നാം പ്രതിയെ 1955 മുതൽ നേരിട്ട് അറിയാം. ആ പള്ളി ആ സ്ഥലത്തെ ചില വിശ്വാസികൾ സ്ഥാപിച്ചതാണെന്നാണ് എന്റെ അറിവ്. പള്ളിയുടെ പ്രമാണത്തെപ്പററിയോ മററു വല്ലതുമോ അന്വേഷിച്ചിട്ടില്ല. അതിന്റെ ആവശ്യവും ഇല്ല. പള്ളിയെ സംബന്ധിച്ചുള്ള എന്റെ അറിവ് 1-ാം പ്രതിയിൽ നിന്നു മാത്രമാണ്. 1958-ൽ പരിപൂർണ്ണ സമാധാനം യാക്കോബായ സഭയിൽ ഉണ്ടായില്ല. അതനുസരിച്ച് ഞാൻ നടന്നിട്ടും ഇല്ല. പാത്രിയർക്കീസിന്റെ സ്താത്തിക്കോൻ അനുസരിച്ച് ഞാൻ കണ്ടനാട്, കോട്ടയം, കൊല്ലം ഇടവകകളുടെ മെത്രാനാണ്. 1955–64 വരെ ഞാൻ കൊല്ലം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായാണ്. 1964 മേയ് വരെ (പ. പാത്രിയർക്കീസ് മലങ്കര എഴുന്നള്ളി കാതോലിക്കായെ വാഴിച്ചതുവരെ. '58-ൽ സമാധാനം ഉണ്ടായി എന്നു പറയുന്നെങ്കിലും '64 വരെ യഥാർത്ഥ സമാധാനം ആയില്ല. അന്നുവരെ ഞാനും എന്നോടു കൂടെയുള്ളവരും പാത്രിയർക്കീസ് ഭാഗമായിരുന്നു. അതിന് എനിക്കു പ്രത്യേക കല്പന പാത്രിയർക്കീസ് തന്നിട്ടുണ്ട്. 1-ാം പ്രതി കത്തോലിക്കാ സഭയിൽ ചേർന്നപ്പോൾ എന്റെ ഭരണത്തിലാണ്. മാർ കൂറിലോസ് കൊല്ലം ഭദ്രാസനത്തിലെ കാതോലിക്കാ ഭാഗത്തെ മെത്രാനാണ്. അദ്ദേഹം ഈ പള്ളിയുടെ ഭരണകർത്താവല്ല.

malankaralibrary.com

## No. 459.

### The orthodox syrian church.

ദൈവകൃപയാൽ

കൊല്ലം ഭദ്രാസന ഇടവകയുടെ അസിസ്റ്റൻറ് മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായിൽ നിന്നും

എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കൂടൽ സെൻറ് പോൾസ് പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ വാഴ്വ്.

പ്രിയനേ, ആ ഇടവക സന്ദർശനാർത്ഥം നാം ഈ മാസം പതിനഞ്ചാം തീയതി ശനിയാഴ്ച വൈകിട്ട് അവിടെ വരണമെന്നാഗ്രഹിക്കുന്നു. പതിനാറാം തീയതി ഞായറാഴ്ച നാം അവിടെ കുർബാന ചൊല്ലുന്നതുമാണ്. അതിനുശേഷം നമ്മുടെ അദ്ധ്യക്ഷതയിൽ ആ ഇടവകയുടെ പൊതുയോഗം കൂടത്തക്കവണ്ണം വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊള്ളണം. കൂടാതെ നമ്മുടെ സഭയുടെ യോജിപ്പിന് എതിരായി ആരോ പ്രവർത്തിക്കുന്നതായും ആരെയൊ മററ് ഏതോ തിരുമേനിയെക്കൊണ്ട് പട്ടം കൊടുപ്പിക്കുവാൻ ശ്രമിക്കുന്നതായും കേൾക്കുന്നു. നിങ്ങളിൽ ആരും തന്നെ ഈ സഭാ യോജിപ്പിൽ ആഹ്ലാദിക്കുന്നവരാണ് എന്നാണ് നാം കേട്ടിട്ടുള്ളത്. അതിന് എതിരായി വരുന്ന എല്ലാ പ്രവർത്തനങ്ങളേയും ശരിയാണെങ്കിൽ കേൾക്കുന്ന പട്ടം കൊടയേയും നാം ഇതു മുഖാന്തിരം നാം നിരോധിച്ചിരിക്കുന്നു. കഴിഞ്ഞ ഭദ്രാസന യോഗത്തിൽ ആ പള്ളിയുടെ വികാരി നടത്തിയ പ്രസംഗത്തിലും പ്രദർശിപ്പിച്ച മനോഭാവത്തിലും നാം അതീവ സന്തുഷ്ടനാണ്. ആ മനോഭാവം പുലർത്തിക്കൊണ്ടു പോകണമെന്നും അച്ചനതിന് ആളുകളെ ഒരുക്കണമെന്നും പ്രത്യേകമായി നിങ്ങളോടു എല്ലാവരോടും നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കട്ടെ.

malankaralibrary.com

5-8-59.

7-ാം തീയതി കൈപ്പററി.

'58 ഡിസംബർ 16-ാം തീയതി രാത്രിയിൽ കോട്ടയം പഴയ സിമ്മനാരിയിൽവെച്ച് ഇരുകൂട്ടരും ചുംബിച്ച് (യൂദായുടെ ചുംബനം പോലെ സഭായോജിപ്പായ കാലയളവിൽ അഭിവന്ദ്യ പിതാവ് എൻെറ ഉച്ചിയിൽ മുദ്രകുത്തി ആദ്യമായി രജിസ്റ്റർ ചെയ്തയച്ച കല്പനയുടെ ശരിപകർപ്പാണ്. അന്നുതന്നെ മറുപടി രജിസ്റ്റർ ചെയ്തയച്ചു.

(മറുപടി അന്യത്ര.)

കൊടുത്ത മറുപടി.

നീ-വ-ദീ. ശ്രീ. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക്; കൂടൽ സെൻറ് പോംസു സുറിയാനി പള്ളി ഇടവക കമ്മററി ബോധിപ്പിക്കുന്നത്.

തിരുമനസ്സുകൊണ്ട് ഞങ്ങളുടെ പള്ളി വികാരി ബ: അച്ചൻെറ പേർക്ക് 5-8-'59-ൽ അയച്ച രജിസ്റ്റർ കണ്ടു. അതിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം സഭാ സമാധാനത്തിന് ഞങ്ങൾ എതിരല്ലെന്ന് മുന്നമെ അറിയിച്ചുകൊള്ളട്ടെ. തിരുമനസ്സുകൊണ്ട് ഈ പള്ളിയിൽ 15-ാം തീയതി വരുന്നുവെന്നു കാണുന്നു. ഈ പള്ളിയിൽ പ: അന്ത്യോഖ്യാപാത്രിയർക്കീസിനാൽ കൊല്ലം ഭദ്രാസനത്തിൽ വാഴിച്ചു നിയമിച്ചാക്കിയ നീ-വ-ദീ. ശ്രീ. പൌലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൽ കീഴിൽ ഇന്നുവരെ സ്ഥിതിചെയ്യുന്നതാകുന്നു തിരുമേനിയെ സ്വീകരിക്കുന്നതിന് ഇടവകമെത്രാപ്പോലീത്തായുടെ (പീലക്സീനോസ്) നേരിട്ടുള്ള കല്പന കിട്ടാത്തിടത്തോളം കാലം ഞങ്ങൾക്ക് ഒന്നും ചെയ്വാൻ സാധിക്കുകയില്ലാ എന്നുള്ളത് അറിയാമല്ലൊ. അതുകൊണ്ട് മാർ പീലക്സിനോസ് തിരുമേനിയുടെ കല്പന വന്നിട്ട് അതേപ്പററി പൊതുയോഗം ചിന്തിച്ചിട്ട് അറിയിക്കാം. പിന്നീടുവന്നാൽ മതിയാകും. അതായിരിക്കും ഇരുകൂട്ടർക്കും നല്ലത്. ഏതോ ഒരു ഭദ്രാസന യോഗത്തിന് ഞങ്ങ

malankaralibrary.com

ളുടെ അച്ചൻ സംബന്ധിച്ചതായി തിരുമേനി അയച്ച രജിസ്റ്ററിൽ കാണുന്നു. ആ സംഗതി ഈ കമ്മററിയുടെ അറിവോടുകൂടെയല്ലാത്തതിനാൽ അച്ചന്റെ വ്യക്തി പരമായ നിലയിൽ ആയിരിക്കാം.

8–8–'59.

ഒപ്പിട്ടിരിക്കുന്നവർ

1 കെ. ജി. ബർസൗമാ, കമുക്കും പള്ളിൽ
2 പൗലോസ് യോഹന്നാൻ തടത്തിക്കുന്നൽ
3 പി. കെ. ഗീവറുഗീസ്, പടേതിക്കൽ.
4 എണ്ണശേരിൽ ഐസക്ക് കോശി.
5 മേപ്രത്ത്, പി. ജി. അബ്രഹാം
6 പുതുപ്പറമ്പിൽ മാത്തൻ ജോർജ്ജ്
7 കുഞ്ചിച്ചേടത്ത് ഇടിക്കുള മത്തായി
8 പടേനിക്കൽ തെക്കേതിൽ മത്തായി
9 പേരാനിപ്പുറത്ത് പുത്തൻ വീട്ടിൽ
തോമസ് വറുഗീസ്
10 എലിയാ മൂല പുത്തൻവീട്ടിൽ കോശി യോഹന്നാൻ.
11 കമുകും പള്ളിൽ വറുഗീസ് ജോഷ്വാ
12 കിഴക്കേടെത്ത് ചാക്കോ
13 പള്ളിവടക്കേതിൽ ഗീ വറുഗീസ്.
14 പുത്തൻവീട്ടിൽ ഗീ വറുഗീസ് കത്തനാര്.

വീണ്ടും കൂറിലോസ് തിരുമേനിയുടെ കല്പന.

No· 468·

കൊല്ലം ഭദ്രാസന ഇടവകയുടെ അസിസ്റ്റന്റ് മാത്യൂസ് മാർകൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും.

എത്രയും നമുക്കു സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കൂടൽ സെന്റ് പോളസ് പള്ളി വികാരി പുത്തൻ വീട്ടിൽ ഗീ വറുഗീസ് കത്തനാർക്ക് വാഴ്വ്.

malankaralibrary.com

പ്രിയനേ, അച്ചനും കമ്മററിക്കാരും കൂടി എഴുതി അയച്ച എഴുത്ത് കിട്ടി. അതിലെ ആദ്യവാചകം നമ്മേ സന്തോഷിപ്പിച്ചു. എങ്കിലും നിങ്ങൾ ഏതോ തെററിദ്ധാരണയിൽനിന്ന് അത് എഴുതിയതാണെന്ന് നമുക്കുതോന്നിപോകുന്നു. അത് നിങ്ങളുമായി സംസാരിക്കുമ്പോൾ തീർന്നുപോകുന്നതാണ് എന്നും നമുക്കു വിശ്വാസമുണ്ട്. ആകയാൽ ഈയാഴ്ചയിൽ വെള്ളിയാഴ്ച ഉച്ചയ്ക്കകമായി എപ്പോഴെങ്കിലും അച്ചൻ കോട്ടപ്പുറം സെമ്മിനാരിയിൽ വരെ വരണമെന്ന് നാം താല്പര്യപ്പെടുന്നു, നാം അതുവരെ കോട്ടപ്പുറം സെമ്മിനാരിയിൽ കാണും. നാം അവിടേക്കു വരുന്ന പ്രോഗ്രാം പിന്നാലെ അറിയിച്ചുകൊള്ളാം. ശേഷം പിന്നാലെ–ദൈവം അനുഗ്രഹിക്കട്ടെ.

11–8–'59

കോട്ടപ്പുറം സെമ്മനാരിയിൽ നിന്നും.

Rome
11—XII—'62,

കർത്താവിൽ നമ്മുടെ സ്നേഹഭാജനമായ ഗീവറുഗീസ് അച്ചന് വാഴ്‌വ്. പ്രിയനേ, അവിടെ നിന്നും സ്നേഹ സമേതം അയച്ചിരുന്ന എഴുത്ത് ഇവിടെ കിട്ടി. സുന്നഹദോസിന്റെ ജോലികൾ വളരെ ധൃതിയായി നടത്തിക്കുന്നതുകൊണ്ട് സാവകാശമായി ഒന്നെഴുതുന്നതിന് സാധിച്ചില്ല. ആദ്യഭാഗം ഇപ്പോൾ വളരെ അനുഗ്രഹകരമായി ഇപ്പോൾ അവസാനിച്ചു. 2400 വൈദീകാദ്ധ്യക്ഷന്മാർ മാർപാപ്പായുടെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുന്ന ഈ സുന്നഹദോസ് എത്രയോ അനുഗ്രഹിക്കപ്പെട്ടതാണ്. അതിൽ സംബന്ധിക്കുവാനും അതിന്റെ അനുഗ്രഹം അനുഭവിക്കാനും ഇടയാക്കിയ ദൈവത്തിന് ഹൃദയപൂർവ്വം നന്ദി സമർപ്പിക്കുന്നു. സുന്നഹദോസിനു വേണ്ടി അവിടെ പ്രത്യേക പ്രാർത്ഥനയും മററും നടത്തിയല്ലൊ. തുടർന്ന് നമുക്ക് പ്രാർത്ഥിക്കാം,

malankaralibrary.com

അവിടുത്തെ കാര്യങ്ങൾ വളരെ ആനന്ദത്തോടു മനസ്സിലാക്കി. ഇവിടെ അറിഞ്ഞവർക്കെല്ലാം വളരെവളരെ സന്തോഷം. ദൈവം നമ്മെ ഒരിക്കലും കൈ വിടുകയില്ല. കത്തോലിക്കാ സഭയിലേക്കുവരുവാനും അത് ഈ ഭാഗ്യപ്പെട്ട കാലയളവിൽ ആകുവാനും ഇടയായത് എത്രയോ വലിയ ദൈവാനുഗ്രഹം. നമ്മുടെ പ്രിയസഭാസഹോദരങ്ങൾഎല്ലാംഈ ഭാഗ്യം അനുഭവിപ്പാൻ ഇടയാകട്ടെ. അതിനായി നമുക്കു പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. നമുക്ക് ആരോടും വൈരാഗ്യമോ വിദ്വേഷമോ ഇല്ലാ. ചില ആളുകൾ അവരുടെ അറിവിന്റെ കുറവുകൊണ്ടോ വികാരത്തിന്റെ കൂടുതൽ കൊണ്ടോ എന്തെങ്കിലുമൊക്കെ ചെയ്തെന്നുവരാം. എന്നാൽ ദൈവം നമ്മോടുകൂടെയുണ്ട്. അങ്ങേക്കുവേണ്ടി സഹിക്കുന്നതും പരിശ്രമിക്കുന്നതും നമുക്കു ഒരു പദവിയാണ്.

എത്രയും വേഗം വന്ന് നിങ്ങളെയെല്ലാവരേയും കാണുവാൻ വാഞ്ചിക്കുന്നു. ദൈവം അതിനിടയാക്കട്ടെ. അച്ചന്റെ വീട്ടിൽ എല്ലാവർക്കും സൗഖ്യമാണല്ലൊ. ശെമ്മാശനെ നാം പ്രത്യേകം ചോദിക്കുന്നതായി പറയണം. പരീക്ഷയിൽ ജയിക്കുകയും തോക്കുകയും ഒക്കെ ചെയ്യും. അതല്ലല്ലോ പ്രധാനകാര്യം ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നമുക്കു മുന്നോട്ടുപോകാം. അച്ചന്റെ സഹോദരനേയും മററെല്ലാവരേയും പ്രത്യേകം ചോദിച്ചതായി പറയണമെ.

നമ്മുടെ ആശ്രയം മനുഷ്യരിലൊ മാനുഷീകമായ കഴിവുകളിലോ അല്ലല്ലോ. ഇവിടെ വിശുദ്ധ പത്രോസിന്റെ ശവകുടീരത്തിൽ ഞാൻ പ്രത്യേകമായി അച്ചനുവേണ്ടിയും ജനത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ (നമ്മുടെ ഇടവകയുടെ മദ്ധ്യസ്ഥൻ)യുടെ രക്ത സാക്ഷിത്വത്തിന്റെ സ്ഥലവും ഞാൻ സന്ദർശിക്കയുണ്ടായി. സുന്നഹദോസിൽ അകത്തോലിക്കാ പ്രതിനിധികൾ ധാരാളം ഉണ്ടായിരുന്നു. അന്തോഖ്യാപാത്രിയർക്കീസിന്റെ പ്രതിനിധിയായി റമ്പാച്ചനും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തെ ഞാൻ പല പ്രാവശ്യം കണ്ടു

malankaralibrary.com

സംസാരിക്കയുമുണ്ടായി. എല്ലാവരും വളരെ സന്തോഷമായും തിരുസഭയെപ്പററി വളരെ ബഹുമാനം ആയിട്ടുമാണ് പോയത്. ദൈവം എല്ലാവർക്കും സന്മനസ്സ് കൊടുക്കട്ടെ. ആദ്യഫലമായി നമ്മെ എല്ലാവരേയും അവിടുന്ന് തെരഞ്ഞെടുത്തയച്ചതാണ്. അതുകൊണ്ട് നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമുക്കു പ്രത്യേക ചുമതലയുണ്ട്. ശേഷം കാര്യങ്ങൾ വന്നുകണ്ടു പറഞ്ഞു കൊള്ളാം.

ദൈവം നിങ്ങളെല്ലാവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ.

ഒപ്പ്.

റോമാ
25 സെപ്ററംബർ '63.

കർത്താവിൽ നമ്മുടെ സ്നേഹ ഭാജനമായ ചുട്ടിവട്ടത്ത് ഗീവറുഗീസ് കത്തനാർക്ക് വാഴ്വ്.

പ്രീയനേ, അവിടെനിന്നും 21-ാം തീയതി അയച്ച എഴുത്തുകിട്ടി. ബസ്ക്കിയാമ്മയുടെ നിര്യാണത്തിൽ ദുഃഖിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു. പരേതയുടെ ആത്മശാന്തിക്കായി നാം പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളാം. വിശുദ്ധ കുർബ്ബാനയിലും പരേതയെ നാം പ്രത്യേകം ഓർത്തുകൊള്ളാം. ദൈവം പരേതയുടെ ആത്മാവിന് നിത്യാശ്വാസം നൽകട്ടെ.

ലോകത്തിന്റെ ക്ഷണികതയെപ്പററി ചിന്തിക്കുന്നതിന് നല്ല ഒരവസരമാണ് ഇത്. നാം എല്ലാം ഈ വാതിൽ കൂടെ കടന്ന് നിത്യതയിലേക്ക് പോകേണ്ടവരാണ്. ആ നിത്യജീവിതത്തിനുള്ള ഒരുക്കം മാത്രമാണ് ഈ ജീവിതം. മുഖ പ്രസന്നതയോടെ ദൈവ മുമ്പാകെ നിന്ന് ദൈവത്തെ സ്തുതിക്കത്തക്കവണ്ണം നമുക്കു ജീവിക്കാം.

ദൈവാശ്രയത്തോടെ ജീവിച്ചിരുന്ന ബസ്ക്കിയാമ്മയുടെ ആത്മാവ് മോക്ഷത്തിൽ നിത്യസൗഭാഗ്യം പ്രാപി

malankaralibrary.com

ക്കുമെന്ന് നമുക്ക് ശരണപ്പെടാം. സംസ്ക്കാര കർമ്മവും മററും ഭംഗിയായിരുന്നതിൽ ദൈവത്തിന് നന്ദി പറയുന്നു. ദൈവം നിങ്ങളെ എല്ലാവരേയും ആശ്വസിപ്പിക്കുകയും നടത്തുകയും ചെയ്യട്ടെ.

എട്ടു നോമ്പും മററും നടത്തി ഇടവകയിൽ ആത്മീക ചൈതന്യം ഉളവാക്കുന്നത് നല്ലതു തന്നെ. അരമനയിൽ നിന്ന് കഴിവുള്ള സഹകരണങ്ങൾ ചെയ്യുന്നുവെന്ന് വിശ്വസിക്കുന്നു. ഇവിടെ സുന്നഹദോസിൻെറ ആരംഭവേലയും തുടങ്ങിക്കഴിഞ്ഞു. പാത്രിയർക്കീസന്മാരും മെത്രാന്മാരും ആഗതരായിക്കൊണ്ടിരിക്കുന്നു. അവിടെ എല്ലാവരേയും പ്രത്യേകം അന്വേഷിച്ചതായി പറയുമല്ലൊ.

ദൈവം അനുഗ്രഹിക്കട്ടെ.

ഒപ്പ്

Most Rev. Benedict Mar Gregorios,
O. I. C. M. A. D. D.,
Arch Bishop of Thiruvananthapuram — 28, August '93

കർത്താവിൽ നമ്മുടെ സ്നേഹഭാജനമായ ചുട്ടിവട്ടം അച്ചന് വാഴ്വ്.

പ്രിയനേ, എൻെറ പേർക്ക് 25-ാം തീയതി അയച്ച എഴുത്ത് കിട്ടി. ശ്രദ്ധയോടെ ഞാനതു വായിച്ചു. അതിന് മുൻപ് തന്നെ അച്ചന് ഗണ്യമായ സഹായം നൽകാൻ ഏർപ്പാടു ചെയ്ത് തുക അയച്ചിട്ടുണ്ട് എന്ന് മനസ്സിലാകുന്നു.

അച്ചൻെറ ആരോഗ്യത്തിനായി പ്രത്യേകം പ്രാർത്ഥിക്കുന്നു. ഞാൻ ഒരാഴ്ചത്തേയ്ക്ക് അമേരിക്കയിലുള്ള നമ്മുടെ വിശ്വാസികളെ കാണുന്നതിനായി പോകുകയാണ്. ബത്തേരിയിലുള്ള പുനരൈക്യ ആഘോഷങ്ങളിൽ സംബന്ധിച്ച് തിരികെ എത്തും. അതിനുശേഷം അച്ചനെ വന്നു കണ്ടുകൊള്ളാം.

ദൈവം അനുഗ്രഹിക്കട്ടെ.

ഒപ്പ്

malankaralibrary.com

പൗരോഹിത്യ രജതജൂബിലി പ്രമാണിച്ച്.

മംഗളപത്രം.

കൂടൽ സെൻറ് പോറ്റസ് പള്ളി വികാരി പുത്തൻ വീട്ടിൽ ദിവ്യ ശ്രീ. കെ. ജി. ഗീവറുഗീസു കത്തനാർ അവർകറ സമക്ഷം,

അവിടുത്തെ ആത്മീക മക്കളായ സെൻറ് പോറ്റസ് പള്ളി ഇടവകക്കാർ ഭയഭക്തി പുരസ്സരം സമർപ്പിക്കുന്ന മംഗളോപഹാരം.

അഭിവന്ദ്യ പിതാവേ,

പുണ്യശ്ലോകനായ നി-വ-ദി- ശ്രീ. മീഖായേൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ തൃക്കരങ്ങളാൽ ഈ പള്ളിയിൽ വെച്ച് 1106 മകര മാസം 25-ാം തീയതി മ്ശമറോനൊ പട്ടവും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന നി-വ-ദി-മ- ശ്രീ മോറാൽ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൽ ബാവാ തിരുമേനിയുടെ തൃക്കരങ്ങളാൽ കോറൂയൊ സ്ഥാനവും തുടർന്ന് 1110 മീനമാസം 11-ാം തീയതി മാർദീയൊന്നോസ്യോസ് തിരുമേനിയിൽ നിന്നുതന്നെ കശ്ശീശാ പട്ടവും ലഭിച്ച് നാളതുവരെ ഈ ഇടവക വികാരിയായി നിസ്തുല്യസേവനം അനുഷ്ഠിക്കുന്ന അങ്ങേയുടെ രജതജൂബിലി മാർ ദീയൊന്നോസ്യോസ് തിരുമേനിയുടെ യഥാർത്ഥ പിൻഗാമിയും കണ്ടനാട്, കോട്ടയം, കൊല്ലം ഇടവകകളുടെ മെത്രാപ്പോലീത്തായും ആയ ഈ വന്ദ്യപിതാവിന്റെ (നി.വ-ദി-ശ്രീ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ) മഹനീയാദ്ധ്യക്ഷതയിൽ സമ്മേളിച്ചിരിക്കുന്ന ഈ യോഗത്തിൽ വെച്ച് ആഘോഷിക്കാൻ ഇടയാക്കിയ ദൈവത്തെ സോതത്രം ചെയ്യുന്നു.

ബഹുമാന്യ പുരോഹിത ശ്രേഷ്ഠാ''

സത്യ വിശ്വാസ സംരക്ഷണാർത്ഥം അവിടുത്തെ മാതാമഹന്റേയും മററും അക്ഷീണ പരിശ്രമത്താൽ സ്ഥാപിതമായ ഈ ദേവാലയം കേവലം പന്ത്രണ്ടു വീട്ടുകാർ

malankaralibrary.com

മാത്രമുള്ള ഇടവകയായിരുന്നു. അങ്ങയുടെ സ്തുത്യർഹമായ പരിശ്രമത്താലും സ്നേഹപൂർണ്ണമായ പെരുമാററത്താലും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുന്ന ഒരു മഹത്തായ ഇടവകയായി രൂപാന്തരപ്പെട്ടു എന്നുള്ളത് സുവദിതമാണ്. ജീർണ്ണിച്ചു നിന്ന പഴയ കുരിശിൻ തൊട്ടി പൊളിച്ചുമാററി തൽസ്ഥാനത്ത് ഇന്നു കാണുന്ന നയനമോഹനമായ കുരിശ് സ്ഥാപിക്കുന്നതിനും പഴയ പള്ളി പൊളിച്ച് മനോഹരമായ ഈ ദേവാലയവും അതിനോടനുബന്ധിച്ച് സൺഡേ സ്ക്കൂരം കെട്ടിടവും പണിയുന്നതിനുവേണ്ടി അങ്ങ് അനുഷ്ടിച്ച ത്യാഗവും കഷ്ടതയും കർമ്മ കുശലതയും സ്വന്ത നിലയിൽ അനുഭവിക്കുന്ന കടബാദ്ധ്യതയും ഞങ്ങരംക്ക് മാർഗ്ഗദർശനം നൽകീട്ടുണ്ടെന്നുള്ളത് സത്യം മാത്രമാണ്. ''വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന്'' (യൂദാ 3) വി: പൗലോസിനെപ്പോലെ കഷ്ടതയും പ്രയാസവും ദുരിതവും ക്രിസ്തുവിനെ പ്രതി അനുഭവിച്ച് തന്നെ ഏല്പിച്ചിച്ചിരിക്കുന്നതായ താലന്തുകളെ വ്യാപാരം ചെയ്ത് കർത്ത്യ സന്നിധിയിൽ നിന്ന് അനവരതമായ നന്മകരം പ്രാപിപ്പാൻ അങ്ങേക്ക് ഇടവരട്ടേയെന്ന്ഞങ്ങരം പ്രാർത്ഥിക്കുന്നു. ഈപള്ളി ഇടവകയിൽകൂടി നടക്കുന്ന വിശ്വാസികളുടെ സൗകര്യത്തെ പരിഗണിച്ച് വകയാർ സെൻറ് ജോർജ്ജ് പള്ളി സ്ഥാപിക്കുകയും അതിൻെറ ശ്രേയസ്സിനും പുരോഗതിക്കും അനവരതം പണിപ്പെടുകയും അവിടുത്തെ വികാരിയായി സ്തുത്യർഹമായ വിധം സേവനം അനുഷ്ഠിക്കുന്ന ആത്മീക നേതൃത്വത്തിൽ ഞങ്ങരം സന്തുഷ്ടരാണ്.

പ്രീയപ്പെട്ട പിതാവേ, !!!

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നുള്ള പൗരോഹിത്യ നൽവരം നഷ്ടപ്പെടരുതെന്ന് കരുതി ഞങ്ങളുടെ നിർബ്ബന്ധമായ അപേക്ഷയെ പരിഗണിച്ച് അങ്ങയുടെ ഇളയ പുത്രനെ ശെമ്മാശൻ ആക്കിത്തീർക്കുവാൻ അവിടുന്നു തീരുമാനിച്ചു. ഞങ്ങരംക്കും ഞങ്ങളുടെ ഭാവി സന്താനങ്ങരംക്കും ഈ പള്ളിയുടെ പുരോ

malankaralibrary.com

ഗതിക്കും, ശ്രേയസ്സിനും അത് നിദാനമായി തീരുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അങ്ങയുടെ ശിക്ഷണത്തിൽ അഭ്യസിക്കുന്ന ഞങ്ങളുടെ ശെമ്മാശൻ ഏലിയായിൽ നിന്ന് ഇരട്ടി അനുഗ്രഹം പ്രാപിച്ച ഏലിശായെപ്പോലെ രൂപാന്തരപ്പെടുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഈ ദേവാലയത്തിന് ശിലാസ്ഥാപനകർമ്മം നടത്തിയ പ. അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മാർ ഒസ്താത്തിയോസ് തിരുമേനിയേയും തുടർന്ന് ഞങ്ങളെ ഭരിച്ച മാർ കൂറീലോസ്, മാർ അത്താനാസ്യോസ്, മിഖായേൽ മാർ ദീവന്നാസ്യോസ് എന്നീ പിതാക്കന്മാരേയും ഞങ്ങൾ കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നു. ഈ പള്ളിയിൽ ശുശ്രൂഷ ചെയ്യുവാൻ ശെമ്മാശനെ വാഴിച്ച് നിയമിച്ചാക്കിയ പ. സിംഹാസന പ്രതിധിധി നി. വ. ദി. ശ്രീ. ഏലിയാസ് മാർ യൂലിയോസ് ബാവാ തിരുമനസ്സിലെ നേർക്കും അനുഗ്രഹീതമായ ഉപദേശത്താലും വാഴ്വുകളാലും പൈതൃകമായ പ്രാർത്ഥനകളാലും സർവ്വോപരി ഈ പള്ളിക്ക് തൃക്കരങ്ങളാൽ കല്പിച്ചു തന്നിട്ടുള്ള സംഭാവനകളാലും അടിയങ്ങളെ വാത്സല്യപൂർവ്വം അനുഗ്രഹിച്ചു കൊണ്ടിരിക്കുന്ന ഞങ്ങളുടെ ഈ വന്ദ്യ പിതാവിന്റെ (പൗലോസ് മാർ പീലക്സീനോസ്) നേർക്കും ഞങ്ങൾക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തുന്നു.

ബഹുമാനപ്പെട്ട അച്ചാ,

ഈ ദേവാലയത്തിൽ അങ്ങ് 25 വർഷക്കാലം വി. ബലി അർപ്പിക്കയും ഞങ്ങളുടേയും ഞങ്ങളുടെ പരേതരുടേയും ആത്മ ശാന്തിക്കുവേണ്ടി ശുശ്രൂഷകൾ അനുഷ്ഠിക്കയും ചെയ്തു വരുന്നു. ഞങ്ങളിൽ നിന്നുള്ള ആദായത്തെ ഇച്ഛിക്കാതെ സേവനം ജീവിത ലക്ഷ്യമായി കരുതി ചെയ്യുന്ന മഹാമനസ്കതയോട് ഞങ്ങൾ നന്ദിയുള്ളവരാണ്. അങ്ങയുടെ നിത്യസ്മരണയെ നിലനിർത്തുന്നതിനു വേണ്ടി ഈ വന്ദ്യ പിതാവിന്റെ തൃക്കരങ്ങളാൽ സ്ഥാപിക്കപ്പെടുന്ന ഈ ഛായാ ചിത്രം ഈ ഇടവകയ്ക്ക് എന്നെന്നും മാർഗ്ഗ ദർശനം നൽകട്ടേയെന്ന് പ്രാർത്ഥി

malankaralibrary.com

ക്കുന്നു. അങ്ങ് ആയുരാരോഗ്യത്തോടു കൂടി ജീവിച്ച് ഒരു മാതൃകാ പട്ടക്കാരനായി തീരുവാൻ പ. പൗലോസ് ശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ദൈവം തമ്പുരാൻ ഇടയാക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് വിനീതമായി ഈ മംഗളോപഹാരം സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

കൂടൽ,
20–3–'60

സെൻറ് പോൾസ് ഇടവക
ജനങ്ങൾ

പൗരോഹിത്യ കനക ജൂബിലി ആഘോഷിക്കുന്നു: ബഹുമാനപ്പെട്ട ഫാദർ ഗീവർഗ്ഗീസ് ചുട്ടിവട്ടം അവർകൾ സമക്ഷം,

കൂടൽ സെൻറ് പീയൂസ് കത്തോലിക്കാ പള്ളി
ഇടവകാംഗങ്ങൾ ഭക്തിപുരസ്സരം സമർപ്പിക്കുന്ന
മംഗളപത്രം

ഞങ്ങളുടെ ജീവിതാന്തരീക്ഷത്തിൽ ശരത്കാല സൂര്യസമാനം ദിവ്യ പ്രഭാപൂരവും, ആത്മീക ചൈതന്യവും പകർന്ന് തന്ന് സത് പന്ഥാവിലൂടെ നയിച്ചുകൊണ്ടിരിക്കുന്ന അങ്ങയോട് ഞങ്ങൾക്കുള്ള അകൈതവമായ കൃതജ്ഞത ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

മഹാത്മൻ;

ആത്മ ജ്ഞാനികൾക്കു മാത്രം സംപ്രാപ്യമായ സമചിത്തത എല്ലാ രംഗത്തിലും പ്രാപിച്ചുകൊണ്ടും ഐക്യത്തിൻേറയും, സ്നേഹത്തിൻേറയും മാഹാത്മ്യം സ്വന്ത പ്രവർത്തനങ്ങളാൽ ദൃഷ്ടാന്തീകരിച്ചു കൊണ്ടും ഈ കാലമത്രയും ഞങ്ങൾക്കു മാർഗ്ഗ ദർശനം നൽകിയ അങ്ങയുടെ ഹൃദയ വിശാലതക്കു മുമ്പിൽ ഞങ്ങൾ അനുമോദനത്തിൻെറ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

malankaralibrary.com

സ്നേഹവും ദൈവഭക്തിയും നിസ്വാർത്ഥതയും കൈമുതലായി വിരാജിക്കുന്ന അല്ലയോ പുരോഹിത ശ്രേഷ്ഠാ, അങ്ങയുടെ യുക്തി യുക്തങ്ങളായ പ്രഭാഷണങ്ങളും വിശ്വാസപരമായ ഉപദേശങ്ങളും സന്ദർഭോചിതങ്ങളായ വേദവാക്യ വ്യാഖ്യാനങ്ങളും ചൊരിയുന്ന അമൃതധാര നുകരുവാൻ ഞങ്ങൾ മേലിലും ആഗ്രഹിക്കുന്നു.

വിശുദ്ധന്മാർക്ക് ഭരമേല്പ്പിച്ചിരിക്കുന്ന സത്യവിശ്വാസ സംരക്ഷണത്തിനുവേണ്ടി അങ്ങു നടത്തിയ പോരാട്ടം ഒരിക്കലും ഞങ്ങൾക്കു മറക്കാനാവില്ല. കത്തോലിക്കാ സഭയിൽ ചരിത്രം സൃഷ്ടിച്ച ദിവസം എന്ന് വിശേഷിപ്പിച്ചുകൊണ്ട് അങ്ങേയേയും അങ്ങയോടൊപ്പം വന്ന കുടുംബങ്ങളേയും അഭിവന്ദ്യ തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് ആശ്ലേഷിച്ച് സ്വീകരിച്ച സംഭവം രോമാഞ്ചത്തോടെ അന്നെന്ന പോലെ ഇന്നും ഞങ്ങൾ ഓർക്കുന്നു. പരീക്ഷണഘട്ടങ്ങളിൽ സഹോദരനെപ്പോലെ പതറാതെ ധീരനേതൃത്വം നൽകിയ അങ്ങയെ ആയുരാരോഗ്യങ്ങളോടെ കാത്തുസൂക്ഷിക്കുവാൻ ദൈവത്തോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

വിശുദ്ധ പൗലോസിനെപ്പോലെ കഷ്ടതയും പ്രയാസവും ക്രിസ്തുവിനെ പ്രതി അങ്ങ് അനുഭവിച്ചു. യുദ്ധക്കളത്തിൽ അങ്ങ് ഒരിക്കലും പരാജിതനായിട്ടില്ല. കാരണം ദൈവം അങ്ങയോടുകൂടി ഉണ്ടായിരുന്നു. സനാതന സത്യം കണ്ടെത്തുവാനുള്ള പോരാട്ടത്തിൽ വാടാത്ത കിരീടം പ്രാപിക്കുവാൻ സർവ്വശക്തനായ ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ മംഗളപത്രം ഭക്തിപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

എന്ന്, അവിടുത്തെ ആത്മീയ മക്കൾ.

കൂടൽ.
10-2-1985.

തിരുവല്ലാ രൂപതയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഐക്യദീപം മാസിക 1995 മാർച്ച് ലക്കത്തിൽ 38, 39 പേജുകളിൽ.

malankaralibrary.com

വൈദീക ശുശ്രൂഷയിൽ അറുപത് വർഷം എന്ന തലക്കെട്ടിൽ ഫോട്ടോ സഹിതം പ്രസിദ്ധീകരിച്ച ലേഖനം.

റവ:ഫാദർ ചെറിയാൻ താഴമൺ അവർകളാണ് എഴുതിയത്.

ക്രൈസ്തവർ വിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും പ്രാമുഖ്യം കല്പിച്ചിരുന്ന പുരാതീന കുടുംബങ്ങളിൽ ഒന്നിന്റെ പിൻ മുറക്കാരനാണ് കോന്നി കൗങ്ങും പള്ളിൽ വറുഗീസ്–ഏലിയാമ്മ ദമ്പതികളുടെ ഒൻപത് മക്കളിൽ രണ്ടാമന്റെ ജനനം 1909 ജനുവരി 21-നായിരുന്നു. ആശ്രമവാസിയും തപോധനനുമായ മാർ മാക്സീ മോസിന്റേയും നിഷ്ക്കളങ്കതയും നിർമ്മല ഹൃദയനുമായ വിശുദ്ധ ആഗ്നസിന്റേയും തിരുനാൾ ദിവസം ജനിച്ച പൈതൽ വീട്ടുകാരുടേയും അയൽപക്കക്കാരുടേയും ശ്രദ്ധാകേന്ദ്രമായിരുന്നു. യാക്കോബായ സഭയുടെ ആചാരപ്രകാരം മാമ്മോദീസായും മൂറോൽ കൂദാശയും സ്വീകരിച്ച് ഗീവറുഗീസ് എന്ന ക്രൈസ്തവ നാമവും സ്വീകരിച്ചു. ബാല്യത്തിൽ രോഗിയായിരുന്നതിനാൽ ആഗ്രഹമനുസരിച്ച് വിദ്യാഭ്യാസം നിർവ്വഹിക്കാൻ സാധിച്ചില്ല. തന്റെ പിതാവിനെ കുടുംബ കാര്യങ്ങളിൽ സഹായിച്ചിരുന്ന കാലത്ത് അദ്ധ്യാത്മീക കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധയും താല്പര്യവും കാണിച്ചിരുന്നു. യുവാവായ ഗീവറുഗീസിനെ അന്ന് കൊല്ലം ഭദ്രാസനാധിപനായിരുന്ന മീഖായേൽ മാർ ദീവന്നാ സ്യോസ് മെത്രാപ്പോലീത്താ കൂടൽ സെൻറ് പോൾസ് പള്ളിയിൽ വെച്ചു കോറൂയൊ പട്ടം നൽകി പൗരോഹിത്യ പരിശീലനത്തിന് തെരഞ്ഞെടുത്തു. അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ ബാവായിൽ നിന്ന് പൂർണ്ണ ശെമ്മാശു പട്ടം സ്വീകരിച്ചു. ആ കാലത്ത് മഞ്ഞിനിക്കര ദയറായിൽ താമസിച്ചിരുന്ന യാക്കോബ് റമ്പാന്റെ ശിക്ഷണത്തിൽ (പിന്നീട് അന്ത്യോഖ്യാ പാത്രീയർക്കീസ്) സുറിയാനിയും സഭാനിയമങ്ങളും ശിക്ഷണങ്ങളും അഭ്യസിച്ചു തന്റെ പരിശീലന കാലത്ത് ഗുരുവിനെ മലയാള ഭാഷ പഠിപ്പിക്കുവാൻ സാധിച്ചു എന്നത് ഇന്നു ഗീവറുഗീസ്

malankaralibrary.com

അച്ചന് അഭിമാനം പകരുന്നതായിരുന്നു. തന്റെ സേവന കാലത്ത് വകയാററ് പുതിയ ദേവാലയം നിർമ്മിക്കുകയും കൂടലിൽ പഴയ ദേവാലയം പുതുക്കി നിർമ്മിക്കുകയും മനോഹരമായ കുരിശടിയും പള്ളിമേടയും നിർമ്മിക്കുകയും ചെയ്തു.

1934_ൽ വിവാഹം കഴിച്ചു. 1935 മാർച്ച് 24, ന് വൈദീകപട്ടം സ്വീകരിച്ചു. ചുട്ടിവട്ടത്ത് ഗീവറുഗീസ് കത്തനാരുടെ ചുറുചുറുക്കും പ്രവർത്തന ക്ഷമതയും നാട്ടുകാർക്കും ഇടവകക്കാർക്കും ആവേശം പകരുന്നതായിരുന്നു. ചെറുപ്പത്തിന്റെ രക്തത്തിളപ്പിലും ഇടവകയോടുള്ള താല്പര്യത്തിലും സ്വന്തം പറമ്പിന്റെയും നിലത്തിന്റെയും ഒരുഭാഗം പള്ളിപണിക്കു വിററു എന്ന സത്യം ദേശവാസികൾ ഇന്നും കൃതജ്ഞതയോടെ ഓർക്കുന്നുണ്ട്. തുടർന്ന് കിഴവള്ളൂർ, അടൂർ, ഏഴംകുളം, പന്നിവിഴ_ തുടങ്ങിയ യാക്കോബായ ഇടവകകളിൽ സ്തുത്യർഹമായി ശുശ്രൂഷ നടത്തി.

സഭയിൽ കക്ഷി വഴക്കു ശക്തി പ്രാപിച്ചിരുന്ന കാലമായിരുന്നു. മൂന്നാം കാതോലിക്കാ ഗീവറുഗീസ് മാർ ബസേലിയോസ് സമാധാന സന്ധിക്കായി അന്ത്യോക്യായിൽ അപ്രേം പ്രഥമൻ പാത്രിയർക്കീസിനെ സമീപിച്ച് അപേക്ഷ സമർപ്പിച്ചതും പാത്രിയർക്കീസു ബാവാ, കാതോലിക്കാ ബാവായെ പഠനമില്ലാത്തവനും ബുദ്ധിയില്ലാത്തവനും മററുമായി ചിത്രീകരിച്ചും മലങ്കരയിലേക്ക് കല്പന അയച്ചതുമെല്ലാം ചരിത്ര സത്യങ്ങളാണ്. പാത്രിയർക്കീസു ബാവായുടെ കല്പന പ്രകാരം ജനങ്ങളെ പഠിപ്പിക്കയും കാതോലിക്കയെ തിരസ്ക്കരിക്കുവാൻ ജനങ്ങളെ തയ്യാറാക്കുകയും ചെയ്ത് ശൗലിനെപ്പോലെ നീങ്ങിയിരുന്ന കാലം 1958 ഡിസംബർ 16_ന് രാത്രിയിൽ പഴയ സെമിനാരിയിൽ വെച്ച് യാക്കോബായ-ഓർത്തഡോക്സ് മേലദ്ധ്യക്ഷന്മാർ സമാധാന ചുംബനം നടത്തി. യൂദാസിന്റെ ചുംബനത്തിന്റെ ഒരു ആവർത്തനമായിരുന്നു ആ ചുംബനമെന്ന് എല്ലാവർക്കുമറിയാം. കാരണം സമുദായക്കേസിൽ തോററ യാക്കോബായക്കാർ

malankaralibrary.com

ഏഴു ലക്ഷം രൂപാ കോടതിയിൽ കെട്ടിവെയക്കേണ്ടിയിരുന്നു. ഇതിൽ നിന്ന് തടി തപ്പാൻ വേണ്ടി കോട്ടയത്ത് പ്രമാണിമാർ കണ്ടുപിടിച്ചതായിരുന്നു സമാധാന ചുംബനമെന്ന നാടകം. പഠിപ്പില്ലാത്തവനും, പട്ടമില്ലാത്തവനും സ്ഥിര ബുദ്ധിയില്ലാത്തവനും ആയ കാതോലിക്കാ ഒരു രാത്രി കൊണ്ട് എങ്ങനെ പാത്രിയർക്കീസിന് തല്പരനായി. വലിയ പണ്ഡിതനും ദൈവ ശാസ്ത്രജ്ഞനുമൊന്നുമല്ലാത്ത ഗീവറുഗീസച്ചന്റെ പള്ളിയിൽ കയറുവാൻ പല ശ്രമങ്ങളും നടത്തിയെങ്കിലും വിജയിച്ചില്ല.

സഭാ വഴക്കിന്റേയും കേസ്സുകളുടേയുമെല്ലാം നടുവിൽ ഗീവറുഗീസച്ചൻ തന്റെ പഠനവും പ്രാർത്ഥനയും തുടർന്നുകൊണ്ടിരുന്നു. നമ്മുടെ കർത്താവ് ഒരു സഭയെ സ്ഥാപിച്ചിട്ടുള്ളു. നമ്മുടെ പിതാവായ തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നത് സ്വന്ത രീതിയിലല്ല. ശ്ലീഹന്മാർ കുറിയിട്ട് അദ്ദേഹത്തെ ഇവിടേയ്ക്ക് അയച്ചതാണ്. അദ്ദേഹം ഭാരതത്തിൽ സ്ഥാപിച്ചത് സ്വതന്ത്ര സഭയല്ല. കർത്താവ് പത്രോസാകുന്ന പാറമേൽ പണിത സഭതന്നെയാണ് - കർത്താവ് പത്രോസിനാണ് സഹോദരങ്ങളെ ഉറപ്പിക്കാൻ അധികാരം നൽകിയിരിക്കുന്നത്. മുറിച്ചു മാററപ്പെട്ട ശിഖരങ്ങൾക്ക് ശക്തി ലഭിക്കയില്ല എന്നു തുടങ്ങിയ വിശുദ്ധ ഗ്രന്ഥ വചനങ്ങൾ ഗീവറുഗീസച്ചന്റെ ചിന്തയെ ചലനാത്മകമാക്കിക്കൊണ്ടിരുന്നു. സഭാ ചരിത്രവും അദ്ദേഹം പഠിക്കുവാൻ ശ്രമിച്ചു തന്റെ അന്വേഷണവും പഠനവും അധികം തുടരേണ്ടി വന്നില്ല സത്യം ഗ്രഹിക്കുവാൻ ശ്ലീഹന്മാർ എല്ലാം പത്രോസിനോടു ചേർന്നിരിക്കേണ്ടതാണ്. അദ്ദേഹത്തിന് ബോദ്ധ്യമായി. തന്റെ ബോദ്ധ്യം അദ്ദേഹം തന്റെ ജനത്തോടറിയിച്ചു. സത്യം അംഗീകരിക്കാൻ അവർക്ക് അധികം ആലോചിക്കേണ്ടി വന്നില്ല. ഗീവറുഗീസച്ചനിൽ ജനത്തിനത്രമാത്രം വിശ്വാസമായിരുന്നു.

1962 ഒക്ടോബർ 4-ാം തീയതി വ്യാഴാഴ്ച നാലര മണി സമയം മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനായി

malankaralibrary.com

രുന്ന അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി തന്റെ ഭവനാങ്കണത്തിൽ എഴുന്നെള്ളി 453 വ്യക്തികളെ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് ചേർത്ത സംഭവം വിവരിക്കുമ്പോൾ, 86 കാരനായ ഗീവറുഗീസച്ചന് നാവുകൾ ആയിരമാകും. തങ്ങൾ പാലിച്ചിരുന്ന പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും അതേപടി തുടരാം. പത്രോസിന്റെ നേതൃത്വ ത്തിൽ നിൽക്കയും ചെയ്യാം. തന്റെ മനസ്സിന്റെ പ്ര ക്ഷുബ്ധാവസ്തക്കൊരു ശമനം വേണം. കക്ഷിവഴക്കില്ല, കേസ്സില്ല, കോടതി വേണ്ടാ, കാപട്യം വേണ്ടാ ഇതിൽപര മെന്തുവേണം.

ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ഗീവറു ഗീസച്ചനെ വിശേഷിപ്പിച്ചത് ''കത്തോലിക്കാ സഭയിൽ ചരിത്രം സൃഷ്ടിച്ച വ്യക്തി'' എന്നാണ്.

താൻ സ്വന്തം പറമ്പും നിലവും വിററ് പണിയി പ്പിച്ച പള്ളിയും മേടയും കുരിശടിയും നഷ്ടപ്പെടേണ്ടി വന്ന വ്യവഹാരത്തെക്കുറിച്ച് ഓർക്കുമ്പോൾ ഇപ്പോഴും അദ്ദേഹത്തിനല്പം ഹൃദയ വ്യഥയുണ്ട്. നീതിമാനായ ഒരു വിധിയാളുണ്ടല്ലോ. അവിടെ നീതിയും സത്യവും മാത്രം വിജയിക്കും എന്ന ചിന്ത മാത്രമാണ് അദ്ദേഹ ത്തിന്റെ ആശ്വാസം.

കത്തോലിക്കാ സഭയിൽ ചേർന്ന ശേഷം തന്റെ വസ് തുവിൽ തന്നെ ചാപ്പൽ നിർമ്മിച്ച് 1974 വരെ നടത്തി. 1980-ൽ അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരവും പ്രായം പരിഗണിച്ചും അഭിവന്ദ്യ തിരുമേനി ഇടവക ഭരണത്തിൽ നിന്നും അദ്ദേഹത്തെ വിമുക്തനാക്കി. എങ്കിലും തന്റെ പ്രേഷിത തീഷ്ണതമൂലം 1988 വരെ അദ്ദേഹം അതിരു കൽ, മുറിഞ്ഞകൽ, നെടുവങ്കാവ്, കൂടൽ തുടങ്ങി അനേ കം ഇടവകകളിൽ വികാരിമാരെ സഹായിച്ചിരുന്നു. 1995 ജനുവരി 21-ന് 86 വയസ്സ് പൂർത്തിയായ അദ്ദേഹം ഞായറാഴ്ചകളിലും മാറാനായ പെരുനാൾ ദിവസങ്ങളി

malankaralibrary.com

ലും സമീപ ഇടവകകളിൽ ശുശ്രൂഷയ്ക്ക് സഹായിക്കാൻ ഉത്സുകനാണ്. വാർദ്ധക്യത്തിന്റെ ക്ഷീണങ്ങൾ അവഗണിച്ചുകൊണ്ട് സുസ്മേരവദനായി കടന്നു വരുന്ന ഗീവറുഗീസച്ചൻ എപ്പോഴും എല്ലാവർക്കും പ്രിയങ്കരനാണ്.

1960 മെയ് മാസത്തിൽ തന്റെ മാനസപുത്രിയായ കൂടൽ സെന്റ് പോൾസ് പള്ളിയിൽ വെച്ച് ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കായുടെ അദ്ധ്യക്ഷതയിൽ പൗരോഹിത്യ രജത ജൂബിലിയും 1985 ഫെബ്രുവരി 10 – ന് കൂടൽ പത്താം പീയൂസിന്റെ പള്ളിയിൽവെച്ച് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പൗരോഹിത്യ കനക ജൂബിലിയും വളരെ ആഘോഷ സമന്വയം കൊണ്ടാടി.

ഇപ്പോൾ തന്റെ മകനോടൊത്ത് സ്വഭവനത്തിൽ വിശ്രമ ജീവിതം നയിക്കുന്നു. 1992-ൽ രോഗാതുരനായപ്പോൾ തൈലാഭിഷേക ശുശ്രൂഷ സ്വീകരിച്ച കാര്യം അദ്ദേഹം എടുത്തു പറയാറുണ്ട്. മലങ്കര കത്തോലിക്കാ സഭയിലെ ഏററം പ്രായം കൂടിയ വൈദീക ശുശ്രൂഷയിൽ അറുപത് വർഷങ്ങൾ പൂർത്തിയാക്കുക വളരെ ചുരുക്കം പേർക്കു മാത്രം ലഭിക്കുന്ന ഒരു ഭാഗ്യം. അടുത്തുവരുന്ന മാർച്ച് 24 ന് അദ്ദേഹം വൈദീക ശുശ്രൂഷയിൽ 60 വർഷങ്ങൾ പൂർത്തിയാക്കുകയാണ്. പുനരൈക്യത്തിന്റെ ധീരപടയാളിക്ക് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

> "എന്നാൽ ഒന്നു ഞാൻ അറിയുന്നു. ഞാൻ എന്റെ പിമ്പിലുള്ളവയിലേക്ക് നേരെ ഞാൻ പായുകയും യേശുമ്ശിഹാ മൂലമായി ഉയരത്തിൽ നിന്നുള്ള ദൈവത്തിന്റെ വിളിയുടെ വിജയം പ്രാപിക്കുവാനായി ലക്ഷ്യത്തിനുനേരെ ഓടുകയും ചെയ്യുന്നു.
>
> വി. പൗലോസ്
>
> (ഫിലി. 3:14.)

ദൈവത്തിനു മഹത്വം അർപ്പിച്ചു കൊണ്ട് ഉപസംഹരിക്കുന്നു.

malankaralibrary.com

# സംഭവ കഥ

പരിശുദ്ധ ഗീവറുഗീസ് സഹദായുടെ പാൽ വർണ്ണമുള്ള കുതിരയുടെ കാൽ കൊളമ്പടി കേട്ട സംഭവ കഥ.

കൊല്ലവർഷം 1094– വൃശ്ചികം 5–ന് രാത്രി ഉദ്ദേശം രണ്ടുമണി സമയത്ത്.

എന്റെ വാത്സല്യ പിതാവ് കൂടലിൽ കൗങ്ങും പള്ളിയിൽ പരേതനായ കുഞ്ഞുമ്മൻ വറുഗീസ് ഒരു വ്യാപാരിയായിരുന്നു. ഞങ്ങളുടെ താമസം കൂടൽ ചന്തസ്ഥലത്തിനും റോഡിനും പടിഞ്ഞാറ്വശത്ത് ഇന്നത്തെ കൗങ്ങും പള്ളി ഭവനത്തിലായിരുന്നു. ടി സ്ഥലവും കെട്ടിടവും ചന്തസ്ഥലവും പിൽകാലത്തു വിററ് കൈമാറിയതാണ്,

എന്റെ സഹോദര സഹോദരികളായി ഞങ്ങൾ അഞ്ചു മക്കൾ. എന്റെ ജേഷ്ഠൻ, ഞാനും എന്റെ നേരെ ഇളയതായി മൂന്നു സഹോദരികളും, ഇളയ സഹോദരിക്ക് ഒരു വയസ്സ് പ്രായം.

എന്റെ വാത്സല്യ പിതാവ് വ്യാപാരിയായിരുന്നു എന്ന് മുൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ടിയാന്റെ വ്യാപാര കാലത്ത് ചെങ്കോട്ടയിൽ നിന്നും ഒരു വ്യാപാരി വന്ന് മാവിൻതടി വാങ്ങിച്ച് 10 അടി നീളം 1 അടി വീതി 1ഘനത്തിൽ അറപ്പിച്ചു അവിടെ ഓർഡർ ചെയ്തു. അതിൻ പ്രകാരം രണ്ടു കാളവണ്ടി പലക കൊണ്ടു കൊടുത്തു. വീണ്ടും എട്ട് വണ്ടി പലക (16 കണ്ടി) കൊണ്ടുകൊടുക്കാനവശ്യപ്പെട്ട് അഡ്വാൻസും വാങ്ങി വന്ന് പലക ശേഖരിച്ചു. എന്നാൽ അന്ന് കാളവണ്ടി കുറവായതിനാൽ ഏഴംകുളത്തുനിന്ന് രണ്ട് കാളവണ്ടിയും പത്തനാപുരം പുതുവലിൽ നിന്ന് നാല് കാളവണ്ടിയും ഞങ്ങളുടെയും കൂടൽ പൂവണ്ണാൽ മാത്തുണ്ണിയുടെയും കാളവണ്ടികളായി എട്ട് വണ്ടി പലക കയററി എന്റെ വാത്സല്യ പിതാവും കൂട്ടു വ്യാപാരികളായ കൂടൽ പുതുപറമ്പിൽ മാത്തൻ, പൂവണ്ണാൽ മാത്തുണ്ണി വണ്ടിക്കാരുമായി ചെങ്കോട്ടയ്ക്ക് തിരിച്ചു. രണ്ടു ദിവസത്തിനുശേഷം അവിടെ എത്തി. വ്യാപാരംനടത്തി തിരികെ പോരാൻ രണ്ടു ദിവസം താമസിക്കേണ്ടി

malankaralibrary.com

വന്നു. ഇതിനകം പകർച്ച വ്യാധിയായ കോളറ പിടിപെട്ടു പലരും ആ കൂട്ടത്തിൽ ഏഴംകുളത്തുനിന്നും കൊണ്ടുവന്ന ഒരു വണ്ടിക്കാരൻ അവിടെ വച്ച് മരിച്ചു. ശവം വണ്ടിയിൽ കൊണ്ടുവന്നു പറക്കോട് പള്ളിയിൽസംസ്ക്കരിച്ചു. മററു പലർക്കും കോളറ പിടിപെട്ടു. ആ കൂട്ടത്തിൽ പുതുപറമ്പിൽ മാത്തനും പൂവണ്ണാൽ മാത്തിണ്ണിക്കും എന്റെ പിതാവിനു കോളറ പിടിപെട്ട് അവരവരുടെ ഭവനങ്ങളിൽ കിടപ്പായി. വണ്ടിക്കാർക്ക് സാരമില്ലായിരുന്നു. വീടുകളിൽ രോഗികളുടെ കിടപ്പ് പഴയ കയറു കട്ടിലിന്റെ കയർ വലിച്ചുകെട്ടി ദ്വാരം ഉണ്ടാക്കിയും അരിപ്പായ്ക്ക് ദ്വാരം ഉണ്ടാക്കിയും താഴെ കമുകിന്റെ പാളയിൽ ഉമി–ചാരം ഇട്ട് കട്ടിലിന്റെ കീഴിൽ വച്ചിരിക്കയാണ്. അതാത് സമയത്ത് എടുത്തു മാററിയിരുന്നു. കോളറ ബാധിച്ചു കിടന്നവരുടെ സ്ഥിതി ഇതായിരുന്നു. ആ കാലയളവിൽ വലിയ ചികിത്സാ സൗകര്യങ്ങൾ ഒന്നും ഈ നാട്ടിൽ ഉണ്ടായിരുന്നില്ല. കലഞ്ഞൂരിൽ വൈദ്യനായി ഒരു കണിയാനുണ്ട്. ടിയാൻ കോളറ പകരുന്ന വ്യാധിയാണെന്നുള്ള ഭയത്താൽ വന്നില്ല. ഏതോ കഷായത്തിനുള്ള കുറിപ്പ് അതുംപ്രകാരം ടി രോഗികൾക്ക് കൊടുത്തുകൊണ്ടിരുന്നു. എന്നാൽ 5–ന് 4 മണിയോട് കൂടി അവരിൽ ഒരാളായ പൂവണ്ണാൽ മാത്തുണ്ണി മരിച്ചു. ആ വിവരം എന്റെ പിതാവിന് അറിവായി. ടി. കിടപ്പിൽ കിടന്നു ഏതോ പ്രാർത്ഥന നടത്തി അന്നു രാത്രിയിൽ ഉദ്ദേശം ആറുമണിയോടു കൂടി എന്റെ പിതാവ് ചാടി എഴുന്നേററ് രണ്ടു കൈകൊണ്ടും നെഞ്ചത്തടിച്ച് എന്റെ ഗീവറുഗീസ് സഹദായെ എന്ന് പല പ്രാവശ്യം ഉരുവിട്ടു. ആ ശബ്ദം കേട്ട് എന്റെ അമ്മയും ജേഷ്ഠനും ഞാനും ഉറക്കത്തിൽ ഉണർന്നപ്പോൾ മണ്ണെണ്ണ വിളക്ക് കത്തി ഇരുപ്പുണ്ടായിരുന്നു. ഞങ്ങളുടെ പിതാവു പറഞ്ഞു നിങ്ങൾ കേൾക്കുന്നുണ്ടോ അതാ ഒരു കുതിരയുടെ കുളമ്പടി ശബ്ദം. ഞങ്ങൾ നല്ലതുപോലെ കേട്ടു. ഞങ്ങളുടെ വീടിന്റെ ഒരു വളവിനു തെക്ക് ഒരു തോടും അതിൻ മീതെ പലക നിരത്തിയ പാലവും ആ പാലത്തിൻ മീതെ ഉണ്ടായ ശബ്ദം ഞങ്ങളുടെ വീടിനു വടക്കുവശത്ത് ഒരു ചെറിയ തോടും കലുങ്കും ഉണ്ട്. ആ കലുങ്കുവരെ ചെന്നിട്ട് തിരിച്ച് തെക്കോട്ടുള്ള യാത്രയിൽ തെക്കേ പാല

malankaralibrary.com

ത്തേൽ കയറി ഇറങ്ങുന്നതുവരെ ആ കുതിരയുടെ കുളമ്പടി കേട്ടു. അല്പം കഴിഞ്ഞപ്പോൾ എൻെറ പിതാവ് അമ്മയോടു പറഞ്ഞു കുളിക്കണമെന്ന്. വെള്ളം ചൂടാക്കി കുളി കഴിഞ്ഞ് കുറെ കഞ്ഞി വാങ്ങിക്കുടിച്ചു. അപ്പോഴേക്കും പ്രഭാതമായി ഉടനെ വസ്ത്രം മാറി മരിച്ച സ്നേഹിതൻെറ വീട്ടിൽ പോയി അപ്പോഴേക്കും ഓമല്ലൂർ പ്രക്കാണത്തു നിന്നും കൂടൽ യാക്കോബായ പള്ളി വികാരിയായിരുന്ന പാറയ്ക്കൽ ബ: തോമസ് അച്ചനും കപ്യാരും വന്നു. പ്രാർത്ഥനകൾ നടത്തി കൂടൽ സെൻറ് പോൾസ് യാക്കോബായ പള്ളി ശവക്കോട്ടയിൽ ടി പൂവണ്ണാൽ മാത്തുണ്ണിയുടെ മൃതശരീരം അടക്കം ചെയ്തു. 94-വൃശ്ചികം 6-ന് 11 മണിയോടുകൂടി. അതിനു ശേഷം പുതുപറമ്പിൽ മാത്തൻെറ വീട്ടിൽ ചെന്ന് ടിയാനു വേണ്ടി പ്രാർത്ഥിച്ചു. ടിയാനെ എഴുന്നേററ് ഇരുത്തി കുറെ കഞ്ഞി കുടിപ്പിച്ച ശേഷം വീട്ടിൽ വന്നു. പിന്നീട് ക്ഷീണമില്ലാതെ എൻെറ പിതാവിനും ടി പുതുപറമ്പിൽ മാത്തനും ഉണ്ടായിരുന്നില്ല. ദൈവ കരുണയാൽ അവർ പഴയ ജോലികളിൽ പ്രവേശിച്ചു.

ഈ സംഭവകഥ വായിക്കുന്നവർ ചിന്തിക്കും അന്ന് എനിക്ക് പത്തു വയസ്സല്ലേയുള്ളൂ. ആ സ്ഥിക്ക് മേൽ പറഞ്ഞ ആണ്ട്, തീയതി എങ്ങനെ ഓർമ്മയിൽ വന്നു എന്ന് അത് ടി പൂവണ്ണാൽ മാത്തുണ്ണി മരിച്ച് അടക്കം ചെയ്ത വിവരം ടി പള്ളി റിക്കാർഡിൽ നിന്നും ലഭിച്ചു. ടി പള്ളി റിക്കാർഡിൽ രേഖപ്പെടുത്തിയ ബുക്ക് ഇപ്പോഴും എൻെറ കൈവശമുണ്ട്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ വന്നാൽ നേരിട്ടുകാണാം. ആ റിക്കാർഡ് കൂടൽ സെൻറ് പോൾസ് യാക്കോബായ പള്ളി കണക്കൻ, അങ്ങാടിക്കൽ എണ്ണശ്ശേരിയിൽ നിന്നും കൂടലിൽ (മൊട്ടക്കാട്ടിൽ) എണ്ണശ്ശേരി വീട്ടിൽ ഇയ്ത എന്നയാൾ ആയിരുന്നു ടിയാൻെറ സ്വന്ത കൈപ്പടയിൽ എഴുതിയതു തന്നെ ടിയാൻ 1108-ൽ മരിച്ച് ടി പള്ളി ശവക്കോട്ടയിൽ എൻെറ കാർമ്മികത്വത്തിൽ അടക്കം ചെയ്തു.

കൂടാതെ പരേതനായ എൻെറ അഭിവന്ദ്യ പിതാവ് പരിശുദ്ധ ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥത, വിശ്വാസിയും ആയിരുന്നു. അദ്ദേഹവും പല പ്രാവശ്യം ഈ കാര്യങ്ങൾ ഞങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ഇരുന്നു.

malankaralibrary.com

## പരീക്ഷ

1962, ഒക്ടോബർ 4-ാംതീയതി 4 മണിക്ക് എന്റെ വസതിയിൽ വച്ച് തിരുവനന്തപുരം അതിരൂപതാ അദ്ധ്യക്ഷൻ കാലംചെയ്ത അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ മുമ്പാകെ കൂടൽ സെൻറ് പോൾസ് യാക്കോബായ സുറിയാനിപള്ളി വികാരിയായ ഞാനും കുടുംബവും ഇടവകാംഗങ്ങളായ 93 കുടുംബത്തിൽനിന്നും ഞങ്ങൾ 453 അംഗങ്ങൾ ഒരേസമയം കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു.

ഓർത്തഡോക്സ് സഭാപ്രമാണികൾ പ്രതിഷേധിച്ച് കേസ്സ്കൊടുത്തതനുസരിച്ച് 5-ാംതീയതി രാവിലെ 9 മണിക്ക് ഗവ: അധികാരികൾ ഞങ്ങൾ ഒൻപതുപേരെ അറസ്റ്റ്ചെയ്തു. 1. ഞാൻ, 2. എന്റെ മകൻ ശെമ്മാശ്ശൻ, 3. എന്റെ സഹോദരൻ കുഞ്ഞപ്പി, ബാക്കി ആറുപേർ ഇടവക കമ്മററിക്കാർ ആയിരുന്നു.

എന്നാൽ 7-ാംതീയതി കോടതി മുമ്പാകെ ഹാജരായിക്കൊള്ളാമെന്നുള്ള വ്യവസ്ഥയിൽ എന്റെ സ്വന്തജാമ്യത്തിൽ വിട്ടു. അവർ പോയി.

അന്നു സന്ധ്യയോടുകൂടി എന്റെ വസതിയിൽ സ്നേഹിതരായ ചിലരുമായി സംസാരിച്ചുകൊണ്ട് ഇരിക്കുമ്പോൾ 8 മണിയോടട് എന്റെ പഴേ ഉററ രണ്ടുസ്നേഹിതന്മാർ വന്നുകയറി എന്നോടു പല കാര്യങ്ങൾ സംസാരിക്കുവാനുണ്ടെന്നും പറഞ്ഞു.

ഞങ്ങൾ മൂവരും പ്രത്യേക മുറിയിൽ പ്രവേശിച്ച് സംസാരം ആരംഭിച്ചു. അവരുടെ ആഗ്രഹം ഞങ്ങൾ എടുത്ത തീരുമാനത്തിൽനിന്നും പിന്മാറണം. ആയതിനു പലതുംപറഞ്ഞു. ഞാൻ തീർത്തും പറഞ്ഞു, എന്തെല്ലാം കഷ്ടനഷ്ടങ്ങൾ ഉണ്ടായാലും പള്ളിയും പറമ്പും നഷ്ടപ്പെട്ടാലും ഇപ്പോഴത്തെ കേസ്സ്മൂലം ഈ ഉള്ളവസ്തുപോയാലും

malankaralibrary.com

ഞങ്ങൾ എടുത്ത തീരുമാനത്തിൽനിന്നും പിന്മാറുകയില്ല എന്നു തീർത്തുപറഞ്ഞപ്പോൾ അവർ മൂന്നുവ്യവസ്ഥകൾ നിരത്തിവച്ചു.

നമ്മുട കർത്താവ് സ്നാനംകഴിഞ്ഞ് 40 ദിവസം പ്രാർത്ഥനയും ഉപവാസവും കഴിഞ്ഞ് പുറത്തുവന്നപ്പോൾ പിശാചും മൂന്നുതരത്തിൽ പരീക്ഷിച്ചു. കല്ലുകൾ അപ്പമായും ദേവാലയത്തിന്റെ അഗ്രത്തിൽനിന്നു താഴോട്ടു ചാടാനും വീണു വന്ദിക്കാനും.

അതുപോലെതന്നെ അവർ എന്റെ മുന്നിൽ നിരത്തിയ വ്യവസ്ഥ എന്ന് അപ്പോൾ എനിക്കുതോന്നി. വ്യവസ്ഥ: (1) അച്ചന്റെ പള്ളി മുൻഭരിച്ചതുപോലെ എന്റെ ആയുഷ്ക്കാലംവരെ ഭരിച്ചുകൊള്ളുക, അതിൽ മററാരേയും പ്രവേശിപ്പിക്കുകയില്ല. (2) കൊല്ലം ഭദ്രാസനത്തിൽ അഭിവന്ദ്യതിരുമേനി കഴിഞ്ഞാൽ എല്ലാ സ്ഥാനമാനങ്ങളും എനിക്കുതന്നെ. എന്താ പോരെ? (3) ഇപ്പോൾ വല്ല കടബാദ്ധ്യതകളും ഉണ്ടെങ്കിൽ ഏറെക്കുറെ അതുപരിഹരിക്കാം.

എന്താ ഇതിൽകൂടുതൽ വേണോ? അതുകൊണ്ട് നിർബ്ബന്ധബുദ്ധി എടുക്കാതെ പിന്മാറുകയാണ് വേണ്ടത്.

## പരീക്ഷ - 2

വന്ന സ്നേഹിതൻമാർ ഓർത്തഡോക്സ് സഭയിലെ മുൻപട്ടക്കാരന്റെ സഹോദരൻ ഒരാൾ, മറേറയാൾ ടി സഭയിലെ ഒരു പട്ടക്കാരന്റെ പിതാവ്. ഇവർ രണ്ടുപേരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

എന്റെ മറുപടികൾ ഒന്നും അവർക്ക് സ്വീകാര്യമല്ല. അവർക്കു ഒന്നേയുള്ളു ഞങ്ങൾ പിന്മാറണം. അവസാനം ഞാൻ പറഞ്ഞതു നിങ്ങളുടെ അടുക്കൽ സഭാചരിത്രം ഒന്നും നിറുത്തിവയ്ക്കുന്നില്ല. വി: വേദപുസ്തകത്തിൽനിന്നു മാത്രം ഒന്നുപറഞ്ഞുകൊള്ളട്ടെ. വി: മത്തായിശ്ലീഹാ പുതിയ സുവിശേഷം 16-ാം അദ്ധ്യായത്തിൽ കർത്താവ് സഭ

malankaralibrary.com

സ്ഥാപിച്ചത് പത്രോസിന്മേലാണെന്നും സർവ്വ അധികാരവും നല്കിയെന്നും വീണ്ടും ആ പത്രോസിനോടു പറയുന്നു. വി: യോഹന്നാൻ ശ്ലീഹാ എഴുതിയ സുവിശേഷം 21-ൽ പത്രോസിനോട് നീ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ ആടുകളെ മേയ്ക്കുക. അപ്പോരം സഭ സ്ഥാപിച്ചപ്പോരം ആടുകളെ മേയിക്കാനും പത്രോസിനെയാണ് ഏല്പിച്ചത്. ആ പത്രോസ് സ്ഥാപിച്ച സഭ റോമാ സഭതന്നെ. പത്രോസിന്റെ പിൻഗാമി പരി: റോമാപാപ്പാ തന്നെ. അല്ലാതെയുള്ള സകല സഭകളും അതാതുകാലത്ത് സ്ഥാനത്തിനും പണത്തിനും ഉണ്ടായിട്ടുള്ളതാണ്. 1958-ലെ സഭാസമാധാനത്തിനുശേഷം 3 കൊല്ലം ഞാൻ പഠിച്ചതിന്റെ ഫലമാണ് ശരിയായ സഭ കണ്ടുപിടിച്ച് എന്റെ സ്നേഹിതന്മാരായ ആത്മീയമക്കളെ പഠിപ്പിച്ച് ഞങ്ങരം ഒരുമിച്ച് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത്. അത് ഞങ്ങരംക്ക് ഭാഗ്യമെന്നു വിശ്വസിക്കുകതന്നെയല്ല നിത്യജീവിതാവകാശികളുമായി—രണ്ടര മണിക്കൂർനേരം സംസാരിച്ചത് ഫലപ്പെടുകയില്ല എന്നു കണ്ടപ്പോരം അവർ നിരാശരായിപ്പോയി—കുറച്ചുനാരം അത്ര സ്നേഹംകാട്ടിയില്ല. ഇപ്പോരം പഴേതിൽ ഇരട്ടി സ്നേഹവും തമ്മിൽ കണ്ട് സംസാരിക്കുന്നതിനിടയിൽ അവരുടെ നാവിൽ നിന്നുതന്നെ വരുന്നു അച്ചൻ ഭാഗ്യവാൻ എന്ന്. ഓ! ദൈവത്തിനു കഴിയാത്തതു ഒന്നുമില്ലല്ലോ. ദൈവത്തിനു സ്തുതി.

malankaralibrary.com

# ഉടമ്പടി

No. 1713 C.

**എട്ടണപത്രം**

സുറിയാനി കണക്കിന് ക്രിസ്താബ്ദം 1935-ാംമാണ്ട് മീനമാസം 9-ാംതീയതിക്ക് 110 മീനം 9-ാംതീയതി കോട്ടയം താലൂക്കിൽ ടി പകുതിയിൽ വേളൂർകരയിൽ പാണമ്പടിക്കൽ പള്ളിയിൽ എഴുന്നെള്ളിയിരിക്കുന്ന യാക്കോബായ സുറിയാനി ക്രിസ്തുമതം 54, തിരുവയസ്സുള്ള കൊല്ലം മുതലായ മെത്രാസന ഇടവകയുടെ നി.വ.ദി. ശ്രീ. മിഖായേൽ മാർ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പേർക്ക് കൊല്ലം ഡിവിഷൻ കുന്നത്തൂർ താലൂക്ക് ഏനാദിമംഗലം പകുതിയിൽ കൂടലിൽ മുറിയിൽ ചുട്ടിവട്ടത്ത് പുത്തൻവീട്ടിൽ യാക്കോബായ സുറിയാനി ക്രിസ്തുമതം ഗീവറുഗീസ് മകൻ വൈദികവൃത്തി 27 വയസ്സുള്ള ഗീവറുഗീസ്സ് ശെമ്മാശൻ എഴുതിവച്ച ഉടമ്പടി.

എനിക്ക് 1108-ലെ 584-ാം നമ്പർ ഭാഗപ്രകാരം സിദ്ധിച്ചിട്ടുള്ളതും കൊല്ലം മെത്രാസന ഇടവകയിൽ ഉൾപ്പെട്ടതും ആയ താഴെ പറയുന്ന കൂടലിൽ മാർ പൗലോസ് പള്ളിയേയും വസ്തുവിനേയും സംബന്ധിച്ച് ടി പള്ളിയിലെ കാര്യാദികൾ ഏററവും ഭംഗിയായി നടക്കുന്നതിനും പള്ളിക്ക് മേൽ അഭിവൃദ്ധിപ്പെട്ടു വരുന്നതിനുംവേണ്ടി താഴെ പറയുന്ന വ്യവസ്ഥകളോടുകൂടി ഈ ഉടമ്പടി എഴുതുന്നതാകുന്നു.

(1) ടി പള്ളി അന്ത്യോഖ്യായുടെയും കിഴക്കൊക്കയുടെയും നി-വ-ദി-മ-ശ്രീ. മോറാൻ മോർ ഇഗ്നാത്യോസ് അബ്ദേദാലോഹോ ദ്വിതീയൻ പാത്രിയർക്കീസ് ബാവാ തിരുമേനിയിൽ നിന്നും മെത്രാപ്പോലീത്താ സ്ഥാനമേററ് സ്ഥാത്തിക്കോൺ പ്രാപിച്ച് കൊല്ലം തുമ്പമൺ മുതലായ ഇടവകകൾ ഭരിച്ചുവന്ന നി-വ-ദി-ശ്രീ. പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കല്പന പ്രകാരം ഗവൺമെൻറിൽനിന്നും 1092-ാം ആണ്ട് അനുവാദം കൂടി സ്ഥാപിച്ച് അദ്ദേഹത്താൽ ഭരിക്കപ്പെട്ട് വന്നിരു

malankaralibrary.com

ന്നതും അദ്ദേഹത്തിൻെറ കാലശേഷം പാത്രിയർക്കീസ് ബാവാ തിരുമേനിയിൽനിന്നും സ്ഥാനമേററ് സ്ഥാത്തിക്കോൺ പ്രാപിച്ച നി-വ-ദി-മ-ശ്രീ പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയാൽ ഭരിക്കപ്പെട്ടിരുന്നതും അന്ത്യോഖ്യായുടെയും കിഴക്ക് ഒക്കയുടെയും നി-വ-ദി-മ-ശ്രീ മോറാൻ മോർ ഇഗ്നാത്തോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമേനിയിൽ നിന്നും മെത്രാപ്പോലീത്താ സ്ഥാനമേററ് സ്ഥാത്തിക്കോൺ പ്രാപിച്ച് കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം എന്നീ ഇടവകകൾ ഭരിച്ചുവരുന്ന തിരുമനസ്സിലെ അധികാരത്തിൻകീഴിൽ ഇപ്പോൾ ഇരിക്കുന്നതുമാകുന്നു.

(2) ടി പള്ളിസംബന്ധമായ കാര്യങ്ങളിൽ ഇടവകയിലെ വൈദികൻ എന്ന നിലയിലും മററുള്ളവരെപോലെ ഇടവകാംഗം എന്ന നിലയിലും ഉള്ള അവകാശമല്ലാതെ എൻെറ സ്വന്തം എന്നുള്ള വിധത്തിൽ യാതൊരു അവകാശവും ഇല്ലാത്തതുമാണെന്ന് ഞാൻ സമ്മതിച്ചിരിക്കുന്നു.

(3) ടി പള്ളിയുടെ സകല ഭരണാധികാരവും തിരുമനസ്സിലേക്ക് ഉള്ളതും ടി പള്ളി ഇടപ്പെട്ടുണ്ടാകുന്ന സകല കാര്യങ്ങളിലും തിരുമനസ്സുകൊണ്ട് ചെയ്യുന്ന തീരുമാനങ്ങൾ ഇടവകയിൽപ്പെട്ട എല്ലാവരും പൂർണ്ണമായി അനുസരിച്ച് നടന്നുകൊള്ളേണ്ടതുമാകുന്നു. ഇതിന് എതിരായി നടക്കുന്ന യാതൊരുത്തർക്കും പള്ളി മേലോ സ്വത്തുക്കളിൽ മേലോ യാതൊരു അവകാശാധികാരങ്ങൾ ഇല്ലാത്തതുമാകുന്നു.

(4) വി. അന്തോഖ്യാ പാത്രിയാർക്കീസ് ബാവാ തിരുമനസ്സിലെ ആജ്ഞയിൻ കീഴിലും അതാതുകാലത്തു വി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായിൽനിന്നും മെത്രാപ്പോലീത്താ സ്ഥാനമേററു സ്ഥാത്തികോൺ പ്രാപിച്ച് കൊല്ലം മെത്രാസന ഇടവകയ്ക്ക് നിയമിച്ച് ആക്കപ്പെടുന്ന മെത്രാപ്പോലീത്തന്മാരാൽ മാത്രം ടി പള്ളി ഭരിക്കേണ്ടതുമാകുന്നു. ഈ അധികാരത്തിൻകീഴിൽ വി. യാക്കോബായ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങൾ അനുസരിച്ച് നടക്കുന്നവരായി ഇപ്പോൾ ഉള്ളവരും മേലാൽ

malankaralibrary.com

ആരെങ്കിലും ചേരുന്നു എങ്കിൽ അവരും ടി പള്ളിയിൽ സമാവകാശികളാകുന്നു.

(5) സ്ഥാനഭ്രംശം ചെയ്യപ്പെട്ട അബ്ദുൽ മ്ശിഹാ യിൽനിന്നും കത്തോലിക്കാ സ്ഥാനം സിദ്ധിച്ചു എന്നു ഭാവിച്ച ആളുകളെയും ഇപ്പോഠം കത്തോലിക്ക എന്നു ഭാവി ച്ചുവരുന്ന ആളിനെയും ടി അബ്ദുൽ മ്ശിഹായിൽ നിന്നും മെത്രാസ്ഥാനം ഏററു എന്നു ഭാവിച്ച ആളുകളെ യും ടിയാൻമാരിൽ നിന്നും സ്ഥാനം പ്രാപിച്ചു എന്ന് ഭാവിക്കുന്നവരേയും സ്വീകരിക്കുന്ന യാതൊരുത്തർക്കും ഈ പള്ളിയിലും പള്ളി സ്വത്തുക്കളിലും യാതൊരുവിധ അധികാരാവകാശങ്ങളും ഇല്ലാത്തതും ആകുന്നു. സബ്ബ് ഡിസ്ട്രിക്ററിൽ വസ്തുവിവരം, കൊല്ലം ഡിസ്ട്രക് ടിൽ കുന്നത്തൂർ താലൂക്കിൽ ഏനാദിമംഗലം പകുതിയിൽ കൂടൽ മുറിയിൽ തരിശിനും മേക്ക് ഈട്ടി നിൽക്കുന്നതിൽ കൃഷ്ണൻ വക സ്ഥലത്തിനും ഇടവഴിക്കും തെക്ക് പന്നി മണ്ണിൽ ഗീവറുഗീസ് വക പാട്ടം സർവ്വെ $\frac{871}{5}$ ഒരേക്കർ അഞ്ചുസെൻറ് ഉള്ള കാഞ്ഞിരം നില്ക്കുന്ന പുരയിടവും അതിൽ നില്കുന്ന ദേവാലയവും ആകുന്നു. ഇതുകൂടാ തെ പാണമ്പടിയ്ക്കൽ പള്ളിവക കോട്ടയം ഡിസ്ട്രിക് ററിൽ ടി സബ് ഡിസ്ട്രിക്ററിൽ ടി താലൂക്കിൽ ടി പകുതിയിൽ വേളൂർ കരയിൽ പുളിവേലി പറമ്പിൽ വക സ്ഥത്തിനും മേക്ക് പുന്നച്ചിറ വക സ്ഥലത്തിനും വട ക്ക് ആററിനും കിഴക്ക് പുളിവേലി പറമ്പിൻവക സ്ഥല ത്തിനും തെക്ക് ഇവനടുവിൽ ഇനം സർവ്വെ $\frac{246}{10}$-ാംനമ്പ രിൽപ്പെട്ട ഒരുസെൻറ് സ്ഥലത്തിൽ നില്ക്കുന്ന ഒരു തേക്കിന് ഒരുപണം പാട്ടമായി ഒരുമാസത്തേക്ക് ഏററിരി ക്കുന്നതിനാൽ ആ വൃക്ഷം പാട്ടത്തോടുകുടി ഒഴിഞ്ഞു കൊള്ളാം. ഇപ്രകാരം ഈ ഉടമ്പടി എഴുതിവച്ച ഗീവറു ഗീസ് ശെമ്മാശ്ശൻ ഒപ്പ്.

സാക്ഷി—(1) പുന്നച്ചിറയിൽ ഉതുപ്പ്ചാക്കോ
(2) മണക്ക ഇത്തിലായി ആറുപറയിൽ
ഇട്ടി ഇട്ടി ഒപ്പ്.

കൈപ്പാ—ഇഞ്ചക്കാട്ടുവീട്ടിൽ നീലകണ്ഠപണിക്കർ ഒപ്പ്.
1110 മീനമാസം 9-ാംതീയതി പകൽ ഒന്നരമണിക്ക് കോട്ടയം സബ് രജിസ്ട്രർ ഓഫീസിൽ ഹാജരാക്കപ്പെട്ടു.

malankaralibrary.com

✠

# കുരിശിൻെറ പ്രാർത്ഥന

ഓ! ആരാധ്യനായ ദൈവമേ, രക്ഷകനായ യേശുക്രിസ്തുവേ, അങ്ങ് ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ചുവല്ലോ. വി: കുരിശ്ശേ! എൻെറ സത്യപ്രകാശമായിരിക്കേണമേ.

ഓ! വി: കുരിശേ! എൻെറ ആത്മാവിനെ സച്ചിന്തകൾ കൊണ്ട് നിറയ്ക്കേണമേ. ഓ! വി: കുരിശേ! എല്ലാ തിൻമകളിൽനിന്നും എന്നെ മോചിപ്പിക്കണമേ. ഓ! വി: കുരിശേ! എല്ലാ അപകടങ്ങളിൽനിന്നും പെട്ടെന്നുള്ള മരണത്തിൽ നിന്നും എന്നെ രക്ഷിക്കണമേ. എനിക്ക് നിത്യജീവൻ നൽകേണമേ. ഓ! ക്രൂശിതനായ ന്യായക്കാരൻ യേശുവേ! ഇപ്പോഴും എപ്പോഴും എൻെറ മേൽ കരുണയുണ്ടാകണമേ. നിത്യജീവിതത്തിലേക്ക് നയിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ തിരുരക്തത്തിൻേറയും മരണത്തിൻേറയും ഉയർപ്പിൻേറയും സ്വർഗ്ഗാരോഹണത്തിൻേറയും പൂജിത ബഹുമാനത്തിനായി യേശു ക്രിസ്മസ്സ് ദിവസം ജനിച്ചുവെന്നും ദുഃഖവെള്ളിയാഴ്ച അവിടുന്ന് കുരിശിൽ തൂങ്ങി മരിച്ചുവെന്നും നിക്കദേമൂസും യൗസേപ്പും കർത്താവിൻെറ തിരുശരീരം കുരിശിൽ നിന്നിറക്കി സംസ്ക്കരിച്ചു അവിടുന്ന് സ്വർഗ്ഗാരോഹിതനായി എന്നും ഞങ്ങൾ വിശ്വസിക്കുന്നു. കാണപ്പെട്ടതും കാണപ്പെടാത്തതുമായ എല്ലാ ശത്രുക്കളിൽനിന്നും എന്നെ സംരക്ഷിക്കണമേ. കർത്താവായ യേശുവേ എന്നിൽ കനിയണമേ. പരി: അമ്മേ, വി: യൗസേപ്പ് പിതാവേ! എനിക്കുവേണ്ടി പ്രാർത്ഥിക്കേണമേ. ഭയംകൂടാതെ കുരിശു വഹിക്കാനുള്ള ശക്തി കർത്താവായ യേശുവേ, അങ്ങയുടെ കുരിശിൻെറ സഹനത്തിലൂടെ എനിക്കു നൽകേണമേ. അങ്ങയെ അനുഗമിക്കുവാനുള്ള കൃപാവരം എനിക്കു നൽകേണമേ.

ആമ്മീൻ

malankaralibrary.com

# ദൈവത്തിനു സ്തുതി

95 വർഷങ്ങൾക്കു മുമ്പ് പരുമല പള്ളിയിൽ വച്ച് കാലംചെയ്ത് അവിടെ കബറടങ്ങിയിരിക്കുന്ന പരിശുദ്ധനായ നി-വ-ദി-മ-ശ്രീ ഗ്രിഗോറിയോസ് തിരുമേനി തന്റെ ജീവിതകാലത്ത് വിശ്വാസികൾക്കായി രചിച്ച ഒരു ചെറുപുസ്തകം അതായത് പാൽപുസ്തകം

**പകർപ്പ്**

| | | | | | | |
|---|---|---|---|---|---|---|
| 1 | 8 | 14 | 18 | 22 | 25 | 27 |
| 29 | 2 | 9 | 15 | 19 | 23 | 26 |
| 35 | 30 | 3 | 10 | 16 | 20 | 24 |
| 40 | 36 | 31 | 4 | 11 | 17 | 21 |
| 44 | 41 | 37 | 32 | 5 | 12 | 13 |
| 47 | 45 | 42 | 38 | 33 | 6 | 28 |
| 49 | 48 | 46 | 43 | 39 | 34 | 7 |

ഇതിൽ ഏതെങ്കിലും അക്കങ്ങളിൽ ഒരു പൈതലിനെക്കൊണ്ട് തൊടീച്ച് ആ അക്കത്തിന്റെ ഫലങ്ങൾ അറിയുക. വിശ്വാസത്തോടും പ്രാർത്ഥനയോടുംകൂടിവേണം.

malankaralibrary.com

അക്കത്തിൻെറ ഫലങ്ങളം

1 സകല ദോഷത്തിൽനിന്നും ദൈവം നിന്നെ കാക്കും. ശൗവുലിൽ നിന്ന് ദാവീദിനെ രക്ഷിച്ചതുപോലെ ദൈവം നിന്നെ രക്ഷിക്കും.

2 ഈ കാര്യം ദീർഘത്തിൽ പ്രവർത്തിക്കരുത്. ദൈവത്തിൽ നിന്നാണ് ജീവൻ ലഭിക്കുന്നത്.

3 പ്രവർത്തിക്കാൻ പോകുന്ന കാര്യം സന്തോഷത്തെ ഉണ്ടാക്കും. ഉണങ്ങിവരണ്ട ഭൂമിയെ വെള്ളംകൊണ്ട് നനച്ചതുപോലെ നിന്നെ തണുപ്പിക്കും.

4 നീ വിചാരിക്കുന്നത് പ്രവർത്തിക്കരുത്. പരീക്ഷയിൽ അകപ്പെടാതെ ഉഷാറായി ദൈവത്തോട് പ്രാർത്ഥിച്ചുകൊള്ളുക.

5 രോഗി സുഖപ്പെടും, കാണാതെ പോയവനെ കണ്ടുകിട്ടും, വിരുന്നുകഴിക്കുന്നവർക്കും നായാട്ടുകാർക്കും വഴിയാത്ര ചെയ്യുന്നവർക്കും നല്ലത്.

6 നീ നിൻെറ വീട്ടിൽ തന്നെ ഇരിയ്ക്കുക. വെളിയിൽ പോകരുത്. തെരുവിലേക്ക് പുറപ്പെടരുത്. വ്യാജമായി ആണയിടുന്നവൻ പരീക്ഷയിൽ ഉൾപ്പെടും.

7 നിനക്ക് വലിയ സന്തോഷമുണ്ടാകും. ഭയപ്പെടരുത്. കാര്യസാദ്ധ്യത്തിന് ഉററു ശ്രമിക്കുക. സമാധാനത്തിൻെറ ദൂതൻ നിൻെറകൂടെ ഇരുന്ന് കാര്യം സാധിച്ചുതരും.

8 നീ വിചാരിക്കുന്നകാര്യം ഏററവും ദുർഘടമുള്ളതാകുന്നു. നിനക്ക് ഒരു സമാധാനവും ഉണ്ടാകുകയില്ല.

9 വലിയ സന്തോഷം ഉണ്ടാകും, സംഗതി ഉടനെ സംഭവിക്കും, വീടുവിട്ട് പോകരുത്, വിദേശസഞ്ചാരം ചെയ്യരുത്.

10 നീ ദരിദ്രർക്ക് ധർമ്മം കൊടുക്കുക, രക്ഷിക്കപ്പെടും. നാലുകാരണങ്ങളാൽ ഒരു സ്ഥലത്തേക്ക് പുറപ്പെടരുത്, ഒരുത്തൻെറ നാശത്തിൽ ദൈവം ഇഷ്ടമുള്ളവനല്ല.

malankaralibrary.com

11 ദൂരെ സംഭവിക്കുന്നത് അറിയുന്നതിന് നിനക്ക് ഇട യാകും. നീ ആഗ്രഹിക്കാത്ത സ്ഥലത്തുനിന്ന് നിന ക്ക് ഗുണമുണ്ടാകും. സന്തോഷകരമായ സംഗതികളെ നീ കേൾക്കും. നീ ആഗ്രഹിക്കുന്നത് ദൈവത്തിൽ നിന്ന് നിനക്ക് ലഭിക്കും.

12 ചക്രവർത്തിയുടെ കിരീടത്തോടു നീ സമനാകും. ദൈവത്തിന്റെ നന്മയിൽ നിന്ന് നീ മുടക്കപ്പെടുക യില്ല. ഈ കാര്യത്തിൽ നീ ഭയപ്പെടേണ്ട. അത് ക്ഷണ ത്തിൽ സാധിക്കും.

13 ആട് സിംഹത്തോട് എതിർപ്പാൻ ആഗ്രഹിച്ച് വൃഥാ ശ്രമിക്കുന്നു. ആടിന് സഹായമില്ലാത്തതുകൊണ്ട് അത് വീണുപോകും. നീ കാര്യത്തിൽ നിന്നെതന്നെ സൂക്ഷിച്ചുകൊള്ളുക.

14 നിന്റെ ആഗ്രഹം സാധിക്കും. അതിന്റെ സാദ്ധ്യം ദൂരത്തിലാകുന്നു. നീ പോകുന്നിടത്തെല്ലാം ദൈവം നിന്റെ കൂടെയുണ്ട്. നീ ആഗ്രഹിക്കുന്നതെല്ലാം ശുഭ മായി വരും. ദൈവത്തിൽ ശരണംവയ്ക്കുക.

15 ദൈവം ക്രോധത്തിൽ നിന്ന് നിന്നെ രക്ഷിക്കയും ശരിയായ വഴി നിന്നെ കാണിക്കയും ചെയ്യും. അവൻ അപകടത്തിൽ നിന്നു നിന്നെ ഒഴിക്കയും നിന്റെ ജീവ നുള്ള നാളെല്ലാം നിന്നെ സന്തോഷിപ്പിക്കയുംചെയ്യും.

16 ദീർഘക്ഷമ വേഗം പ്രസാദിപ്പിക്കും. വഴിയാത്രക്കാർ ക്കും ഒരപകടവും ഭവിക്കയില്ല. കാണാതെപോയവനെ കണ്ടുകിട്ടും. രോഗി സുഖപ്പെടും.

17 കച്ചവടത്തിൽനിന്നും ആണകളിൽനിന്നും നിന്നെ തന്നെ സൂക്ഷിച്ചുകൊള്ളുക. നിന്റെ തലയും താടി യും കത്രിക്കരുത്. ജനിക്കുന്നവൻ ജീവിക്കയില്ല.

18 എല്ലാം കച്ചവടത്തിൽ വില്ക്കുന്നവനും വാങ്ങുന്നവ നും വേണം. ജനിക്കുന്നവൻ ജീവിക്കും. ഓടിഒളിച്ചു പോയവനെ ജീവനോടു കണ്ടെത്തും.

19 ഇന്ന് നീ പൂർണ്ണസ്ഥാനത്തെ പ്രാപിക്കും. നിന്റെ പുത്രനെ വിദ്യാലയത്തിൽ അയയ്ക്കുക. കല്യാണം

malankaralibrary.com

കഴിഞ്ഞവർക്ക് അത് യോഗ്യമാകുന്നു. ഓടിഒളിച്ചു
പോയവനെ ജീവനോടെ കണ്ടെത്തും.
20 മനുഷ്യൻെറ വിചാരം മങ്ങിമങ്ങി കെട്ടുപോകാൻ
ഭാവിക്കുന്ന വിളക്കുപോലെയിരിക്കുന്നു. അതിൽ
എണ്ണ ഒഴിച്ചാൽ തെളിഞ്ഞുകത്തും. അപ്രകാരംതന്നെ
ഈ കാര്യത്തിൽ നീ ധൈര്യപ്പെട്ടുകൊള്ളുക. പേടി
ക്കേണ്ടാ. നീ വിചാരിക്കുന്ന സ്ഥലത്തുനിന്ന് നിന
ക്ക് തുണയുണ്ടാകും.
21 നിറപ്പിൻെറയും സമാധാനത്തിൻെറയും ദൂതൻ നിന്നെ
എതിരേല്ക്കും. നിൻെറ സകല ശത്രുക്കളേയും
വൈരികളേയും ജയിക്കും. ഇക്കാര്യത്തെക്കുറിച്ച് പേ
ടിക്കേണ്ടാ. അതിനാൽ നിനക്ക് പ്രയോജനമുണ്ടാകും.
22 നിൻെറ അയൽക്കാരും നിൻെറ ബന്ധുക്കളും കൂടി
നിനക്ക് അഗാധമായ കുഴിയെ കുഴിക്കയും അവരുടെ
നാവുകൊണ്ട് നിന്നെ ദൂഷിക്കയും ചെയ്യുന്നതിനാൽ
അവരെ വിട്ടുമാറികൊൾക.
23 ബന്ധിക്കപ്പെട്ടവർക്ക് അഴിവും നിരോധിക്കപ്പെട്ടവർ
ക്ക് ജയവും ഉണ്ടാകും. കാരാഗ്രഹം നിൻെറ മുമ്പിൽ
തുറക്കപ്പെട്ടും. നീ വഴിയാത്രചെയ്യുന്നതിൽ സമാധാ
നത്തോടെ പൊയ്കൊൾക. ദൈവം ഉപദ്രവങ്ങളിൽ
നിന്ന് നിന്നെ കാത്തുകൊള്ളും. നിനക്ക് ആരോടെങ്കി
ലും വ്യവഹാരമുണ്ടെങ്കിൽ നീ ജയിക്കും.
24 നിൻെറ തോപ്പിൽനിന്ന് മുന്തിരിക്കുല പറിക്കാൻ നീ
ബദ്ധപ്പെടേണ്ടാ. അത് മൂക്കുന്നതുവരെ താമസിക്കു
ക. പിന്നീട് സന്തോഷത്തോടെ പറിയ്ക്കാം. ദൂരദേശ
ത്തുനിന്ന് എഴുത്തുകൾ വരികയും ചെയ്യും.
25 നീ പ്രവേശിക്കുമ്പോൾ നിനക്കായി വാതിലുകൾ തു
റക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ നിനക്ക് ആഗ്രഹ
മുണ്ടെങ്കിൽ പോകേണ്ടാ. ഉററു ശ്രമിക്കുക. നീ സന്തോ
ഷംകൊണ്ട് നിറയും.
26 നീ വേഗം നടക്കുന്നു. നിൻെറ കാലുകൾകൊണ്ട് അ
തിവേഗം ഓടുന്നു. ഇതിൻെറ ആരംഭത്തിൽ ഒരു വലി

malankaralibrary.com

യ തടസ്സം ഉണ്ട്. ബുദ്ധിയോടെ നോക്കുന്നതായാൽ നിനക്ക് ദോഷം വരികയില്ല. നഷ്ടം സംഭവിക്കുകയുമില്ല.

27 ഇനി നിൻെറ ഹൃദയത്തിൽ നിന്ന് ദുഃഖത്തെ നീക്കിക്കളയുക. ഇതിനെ സംബന്ധിച്ച് വ്യസനിക്കേണ്ടാ. അതിന് മേൽഗതിയുണ്ടാകും. ദൈവം നിൻെറ കൂടെയുണ്ട്.

28 മനുഷ്യാ ദൈവത്തിൽ നിനക്ക് ശരണമുണ്ടായിരിക്കണം. ഈ കാര്യത്തിൽ പ്രവേശിക്കാതെ സൂക്ഷിച്ചുകൊള്ളുക. എന്തെന്നാൽ നിൻെറ സിംഹം പതിയിരിക്കുന്നു.

29 ഈ സംഗതി അഴുക്കുവെള്ളത്തിൽ കിടക്കുന്നതും ഹൃദയത്തിൽ ദുഃഖവും വ്യസനവും നിറഞ്ഞിരിക്കുന്നതും ദൈവത്തോടു നിലവിളിക്കുന്നതും ആയ മത്സ്യത്തോട് സദൃശമാകുന്നു. ദൈവം അതിൻെറ നിലവിളി കേട്ട് അഴുക്കുവെള്ളത്തിൽനിന്നും നല്ല വെള്ളത്തിലേക്ക് അതിനെ ആക്കി. അതുപോലെതന്നെ നിന്നേയും ദുഃഖത്തിൽനിന്ന് ആശ്വാസത്തിലേക്ക് ആക്കും.

30 മനുഷ്യാ നീ വിചാരിക്കുന്ന സംഗതി പാറമേൽ തൻെറ ഭവനം പണിത ജ്ഞാനിയായ മനുഷ്യനോട് സദൃശമാകുന്നു. മഴപെയ്തു വെള്ളംപൊങ്ങി കാററുതീ ആ ഭവനത്തിന്മേൽ അടിച്ചു. അതിൻെറ അടിസ്ഥാനം പാറമേൽ ആയിരുന്നതുകൊണ്ട് അതു വീണില്ല. അപ്രകാരം തന്നെ നീയും ഈ കാര്യത്തെക്കുറിച്ച് പേടിക്കേണ്ടാ. എന്തെന്നാൽ ദൈവം നിൻെറകൂടെയുണ്ട്.

31 നീ വിചാരിക്കുന്ന സംഗതി മണലിൻമേൽ തൻെറ ഭവനം പണിത ഭോഷനായ മനുഷ്യൻേറതിനോട് സദൃശമാകുന്നു. മഴ പെയ്തു വെള്ളം പൊങ്ങി കാററു തീ ആ ഭവനത്തിൻമേൽ അടിച്ചു. അത് വീണു. അതിൻെറ വീഴ്ച വലുതായിരുന്നു. നീ ദൈവത്തിൽ ശരണപ്പെടുക. നിൻെറ ശത്രുക്കളിൽ നിന്നും അവൻ നിന്നെ രക്ഷിക്കും.

malankaralibrary.com

32 കർത്താവിൻെറ ദൂതൻ ഈ ലോകത്തിൽ നിൻെറ കൂടെയിരുന്ന് സകലത്തിലും നിൻെറ മുമ്പാകെ വഴിയെ ഒരുക്കും. എന്തെന്നാൽ കർത്താവിൻെറ സന്നിധിയിൽ നിന്നും നിൻെറ വഴികൾ ഒരുക്കപ്പെട്ടിരിക്കുന്നു. ഈ കാര്യത്തിൽ തിന്മപ്പെട്ടവൻെറ ഉപായതന്ത്രങ്ങൾ നിമിത്തം ഭയപ്പെടേണ്ടാ. എന്തെന്നാൽ കാര്യം സാധിച്ചു തന്നെയിരിക്കുന്നു.

33 ഇതിൽനിന്ന് സ്വാതന്ത്ര്യം ലഭിപ്പാൻ ആഗ്രഹിക്കുന്നു. അത് നിന്നാൽ അസാദ്ധ്യമത്രേ. ഈ സംഗതിയിൽ നീ ഞെരുങ്ങിയിരിക്കുന്നു. തന്നിമിത്തം സൂക്ഷിക്കുക. അത് പ്രവർത്തിക്കരുത്.

34 ഈ കാര്യത്തിൽ ദുഃഖിക്കത്തക്കതും വിഷമിക്കത്തക്കതുമായി ഒന്നുമില്ല. എന്തെന്നാൽ കുഴപ്പം നീങ്ങിപ്പോയിരിക്കുന്നു. നിൻെറ ബന്ധുക്കൾക്ക് പകരം ദൈവം നിൻെറ ബന്ധുവായിരിക്കും. അവൻ കരുണയുടെ ഭണ്ഡാരം നിനക്ക് തുറന്നുതരികയും ചെയ്യും. നിൻെറ ഹൃദയത്തിൽ നിന്ന് വ്യസനത്തെ നീക്കുകയും ചെയ്യും.

35 കുറെ ക്ഷമിക്കുക, ബന്ധപ്പെടേണ്ടാ. നീ വിചാരിക്കുന്നിടത്തുനിന്ന് അതിനെ കാണാനിടയാകും. സ്വല്പകാലം ദീർഘക്ഷമയോടെയിരുന്നാൽ നിനക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ നിന്നെ സഹായിപ്പാൻ ദൈവത്തിന് തിരുവിഷ്ടമുണ്ട്.

36 കഠിനശ്രമം ചെയ്താൽ നിനക്ക് ഉപദ്രവമുണ്ടാകും. യഥാവസരത്തിൽ ഇതിനെ നീ പ്രവർത്തിക്കരുത്. നിൻെറ മുമ്പിൽ വാതിൽ തുറക്കപ്പെടും. നീ പ്രവേശിക്കരുത്. സ്വല്പം താമസിക്കുക, ബന്ധപ്പെടേണ്ടാ.

37 ജ്ഞാനം, തിരിച്ചറിവ്, പരിശ്രമശീലം എന്നീ സുകൃതങ്ങൾകൊണ്ടും നീയും നിൻെറ സമസൃഷ്ടരായ മററുള്ളവരും ഒരുപോലെ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്ന് നീ അറിഞ്ഞുകൊള്ളുക. മനു

malankaralibrary.com

ഷ്യാ; നീ ആഗ്രഹിക്കുന്നത് ദൈവത്തിൽനിന്ന് നിനക്ക് ലഭിക്കും. അവൻ നിനക്ക് സഹായി ആയിരിക്കുകയും ചെയ്യും.

38 നീ ആഗ്രഹിക്കുന്ന കാര്യം രാജമോതിരംകൊണ്ട് മുദ്രയിട്ടിരിക്കുന്നു. സമാധാനത്തിൻെറ ലേഖനത്തോട് സദൃശമാകുന്നു. എന്തെന്നാൽ ആ കാര്യത്തിൽനിറപ്പും സമാധാനവും ഉണ്ട്. അതിലേക്ക് തിരിയുന്നവന് വലിയ സന്തോഷവും ഉണ്ടാകും.

39 നീ കൂട്ടുകൂടി പ്രവർത്തിക്കുന്നതിൽ സന്തോഷിക്കുന്ന മനുഷ്യനോട് സദൃശമാകുന്നു. കാണാതെ പോയതു കണ്ടുകിട്ടും. രോഗി സുഖപ്പെടും. ജനിക്കുന്നവൻ വലിയവനായി തീരുകയുംചെയ്യും.

40 നീതിമാൻമാരുടേയും സഹായമില്ലാത്തവരുടേയും ശരണം കർത്താവാകുന്നു. ശോഭയുള്ള കിരീടവും സൽഗുണവും നിനക്ക് സിദ്ധിക്കും. ഇനി നീ ദൈവത്തിൽ ശരണപ്പെട്ട് ശക്തിപ്രാപിക്കുക. ആരേയും നിരാശപ്പെടുത്തരുത്. എന്നാൽ ദൈവം നിൻെറ സഹായി ആകുന്നു. അവൻ നിൻെറ കുറവിനെ പരിഹരിക്കും.

41 മനുഷ്യാ ശത്രുക്കൾ നേരിടുന്നതായ ഈ വഴിയിൽ കൂടി നീ പോകരുത്. നീ വിചാരിക്കുന്ന കാര്യം ദൈവത്തിൻേറത് ആണെന്നു വിശ്വസിച്ച് ആഗ്രഹിക്കുന്നതെല്ലാം ഭയംകൂടാതെ പ്രവർത്തിക്കുക. എന്തെന്നാൽ കർത്താവ് നീ മൂലം ശുഭമുണ്ടാകും.

42 നിൻെറമനസ്സ് ഭിന്നിച്ചിരിക്കുന്നതുകൊണ്ട് നീ ആഗ്രഹിക്കുന്ന കാര്യം ഇപ്പോൾ സാധിക്കുകയില്ല. നിനക്ക് നഷ്ടം വരാതിരിക്കുന്നതായിട്ട് നീ അതിനെ പ്രവർത്തിക്കരുത്.

43 കണ്ടാലും വഴിയാത്ര ചെയ്യാൻ തക്കദിവസം നിൻെറ മുമ്പിൽ അതിനെ ശുഭമാക്കും. ആശ്വാസവും സന്തോഷവും നിന്നെ എതിരേല്ക്കും. നീ സന്തോഷത്തോടെ തിരിച്ചുവരും. നിൻെറ സഹോദരൻമാരെയെല്ലാവരേ

malankaralibrary.com

യും സന്തോഷിപ്പിക്കുകയും നീ കർത്താവിനെ സ്തുതിക്കുകയും ചെയ്യും.

44 അവൻ നിന്നെക്കാളും ബലവാൻമാരും കഠിനൻമാരും ആകുന്നു. ഒരുവനോട് എതിർത്താൽ അവൻ നിന്നെ ജയിക്കും. ആയതുകൊണ്ട് അടങ്ങിയിരിക്കുക. ആരോടും പറയരുത്. എന്തെന്നാൽ സംസാരിക്കുന്നതിനേക്കാൾ മൗനമായിരിക്കുന്നത് ഉത്തമമാകുന്നു.

45 കാത്തിരിക്കുന്ന ആത്മാക്കൾക്ക് തക്കസമയത്ത് ആശ്വാസം ലഭിക്കും. നീ ആഗ്രഹിക്കുന്ന കാര്യത്തിന് മേൽഗതിയുണ്ടാകും. ദൈവത്തിൽനിന്ന് സന്തോഷവും നിനക്കു ലഭിക്കും.

46 ബന്ധിക്കപ്പെട്ടവരുടെ വഴി ദൈവത്തിൽനിന്ന് തുറക്കപ്പെടും. നിന്റെ അയൽക്കാരും നിന്റെ ബന്ധുക്കളും നിന്നോട് വളരെ വിരോധമായിരിക്കുന്നു. ദൈവം നിന്റെ മുമ്പിൽനിന്ന് അവരെ ആട്ടിക്കളെകയും എപ്പോഴു നിനക്കു സഹായിയായിരിക്കയും ചെയ്യും.

47 മനുഷ്യരിൽ ശരണപ്പെടുന്നതിനേക്കാൾ കർത്താവിൽ ശരണപ്പെടുന്നത് ഉത്തമമാകുന്നു. ദൈവത്തിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. ദുഷ്കേംവിയെപ്പററി ഭയപ്പെടേണ്ടാ. ഈ കാര്യത്തിൽ ചഞ്ചലപ്പെടുകയും വേണ്ടാ. ദൈവം നിന്റെ കൂടെയുണ്ട്.

48 ദൈവം മനുഷ്യമക്കൾക്ക് തന്റെ കൃപയെ വെളിപ്പെടുത്തി കാണിച്ചു. അവന്റെ തിരുവചനങ്ങൾ സ്ഥിരമുള്ളവയും വ്യാജമില്ലാത്തവയും ആകുന്നു. നീയും വ്യാജത്തിൽനിന്ന് നിന്നെത്തന്നെ സൂക്ഷിച്ചുകൊള്ളുക. മൗനമായിരിക്കരുത്. നീ ആഗ്രഹിച്ചകാര്യം ഇപ്പോൾ പ്രവർത്തിക്കുന്നത് വിഹിതമല്ല.

49 ദൈവം മനുഷ്യർക്ക് നല്ലശരണം കൊടുക്കുന്നു. നീ ദുഃഖിക്കേണ്ടാ. നിനക്കായിട്ട് ഒരു കിരീടം ഒരുക്കപ്പെട്ടിരിക്കുന്നു. അത് നിനക്ക് ലഭിക്കും. നിനക്ക് എതിരായി നിൽക്കുന്ന പലരേയും നീ ജയിക്കും. അവർ നിന്നെ അവകാശപ്പെടുത്തുവാൻ ശ്രമിക്കുന്നു എന്നാൽ കർത്താവ് നിന്റെ സഹായകനാകയാൽ അവർക്ക് അത് സാധിപ്പാൻ കഴികയില്ല.

malankaralibrary.com

# നന്ദിപ്രകടനം

തിരുവനന്തപുരം അതിരൂപതാ ആർച്ച്ബിഷപ്പ് നി. വ. ദി. മ. മശ്രീ സിറിൽ മാർ ബസ്സേലിയോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പേർക്ക് അവിടുത്തെ ആത്മീക മകനായ എൻെറ അതിരററ ബഹുമാനവും സ്നേഹവും രേഖപ്പെടുത്താൻ പ്രാപ്തിയില്ലെങ്കിലും, എന്നോടും പ്രത്യേകിച്ച് അഭിവന്ദ്യ പിതാവ് ബത്തേരി രൂപത മെത്രാപ്പോലീത്തായായി ഭരണം നടത്തിയിരുന്നപ്പോഠം എൻെറ സഹോദരൻ കെ. ജി. ജോൺ കൗങ്ങുംപള്ളിയുടെ ബുദ്ധിമുട്ടും പ്രയാസവും അറിഞ്ഞു. അവനേയും കുടുംബത്തേയും സ്നേഹിച്ച് നൽകിയിട്ടുള്ള പല വിലയേറിയ സഹായ സഹായത്തിനും അനുഗ്രഹത്തിനും തുടർന്നു വാർദ്ധക്യ ദശയിൽ എത്തിയ എന്നോടുള്ള അളവററ സ്നേഹത്തിനും വിലയേറിയ സഹായ സഹകരണത്തിനും ബലഹീനനായ ഞാൻ നന്ദിയും സ്നേഹവും അഭിവന്ദ്യപിതാവിനു ദീർഘായുസ്സും ആയുരാരോഗ്യത്തിനുംവേണ്ടി പ്രാർത്ഥിച്ചു കൊള്ളുന്നു. കൂടാതെ അഭിവന്ദ്യ പിതാവേ! എൻെറ അന്ത്യമായ ഒരപേക്ഷ, യറുശലേം ദേവാലയത്തിലേക്ക് പ: കന്യക മറിയം അമ്മ തൻെറ ഓമനമകൻ യേശുവിനേയും കൊണ്ട് പോയപ്പോഠം ദേവാലയ പടിവാതുക്കൽ വച്ച് ആ വൃദ്ധനായ ശീമഓൻ ഉണ്ണി യേശുവിനെ എടുത്തു തൃപ്പാദത്തിങ്കൽ മുത്തി അപേക്ഷിച്ചപോലെ ഇനി നിൻെറ ദാസനെ സമാധാനത്തോട് അയയ്ക്കണമേ എന്ന്. അതേ അപേക്ഷയെ എനിക്കും അഭിവന്ദ്യ പിതാവിൻെറ സന്നിധിയിൽ അറിയിക്കാനുള്ളു. ഈ വൃദ്ധ പുരോഹിതനെ സമാധാനത്തോടെ യാത്ര അയയ്ക്കണമെ. യാക്കോബായ സഭയിൽ ശെമ്മാശ്ശനായും വൈദികനായും 33 കൊല്ലവും ദൈവ കൃപാൽ കത്തോലിക്കാസഭയിൽ വൈദികനായി ഏതാണ്ട് 35 കൊല്ലവും ജീവിക്കുവാനും ദിവ്യബലി അനുഷ്ഠിക്കുവാനും ദൈവം കരുണചെയ്തു. എന്നതിൽ ദൈവത്തെ സ്തുതിക്കുകയും നന്ദി പറഞ്ഞുകൊണ്ട് അഭിവന്ദ്യപിതാവിൻെറ വിലയേറിയ പ്രാർത്ഥന യാചിച്ചും സ്നേഹവും

malankaralibrary.com

സഹായങ്ങളും പ്രതീക്ഷിച്ചുംകൊണ്ട് എന്റെ നന്ദി തൃപ്പാദത്തിങ്കൽ സമർപ്പിച്ചുകൊള്ളുന്നു. എന്റെ ലഘുജീവിത ചരിത്രത്തിന് വിലതീരാത്ത അവതാരിക എഴുതിത്തന്ന് ആശീർവദിച്ചതിനു ദൈവത്തെ സ്തുതിക്കുന്നു.

1995-ൽ തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്റ്റേറ്റർ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ആ കാലത്തു എന്റെ പരാതിയെ തുടർന്ന് ഭാരമേറിയ ഒരുകാര്യം എന്നെ ഏൽപിച്ചു. കത്തോലിക്കാ സഭയ്ക്കുവേണ്ടി കാലംചെയ്ത അഭിവന്ദ്യ പിതാക്കന്മാർ അതാതുകാലത്തു നടപടിക്രമം (തുക്കാസ്സാ എഴുതി പരസ്യപ്പെടുത്തിയിരുന്നെങ്കിലും അതുപ്രകാരം നടത്തുന്നില്ല എന്നുള്ള എന്റെ പരാതിയെത്തുടർന്നാണ് ആ ഭാരം എന്നെ ഏൽപ്പിച്ചത്. ആയത് ഞാൻ എന്റെ കഴിവിനപ്പുറം പരിശ്രമിച്ചും ബുദ്ധിമുട്ടിയും മുൻ തുക്കാസ്സകം മററും ശേഖരിച്ച് ഭേദഗതികൂടാതെ കാനോൻ അനുസരിച്ച് എഴുതി. ആയത് കററാനം ബഥനി ആശ്രമം സുപ്പീരിയർ ബ: ഡോമിനിക്ക് ഒടാലിൽ O. I. C. അച്ചനെ ഏല്പിച്ചു. അദ്ദേഹം വേണ്ടവിധം പരിശോധിച്ച് പകർപ്പ് എഴുതി എന്നെ ഏല്പിച്ചു. ആയത് 1996 ആഗസ്റ്റിൽ ഞാൻ അരമനയിൽ കൊണ്ടുചെന്ന് അഭിവന്ദ്യ ആർച്ച് ബിഷപ്പ് തിരുമനസ്സിനെ ഏല്പിച്ചിട്ടുണ്ട്. ആയതു അച്ചടിപ്പിച്ച് കാണാൻ ആഗ്രഹിക്കുന്നു. ഈ ഭാരമേറിയ ജോലി എന്നെ ഏല്പിച്ച അഭിവന്ദ്യപിതാവിന്റെ നേർക്കുള്ള ബഹുമാനവും അഭിവന്ദ്യ പിതാവിന്റെ ആദ്യകാലം മുതലുള്ള സ്നേഹത്തിനുംമററും അഭിവന്ദ്യ പിതാവിനു വേണ്ടി പ്രാർത്ഥിച്ചും അഭിവന്ദ്യ പിതാവിന്റെ അനുഗ്രഹങ്ങൾക്കും പ്രാർത്ഥനകൾക്കും യാചിച്ചും എന്റെ സ്നേഹവും നന്ദിയും അറിയിച്ചുകൊള്ളട്ടെ.

തിരുവല്ലാരൂപത ബിഷപ്പ് അഭിവന്ദ്യ പിതാവ് നി.വ.ദി.മ.ശ്രീ ഗീവറുഗീസ് മാർ തിമോത്തിയോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലെ നേർക്കുള്ള ബഹുമാനവും നന്ദിയും രേഖപ്പെടുത്തിക്കൊള്ളട്ടെ.

malankaralibrary.com

അഭിവന്ദ്യ പിതാവിനെ അരമനയിൽ ചെന്നുകാണു മ്പോഠം ആദ്യത്തെ ചോദ്യം കാപ്പികുടിച്ചോ എന്നുതന്നെ യല്ല, മുന്നമേ പോയി കഴിക്കാൻ നിർബന്ധിക്കുക. അഭി വന്ദ്യപിതാവിന് ഏതോ പഴമൊഴി ഓർമ്മയുണ്ട്. "വയസ്സു ചെല്ലുന്തോറും വകതിരിവു കുറഞ്ഞും, വയറുതുറന്നും വരികയെന്നുള്ളത് ചിലർക്ക് പ്രത്യേകതയാണ്".

കാപ്പികുടിച്ച് തിരുമുമ്പിൽ ചെന്ന് എന്റെ ആവശ്യ ങ്ങഠം അറിയിച്ചതിനുശേഷം ആശീർവാദം വാങ്ങി കൈ മുത്തുന്നതിനുമുമ്പായി ആ അനുഗ്രഹങ്ങഠം നിറഞ്ഞ വലത്തകൈ എന്നെ കൈയ്യിലേക്കു നീട്ടി എന്റെ കൈ നിറച്ചതിനുശേഷമേ എന്റെ തലയിൽവച്ചു ആശീർവദിക്ക യുള്ളു. ഇത് അരമനയിൽ ചെല്ലുമ്പോഠം തന്നെയല്ല, തിരുവനന്തപുരത്തും മററുംവച്ച് കണ്ടുമുട്ടാൻ ഇടയായെ ങ്കിൽ എന്നെ വിചാരിച്ചിരിക്കാത്ത സന്തോഷവാനാക്കിയേ അയയ്ക്കുള്ളു. എന്റെ ലഘുജീവചരിത്രം എഴുതി തിരു മുമ്പിൽ കാണിച്ചു ആയതിനു വിലതീരാത്ത നീണ്ട അവ താരിക എഴുതിയും മററും തന്ന് എന്നെ വളരെ സംതൃപ്ത നാക്കിയ അഭിവന്ദ്യപിതാവിന് ദീർഘായുസ്സും ആയുരാരോ ഗ്യവും നൽകി ഞങ്ങളെ അനുഗ്രഹിക്കുവാനും ആശീർവ ദിക്കുവാനും ദൈവമേ ഞങ്ങഠംക്ക് ഇടയാകണമെന്ന് പ്രാർ ത്ഥിക്കുന്നു. കൂടാതെ ദളിതക്രിസ്ത്യാനികഠംക്കുവേണ്ടി അറസ്റ്റ് വരിച്ച അഭിവന്ദ്യ പിതാവേ! അങ്ങേ വിലയേറിയ പ്രാർത്ഥനയിൽ ഈ വൃദ്ധനേകൂടി ഓർത്തുകൊള്ളണമേ എന്ന് അപേക്ഷിച്ചുകൊണ്ട് എന്റെ സ്നേഹവും ഭക്തി യും കാഴ്ചവെച്ചുകൊള്ളുന്നു.

അഭിവന്ദ്യ പിതാവേ! ഞാനും എന്റെ ഇടവകാംഗങ്ങ ളും 1962 ഒക്ടോബർ 4-ാംതീയതി കത്തോലിക്കാസഭയു മായി പുനരൈക്യപ്പെട്ടപ്പോഠം തിരുവല്ലാരൂപതാദ്ധ്യ ക്ഷൻ കാലംചെയ്ത ഭാഗ്യസ്മരണീയനായ സഖറിയാ അത്താനാസ്യോസ് പിതാവ് സ്ഥലത്തില്ലായിരുന്നു പി ന്നീട് വിവരം അറിഞ്ഞു 8-ാംതീയതി തിങ്കളാഴ്ച എന്റെ വസതിയിൽ ആ അഭിവന്ദ്യ പിതാവ് വന്ന് വ്യാകുലമാതാ വിന്റെ ഒരു ഫോട്ടോ ആശീർവദിച്ചു പാരിതോഷികമായി

malankaralibrary.com

തന്ന് എന്നേയും കുടുംബത്തേയും അനുഗ്രഹിച്ച് ആശീർ വദിച്ചു. പിന്നീട് പല പ്രാവശ്യം ഞാൻ അരമനയിൽ ചെന്നിട്ടുള്ളയവസരങ്ങളിൽ സംഭാവന നല്കി എന്നെ സംതൃപ്തനാക്കിയേ അയച്ചിട്ടുള്ളു. ആ അഭിവന്ദ്യപിതാവിൻെറ മദ്ധ്യസ്ഥത പ്രാർത്ഥനയിൽ അഭയം പ്രാപിച്ചും അഭിവന്ദ്യ പിതാവിൻെറ ആത്മശാന്തിക്കായി പ്രാർത്ഥിച്ചുംകൊണ്ട് ആ അഭിവന്ദ്യ പിതാവിനോടുണ്ടായിരുന്ന നന്ദിയും അതിരററ സ്നേഹവും രേഖപ്പെടുത്തിക്കൊള്ളുന്നതും ആകുന്നു. ആ അഭിവന്ദ്യ പിതാവിൻെറ പിൻഗാമിയായി ദൈവകൃപയാൽ തെരഞ്ഞെടുത്ത ഇപ്പോഠം ഭരണം നടത്തുന്ന അങ്ങ് മുൻഗാമിയുടെ കാൽചുവടുതന്നെ തുടരുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു, സ്തുതിക്കുന്നു.

തിരുവനന്തപുരം അതിരൂപതയിൽ ഏറെനാഠം ആർച്ച് ബിഷപ്പ് ആയിരുന്ന് 1995 ഒക്ടോബർ 10-ാംതീയതി കാലംചെയ്ത് നമ്മുടെ കർത്താവിൻെറ തിരുസന്നിധിയിൽ തൻെറ മുൻഗാമിയായിരുന്ന പരിശുദ്ധ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിനെ ചേർന്ന് നമുക്കായി മദ്ധ്യസ്ഥത അർപ്പിച്ചുകൊണ്ടിരിക്കുന്ന ഭാഗ്യസ്മരണീയനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ്സ് മെത്രാപ്പോലീത്ത തിരുമനസ്സിലെ നേർക്കുള്ള സ്നേഹവും ഭക്തിയും രേഖപ്പെടുത്താൻ എനിക്ക് പ്രാപ്തി പോരാ.

അഭിവന്ദ്യ പിതാവ് 1962-ൽ യാക്കോബായ സഭാംഗങ്ങളായ എന്നേയും കുടുംബത്തേയും എന്നോടുകൂടി എൻെറ ഇടവകാംഗങ്ങളായ 93 കുടുംബങ്ങളിൽനിന്നും 453 അംഗങ്ങളെ എൻെറ വിശ്വാസവും അപേക്ഷയും അനുസരിച്ച് പ: കത്തോലിക്കാ സഭയിലെ അംഗങ്ങളായി പുനരൈക്യപ്പെടുത്തി നിത്യജീവനവകാശികളാക്കിത്തീർത്തു. അതിനു റോമിൽ സുന്നഹദോസിൽ സംബന്ധിച്ചിരിക്കുമ്പോഠം അവിടെനിന്നും 1963-ൽ വീണ്ടും റോമിൽ ആയിരിക്കുമ്പോഠം എൻെറ പ്രിയഭാര്യയുടെ നിര്യാണവിവരം അറിഞ്ഞു അവിടെനിന്നും അനുഗ്രഹത്തിൻേറയും വാഴ്

malankaralibrary.com

വിൻേറയും വിലയേറിയ കല്പനകളും പ്രത്യേകാൽ അനുശോചനകല്പനയും അയച്ചുതന്നു. പിന്നീട് എൻെറ ചാപ്പലിൽവന്ന് ദനഹ വി. കുർബാന പ്രസംഗം മുതലായവ നടത്തി ഞങ്ങളെ കത്തോലിക്കാസഭയുടെ വിശ്വാസത്തിൽ ഉറപ്പിച്ചു.

എൻെറ ചാപ്പലിൽ വച്ച് എൻെറ മകൻെറ വിവാഹം ആശീർവദിച്ച് അനുഗ്രഹിച്ചു. 1985 കൂടൽ സെൻറ് പീയൂസ് പള്ളിയിൽ വെച്ച് എൻെറ വൈദികകനകജൂബിലി ആഘോഷത്തിനു അദ്ധ്യക്ഷം വഹിച്ച് ആശീർവദിച്ചതുകൂടാതെ എൻെറ ഫോട്ടോ അനാഛാദനം ചെയ്ത് അവിടെ സ്ഥാപിച്ചു. 1986-ൽ പരിശുദ്ധ സഭയുടെ തലവൻ റോമാപാപ്പാ മലങ്കര എഴുന്നെള്ളിയപ്പോഠം പട്ടം കത്തീഡ്രലിൽ വച്ച് ആ പരിശുദ്ധപിതാവിൻെറ തിരുമുമ്പിൽ മുട്ടുമടക്കി ആശീർവാദം വാങ്ങി ആ തൃക്കൈ മുത്താൻ സംഗതിയാക്കി. അതിലും ഞാൻ പലപ്രാവശ്യം തലതരത്തിലുള്ള രോഗബാധിതനായ കാലത്ത് സഹായിച്ചിട്ടുള്ളതും ആകുന്നു.

ഒരിക്കലും മറക്കാൻ നിവർത്തിയില്ലാത്ത ഒരു സംഭവം 1995 ജനുവരി 11-ാംതീയതി അഭിവന്ദ്യ പിതാവിൻെറ പ്രിയ സഹോദരൻ മി: ജോണിൻെറ ശവസംകാരം പൂർത്തിയാക്കി പള്ളിമുററത്തുനിന്ന് അനേകരായും സംസാരിച്ചു കൊണ്ടിരുന്നപ്പോഠം ഞാൻ കൈമുത്തി ആശീർവാദം വാങ്ങാൻ ചെന്നപ്പോഠം എന്നെ കൈമുത്തിക്കാതെ ആ ജനമദ്ധ്യേ വച്ച് ചുമ്പിച്ച് ആശീർവദിച്ചാണ് അയച്ചത്.

അഭിവന്ദ്യ പിതാവ് രോഗാവസ്ഥയിലായിരുന്നപ്പോഠം പല പ്രാവശ്യം പോയി കാണാനും അദ്ദേഹത്തിൻെറ ജൂബിലി ആഘോഷത്തിൽ അടുത്തുനില്ക്കാനും ആ കൈമുത്താനും കബറടങ്ങിയ വിവരം അറിഞ്ഞ് അവിടെ എത്തി തിരുശരീരത്തിൻെറ മുമ്പിൽനിന്നു പ്രാർത്ഥിച്ചു ധൂപംവയ്ക്കുവാനും പിറെറദിവസത്തെ കബറടക്കത്തിൽ ആദ്യവസാനം സംബന്ധിക്കുവാനും അതിൻെറ ആ വന്ദ്യ പിതാവിൻെറ നേർക്ക് നടത്തിയിട്ടുള്ള സകല പരിപാടി

malankaralibrary.com

കളിലും ആദ്യം മുതൽ അന്ത്യം സംബന്ധിക്കുവാനും ഈയാണ്ടത്തെ ആണ്ട് ഓർമ്മയിൽ സംബന്ധിച്ചും അനുഗ്രഹം പ്രാപിക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ആ വന്ദ്യപിതാവിന്റെ ആത്മശാന്തിക്ക് പ്രാർത്ഥിച്ചുകൊണ്ട് വന്ദ്യപിതാവിന്റെ വിലയേറിയ മദ്ധ്യസ്ഥപ്രാർത്ഥനമൂലം അനുഗ്രഹം പ്രാപിപ്പാനുമായി കാത്തിരിക്കുന്നു. അദ്ദേഹത്തിന്റെ സ്നേഹത്തിനും വാത്സല്യത്തിനും പാത്രവാനാക്കിയ ദൈവത്തെ സ്തുതിച്ചുകൊണ്ട് ആ പുണ്യാത്മാവിനുനേരെയുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തി കൊള്ളട്ടെ.

തിരുവനന്തപുരം അതിരൂപതാ വന്ദ്യദിവ്യശ്രീ ഇപ്പോഴത്തെ മോൺസിഞ്ഞോർ ബ: കോശി വറുഗീസ് കിഴക്കേ വീട്ടിൽ അച്ചനോട് ഞാൻ വളരെ കടപ്പെട്ടവനാണ്. കാരണം 1985-ൽ എന്റെ വൈദീക കനകജൂബിലി കഴിഞ്ഞ് മദ്രാസിൽ കുടുംബസഹിതം താമസിക്കുന്ന എന്റെ മകളേയും മററും കാണാൻ ഞാൻ മദ്രാസിൽ പോയി. ഞാൻ അവിടെയുണ്ടെന്ന് അറിഞ്ഞ് ബ: അച്ചൻ അവിടെവന്നു എന്നെ കൂട്ടിക്കൊണ്ടുപോകുകയും മദ്രാസ് പാടി കത്തോലിക്കാ പള്ളി ഇടവകാംഗങ്ങളെ പരിചയപ്പെടുത്തിയും ആ പള്ളിയിൽ വി: കുർബാന അർപ്പിക്കുന്നതിനും അവരോട് അല്പം സംസാരിക്കുന്നതിനും എന്റെ ജൂബിലി സന്തോഷം പ്രകടിപ്പിച്ച് പാരിദോഷികങ്ങൾ നല്കിയും സ്വന്തമായി പാരിതോഷികം തന്നും എന്നെ സംതൃപ്തനാക്കി തിരികെ കൊണ്ടാക്കിയിട്ടുള്ളതു കൂടാതെ പിന്നീടും അതേപ്രകാരം പാടിപള്ളിയിലേക്ക് കൊണ്ടുപോയിട്ടുള്ളതും ആകുന്നു. ഇപ്പോൾ അരമനയിൽ ഭാരമേറിയ ജോലിത്തിരക്കിൽ ആദ്യമായി പത്തനംതിട്ടവച്ച് കാണാൻ ഇടയായി. അപ്പോൾതന്നെ എന്നെ സ്വന്തംകാറിൽ കൂട്ടിക്കൊണ്ടുപോയി പാരിദോഷികങ്ങൾ നല്കി സന്തോഷത്തോടും വളരെ മനഃതൃപ്തിയോടും യാത്രയാക്കിയിട്ടുള്ളതും പിന്നീട് ഏതൊരവസരത്തിലും ഞാൻ അരമനയിൽ ചെന്നാലും മററു പൊതുസ്ഥലത്തുവച്ച് തമ്മിൽകാണാൻ

malankaralibrary.com

സംഗതിയാകുന്നവസരത്തിലും ബ: അച്ചന്റെ അതിററ സ്നേഹത്തിന് നന്ദിപറയാൻ ഞാൻ യോഗ്യനല്ല എങ്കിലും അദ്ദേഹത്തിന് ദീർഘായുസ്സും ആയുരാരോഗ്യവും നൽക ണമേ എന്നു കാരുണ്യവാനായ ദൈവത്തോട് പ്രാർത്ഥി ക്കുകയും അദ്ദേഹത്തിന്റെ പ്രാർത്ഥന ആ അതിററ സ്നേഹം യാചിച്ചും എന്റെ നന്ദി ഇവിടെ രേഖപ്പെടുത്തി ക്കൊള്ളട്ടെ.

തിരുവല്ലാ രൂപത വന്ദ്യ മോൺസിഞ്ഞോർ ബ: തോമ സ്സ് കൊടിനാട്ടുകുന്നേൽ അച്ചനോടും എനിക്കുള്ള നന്ദി രേഖപ്പെടുത്തിയേ മതിയാകുകയുള്ളു. രണ്ടുകൊല്ലംമുമ്പ് ഐക്യദീപം മാസികയിൽ എന്റെ പുനരൈക്യം മുതലാ യവ പരസ്യംചെയ്യുവാൻ എന്നെ പ്രേരിപ്പിച്ചു. അപ്ര കാരം ഐക്യദീപത്തിൽ പരസ്യപ്പെടുത്തി ഐക്യദീപം വായനക്കാരെയെല്ലാം ഈ കിഴവൻ വൈദികനെപ്പററി അറി യുവാൻ സംഗതിയാക്കിയതു ബ: അച്ചനാണ്. എപ്പോഴം തിരുവല്ലാ അരമനയിൽ ഞാൻ ചെന്നാലും എന്നോടു പറ യും വല്യ തമാശ ഒന്നും അടിക്കല്ലേയെന്ന്, ഞാൻ വിടുമോ തമാശ അടിച്ച് കാർകൂലി സ്വന്തകൈകൊണ്ട് വാങ്ങിച്ചേ അവിടെനിന്നു പോരികയുള്ളു. ബ:അച്ചന്റെ അതിസ്നേ ഹത്തിനും പെരുമാററത്തിനും അദ്ദേഹത്തിനുവേണ്ടി പ്രാർ ത്ഥിച്ചും അദ്ദേഹത്തോട് പ്രാർത്ഥന യാചിച്ചും ബ: അച്ചനോടുള്ള സ്നേഹവും നന്ദിയും ദൈവതിരുനാമ ത്തിൽ നിറഞ്ഞമനസ്സോടെ രേഖപ്പെടുത്തുന്നു.

1996 നവംബർ 1-ാംതീയതി കാലംചെയ്ത യാക്കോ ബായ സുറിയാനി സഭയിലെ അഭിവന്ദ്യ ശ്രേഷ്ഠ കാതോ ക്കായായിരുന്ന പൗലോസ് മാർ ബസ്സേലിയോസ് ബാവാ യെപ്പററി ധാരാളം എഴുതാനുണ്ടെങ്കിലും അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിൽ കഴിഞ്ഞിരുന്ന ഞാനും എന്റെകൂടെയു ള്ളവരും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടെ ങ്കിലും പഴേ സ്നേഹത്തിനും വാത്സല്യത്തിനും ഒട്ടും തന്നെ കുറവുവരുത്താതെ എന്നെ സ്നേഹിച്ചിരുന്നു എന്ന തിന്റെ തെളിവായിന്നു യാക്കോബായ സുറിയാനിപള്ളി കൂദാശ വി: കുർബ്ബാനകഴിഞ്ഞ് തന്റെ ജനങ്ങളെ ആശീർ

malankaralibrary.com

വദിച്ചുംകൊണ്ടു നിൽക്കുമ്പോഴാണ് ആണ് ചെന്ന്കാണാൻ എനിക്ക് ഇടയായത്. തദവസരത്തിൽ കൂടെയുള്ള മെത്രാപ്പോലീത്തന്മാരുടെയും അനേക വൈദികരുടേയും പൊതു ജനത്തിന്റേയും മദ്ധ്യേവച്ച് ആ അഭിവന്ദ്യ പിതാവ് എന്നെ കൈമുത്തിക്കാതെ ചുമ്പിച്ച് ആശീർവദിച്ചു. കൂടാതെ കൂടെനിർത്തി ഫോട്ടോ എടുപ്പിച്ചതിനുശേഷം കൂടെ ഇരുത്തി കാപ്പികുടിപ്പിച്ചു. അതിനുശേഷം എന്നോട് പറഞ്ഞപ്രകാരം ദയറായിൽ ചെല്ലാൻ എനിക്കായി ഏതോ പാരിദോഷികം വച്ചിട്ടുണ്ട്. അതു തരുന്നതിന് പക്ഷെ ഭാഗ്യദോഷിയായ എനിക്ക് പോയി വാങ്ങിക്കാൻ സാധിച്ചില്ല. അദ്ദേഹത്തിനോടുകൂടി നിന്നെടുത്ത ഫോട്ടോ ചരിത്തത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിച്ചും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത യാചിച്ചും ആ വന്ദ്യപിതാവിനോടുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തിക്കൊള്ളട്ടെ.

കോട്ടയം മുതലായ നാലു ഭദ്രാസനങ്ങൾ ഭരിച്ചിരുന്ന അഭിവന്ദ്യ പിതാവ് കാലംചെയ്ത കോട്ടയം പാണംപടി സെൻറ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മിഖായേൽ മാർ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയോടുള്ള പൂർവ്വബന്ധം അദ്ദേഹത്തിൽനിന്നും മുൻകൂട്ടി ശെമ്മാശ്ശനും പിന്നീട് 1935-ൽ കശ്ശീശ്ശാപട്ടവും ഏററു എന്നുള്ളതും പ്രത്യേക ആശീർവാദത്താലും മററും എന്നെ ശ്രേഷ്ഠനാക്കി സ്നേഹിച്ചിരുന്ന ആ വന്ദ്യപിതാവിന്റെ വിലയേറിയ മദ്ധ്യസ്ഥതയിൽ യാചിച്ചുകൊണ്ടും ആ വന്ദ്യപിതാവിനോടുണ്ടായിരുന്ന സ്നേഹവും നന്ദിയും പ്രകടിപ്പിച്ചു കൊള്ളുന്നു.

കർത്താവിൽ നിദ്രപ്രാപിച്ച ഓമല്ലൂർ ഇലവിനാമണ്ണിൽ ദിവ്യശ്രീ കുരിയാക്കോസ്സ് അച്ചനോട് പ്രത്യേകം ഞാൻ കടപ്പെട്ടവനാണ്. അദ്ദേഹം കൂടൽ സെൻറ്പോൾസ് യാക്കോബായ സുറിയാനി പള്ളി വികാരി ആയിരിക്കുമ്പോഴാണ് എന്നെ വൈദികസ്ഥാനത്തിലേക്ക് പ്രവേ

malankaralibrary.com

ശിപ്പിക്കുവാൻ ഇടവകാംഗങ്ങൾ മുഴുവനും പ്രേരിപ്പിച്ചത്. ഞാൻ അതിൽനിന്നും പിൻമാറി. ഉടൻ ബ: അച്ചൻ പ്രത്യേകം ഗുണദോഷിച്ചതിൻെറ ഫലമായി ഞാൻ സമ്മതിച്ചു. അങ്ങനെ ദൈവപ്രീതിയാൽ ഞാൻ വൈദീകനായി. അദ്ദേഹത്തിൻെറ ആത്മശാന്തിക്ക് പ്രാർത്ഥിക്കുന്നു. കൂടാതെ ആ കാലയളവിൽ പലതരത്തിലും സഹായിച്ചിട്ടുണ്ട്. ഞാനും എൻെറ അന്നത്തെ പ്രാപ്തിയനുസരിച്ച് അദ്ദേഹത്തിന് സഹായി ആയിരുന്നു. ആ കുടുംബത്തോടും ഇന്നും കടപ്പെട്ടവൻ തന്നെ.

ബഥനി ആശ്രമം സഹോദരശ്രേഷ്ഠ ബ: വൈദികരായ സകലരോടും ബഥനിമഠം ബ: കന്യാസ്ത്രീകളായ അമ്മമാരോടും സഹോദരികളോടും ഉള്ള പ്രത്യേകസ്നേഹവും സന്തോഷവും നന്ദിയും പ്രത്യേകം രേഖപ്പെടുത്തുകയും നിങ്ങൾ ഏവരുടേയും പ്രാർത്ഥന യാചിച്ചും കൊള്ളുന്നു.

എന്നാൽ പ്രത്യേകിച്ച് ബഥനി ആശ്രമം സുപ്പീരിയർ ജനറൽ ബ: ജറോം പീടികപറമ്പിൽ ഒ.ഐ.സി. അച്ചനോടും കുമ്പഴ ബഥനി ആശ്രമം സുപ്പീരിയർ ബ: അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി. അച്ചനോടും കുമ്പഴ മൗണ്ട് സ്കൂൾ പ്രിൻസിപ്പാൾ ബ: ഇഗ്നേഷ്യസ് അച്ചനോടും കററാനം ബഥനി ആശ്രമം സുപ്പീരിയർ ബ: ഡോമനിക് ഒടാലിൽ ഒ.ഐ.സി. അച്ചനോടുമുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നതിനോടൊപ്പം നിങ്ങൾ ഏവരുടേയും പ്രാർത്ഥനകളും യാചിച്ചുകൊള്ളുന്നു.

എന്നാൽ കററാനം ബഥനി ആശ്രമം സുപ്പീരിയർ ബ: ഡോമനിക്ക് ഒടാലിൽ ഒ.ഐ.സി. അച്ചനോട് പ്രത്യേകം കടമപ്പെട്ടവനാണ്. കാരണം അദ്ദേഹം ഗുരുപട്ടം സ്വീകരിച്ച് പൂനായിൽ നവപൂജ അർപ്പിക്കുന്ന ദിവസം ആയിരുന്നു. ഞങ്ങളുടെ പുനരൈക്യം കേട്ടമാത്രയിൽ ദൈവത്തെ സ്തുതിക്കുകയും അനുമോദിച്ച് കത്ത് അയയ്ക്കുകയും കേരളത്തിൽ വന്ന ദിവസംതന്നെ വന്നുകാണുകയും അതിരററ സ്നേഹം പ്രകടിപ്പിക്കുകയും ആ കൊല്ലത്തെ കഷ്ടാനു

malankaralibrary.com

ദവാഴ്ച മുഴുവനും എൻെറ ചാപ്പലിൽ അദ്ദേഹം നടത്തി ആളുകളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തതു. കൂടാതെ എട്ടുനൊയമ്പ് പെരുനാരം (വി: ദൈവമാതാവിൻെറ ജനനപ്പെരുനാരം) എട്ടുദിവസം ഇവിടെ പ്രസംഗിച്ചും വി: കുർബാന അനുഷ്ഠിച്ചും ഇടവക ജനങ്ങളെ വിശ്വാസത്തിലും സ്നേഹത്തിലും നിലനിർത്തിയ ബ: പട്ടക്കാരൻ അന്നുമുതൽ ഇന്നുവരെ എൻെറ ക്ഷേമാന്വേഷണത്തിന് സമയമുള്ളപ്പോരം വന്നു കണ്ടുകൊണ്ടിരിക്കുന്നു. കൂടാതെ എൻെറ പള്ളിക്കേസ്സിൻ അല്പാല്പം സഹായിച്ചിട്ടും ഉണ്ട്. അദ്ദേഹത്തിൻെറ അതിരററ സ്നേഹത്തിനും സഹായസഹകരണത്തിനും അദ്ദേഹത്തിന് ദീർഘായുസ്സും ആരോഗ്യവും നൽകണമേ എന്നു പ്രാർത്ഥിക്കുകയും അദ്ദേഹത്തിൻെറ പ്രാർത്ഥനയിൽ ഓർക്കണമേ എന്നുള്ള അപേക്ഷയോടുകൂടി എനിക്കുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തിക്കൊള്ളുന്നു.

കോന്നി ഡിസ്ട്രിക്ട് വികാരി വന്ദ്യശ്രീ ബ: ഡാനിയേൽ വടക്കേര അച്ചനെപ്പററി അല്പം പറഞ്ഞുകൊള്ളട്ടെ. 62-ൽ അഭിവന്ദ്യ പിതാവ് ഞങ്ങളെ പുനരൈക്യപ്പെടുത്താൻ തിരുവനന്തപുരത്തുനിന്നും അഭിവന്ദ്യ പിതാവിൻെറകൂടെ ഉണ്ടായിരുന്ന ഏകവൈദികനാണ് അദ്ദേഹം. എൻെറ വീടിന് സമീപം ഉണ്ടായിരുന്ന ജനക്കൂട്ടത്തെകണ്ട് അഭിവന്ദ്യപിതാവിനു സ്വല്പം പ്രയാസം തോന്നിയെങ്കിലും എൻെറ ഇടവകജനത്തിൻെറ സ്വീകരണവും സന്തോഷവും കണ്ട് അഭിവന്ദ്യപിതാവ് സംതൃപ്തനായി. എന്നുള്ളത് നേരിൽ കണ്ട ബ: അച്ചൻ ഇന്നും ആ സംഭവം പലരോടും പ്രസ്താവിക്കുന്നുണ്ട്.

ഇപ്പോരം വകയാർ സെൻറ് മേരീസ് കത്തോലിക്കാ പള്ളി വികാരി ആയി വന്നശേഷം കൂടെക്കൂടെ എന്നെ ക്ഷണിക്കുകയും സമയമുള്ളപ്പോരം എന്നെ സമീപിച്ച് ക്ഷേമം ആരാഞ്ഞുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ഭരണത്തിൽ ഇരിക്കുന്ന കല്ലേലി കത്തോലിക്കാപള്ളിയിൽ 1996-ലെ കഷ്ടാനുഭവശുശ്രൂഷ എന്നെകൊണ്ട് നടത്തി

malankaralibrary.com

ച്ച് ആ ഇടവകജനങ്ങളുടെ സ്നേഹത്തിന് പാത്രവാനാക്കി. കൂടാതെ തിരുവനന്തപുരം പട്ടം അരമനയിൽ നടത്തുന്ന ഏതു പൊതുമീററിംഗിനും ആദ്യവസാനം സംബന്ധിക്കുന്നതിനു മുൻകൂട്ടി അറിവ് തന്ന് സ്വന്തം കാറിൽ കൊണ്ടുപോകുകയും തിരികെ കൊണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്ന അങ്ങ് എന്റെ ചരിത്രത്തിന്റെ മാററർ കാണിച്ച് ആശംസ എഴുതിവാങ്ങിക്കാൻ സാധിക്കാത്തതിൽ ഖേദമുണ്ട്. അത് അച്ചടിപ്പിച്ച് കാണാൻ എന്നെ കൂടുതൽ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന അങ്ങേ അളവററ സ്നേഹത്തിനു നന്ദിപറഞ്ഞും അങ്ങേ പ്രാർത്ഥന യാചിച്ചും അങ്ങേക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും ഇത് അവസാനിപ്പിച്ചുകൊള്ളുന്നു.

1991-ൽ ഞാൻ രോഗാവസ്ഥയിൽ ആയിരുന്നപ്പോഠം എന്റെ ഇടവക പള്ളിയുടേയും എന്റെയും വികാരിയായിരുന്നത് ബ: മാന്യ വാഴപ്പിള്ളേത്ത് അച്ചനായിരുന്നു. അദ്ദേഹം കൂടെക്കൂടെ വന്ന് രോഗസ്ഥിതി അന്വേഷിച്ചിരുന്നു. ആ അവസരത്തിൽ ഞാൻ അദ്ദേഹത്തോട് എനിക്ക് തൈലാഭിഷേകം നടത്തണമെന്നാവശ്യപ്പെട്ടു. അദ്ദേഹം ഇപ്പോഴെ ആവശ്യമുണ്ടോ? തൈലാഭിഷേകം രോഗശാന്തിക്കാണ്. ആയതുകൊണ്ടാവശ്യമാണ് എന്നു തീർത്തു പറഞ്ഞപ്പോഠം എന്നാൽ 4 മണിക്ക് ആകാം എന്ന് സമാധാനപ്പെടുത്തിയിട്ട് പോയി. അദ്ദേഹം വടശ്ശേരിക്കര പോയി. വടശ്ശേരിക്കര കത്തോലിക്കാപള്ളി വികാരി പെരിയ ബ: ജോഷ്വാ പീടികയിൽ അച്ചനെയും കൂട്ടി കൊണ്ടുവന്ന് 5 മണിയോടുകൂടി എന്റെ ആഗ്രഹപ്രകാരം അദ്ദേഹം ബ: മാത്യു വാഴപ്പിള്ളേത്ത് അച്ചന്റെ സഹകരണത്തോടുകൂടി തൈലാഭിഷേകം നല്കി ആ കൂദാശ നിറവേററിയ ബ: ജോഷ്വാ പീടികയിൽ അച്ചനോടും ബ: മാത്യു വാഴപ്പിള്ളേത്ത് അച്ചനോടും പ്രത്യേകം ഞാൻ കടപ്പെട്ടവനാണ്. ബ: അവർ രണ്ടുപേരുടേയും കുടുംബവും എന്റെ കുടുംബവുമായി പൂർവ്വികബന്ധമുണ്ട്. ആ നിലയ്ക്കും എന്റെ ആഗ്രഹം നിറവേററി തന്നതിനാൽ അവരോടുള്ള സ്നേഹവും നന്ദിയും പ്രത്യേകം രേഖപ്പെടുത്തുന്നു. കൂടാതെ ബ: അവർ

malankaralibrary.com

ക്ക് രണ്ടുപേർക്കും ഏതോ പ്രത്യേകസ്നേഹമുള്ളതായിട്ടാണ് ഇതുവരെയുള്ള എന്റെ അനുഭവം. ആയതിനാൽ അവരുടെ ദീർഘായുസ്സിനും ആയുരാരോഗ്യത്തിനും പ്രാർത്ഥിച്ചുകൊണ്ട് വിലയേറിയ അവരുടെ പ്രാർത്ഥനയും സ്നേഹവും അഭ്യർത്ഥിച്ചുകൊകള്ളുന്നു. തൈലാഭിഷേകത്തിനുശേഷം മൂന്നുദിവസത്തിനകം പൂർണ്ണ ആരോഗ്യവാനായി. ദൈവത്തിനും മഹത്വം, സ്തുതി.

തിരുവനന്തപുരം അതിരൂപതാ ഇപ്പോഴത്തെ പൊക്കറേറർ ബ: തോമ്മസ് പ്ലാവിള അച്ചൻ ഏറെനാൾ ഉദ്ദേശം 1976 മുതൽ വകയാർ സെൻറ് മേരീസ് കത്തോലിക്കാ പള്ളി വികാരിയായി ഇരുന്നകാലത്ത് അദ്ദേഹം എന്റെ ഇടവക സന്ദർശിക്കയും വേണ്ട വിശ്വാസ ഉപദേശങ്ങൾ നൽകി ഞങ്ങളെ കത്തോലിക്കാസഭാ വിശ്വാസത്തിൽ കൂടുതൽ താല്പര്യമുള്ളവരാക്കിയ ബ: അച്ചനാണ് ഇപ്പോൾ അരമന പൊക്കറേറർ. അദ്ദേഹത്തോടും, അരമന ആഫീസ് ക്ലർക്കായി ഏറിയ കാലംകൊണ്ടു തന്റെ ജോലി നിർവഹിച്ചുകൊണ്ടിരിക്കുന്ന കെ.ഏ. എബ്രഹാം, ക്ലാർക്ക് പി.ഡി. ദാനിയേൽ അവർകളോടും പ്രത്യേകം പറയാനുള്ളതും നിങ്ങൾ നേരിൽ കാണിക്കുന്ന സ്നേഹത്തിനായി നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ മറക്കരുതേ. ബ: പൊക്കറേറർ അച്ചാ ആദ്യകാലമുള്ള ആ സ്നേഹം നമ്മുടെ അന്ത്യംവരെ നിലനിൽക്കാൻ പ്രാർത്ഥിക്കാം. അങ്ങേയ്ക്കു സകല ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

തിരുവനന്തപുരം അതിരൂപത, തിരുവല്ലാ രൂപത, ബത്തേരി രൂപത, ഈ മൂന്നു രൂപതകളിലും ബഥനി ആശ്രമം, ബഥനിമഠം, ഉള്ള അനേകം ശ്രേഷ്ഠസഹോദരരായ വൈദികരോടും കന്യാസ്ത്രി അമ്മമാർ, സഹോദരികൾ, നിങ്ങൾ ഓരോരുത്തരോടുമുള്ള സ്നേഹം പ്രത്യേകം രേഖപ്പെടുത്താൻ പ്രയാസമായതുകൊണ്ട് പൊതുവേ ഏവരോടുമുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തുകയും നിങ്ങളുടെ പ്രാർത്ഥനയിൽ ഈ കിഴവൻ വൈദികനെകൂടി ഓർത്തുകൊള്ളണമെ എന്ന് അഭ്യർത്ഥിക്കയുംചെയ്യുന്നു.

malankaralibrary.com

തിരുവനന്തപുരത്തുള്ള നമ്മുടെ മേജർ സെമിനാരി റെക്ടർ വന്ദ്യ ബ: ഗീവറുഗീസ് ചേടിയത്ത് അച്ചൻ വൈദീക വിദ്യാർത്ഥി ആയിരിക്കുന്ന കാലത്താണ് ഞങ്ങരം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നത്. അദ്ദേഹം അവധിക്കു വീട്ടിൽ വന്നാൽ വി. കുർബാനയിൽ സംബന്ധിപ്പാൻ എന്റെ ചാപ്പലിൽ മാത്രമേ വരികയുള്ളു. അതിരുങ്കൽ കത്തോലിക്കാ പള്ളിയിൽ എട്ട് കൊല്ലം ബ: വികാരിമാരുടെ സഹായിയായിരുന്നു. ആ കാലങ്ങളിലും ടി അച്ചൻ അവധിക്കുവന്നാൽ പ്രസംഗിക്കാൻ എന്നെ കൂടുതൽ പ്രേരിപ്പിച്ചിട്ടുണ്ട്. കൂടാതെ മൈനർ സെമിനാരി റെക്ടറായി അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ വിദ്യാർത്ഥികളോടു ഞാൻ വല്ല തമാശയും പറഞ്ഞ് അവരെ രസിപ്പിക്കുന്നതിനും എന്നെ അവർക്ക് പരിചയപ്പെടുത്തുന്നതിനും പ്രത്യേകസ്നേഹം കാണിച്ചിട്ടുള്ള ബ: അച്ചന്റെ അതിരററ സ്നേഹത്തിനും എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അദ്ദേഹത്തിന്റെ എല്ലാ പദവിക്കും സ്ഥാനമാനത്തിനും ദീർഘായുസ്സിനും പ്രാർത്ഥിച്ചുകൊണ്ട് തമ്മിൽതമ്മിലുള്ള സ്നേഹം പ്രകടിപ്പിച്ചുകൊള്ളട്ടെ.

എന്റെ ആദ്യജീവനകാലംമുതൽ സഭാസംബന്ധമായ കാര്യങ്ങളിലും, പള്ളിമുതലായ പണികളിലും പിന്നീട് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനും അന്നു ഇടവകാംഗങ്ങളായ സകലരോടും ഉള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നതുകൂടാതെ അവരിൽ പരേതരുടെ ആത്മശാന്തിക്കും ശേഷിച്ചിരിക്കുന്നവർക്ക് ദൈവികകൃപയും ഐശ്വര്യവും ലഭിക്കുന്നതിനായി നിരന്തരം പ്രാർത്ഥിക്കുന്നു. എന്നാൽ പരേതരായ രണ്ടുമൂന്നാളുടെ അതിരററ സ്നേഹത്തിനും കൂട്ടുപ്രവർത്തനങ്ങളും ഓർത്തു കൊള്ളുന്നു.

1) കൂടലിൽ ഇളങ്ങാട് പൗലോസ് യോഹന്നാൻ
2) ,, നെടുങ്കാവ് പടേനിക്കൽ മാമ്മൻമത്തായി
3) ,, മുറിഞ്ഞകല്ലിൽ കളിമരത്തിനാൻ ഐയ്പ്പ് മത്തായി

malankaralibrary.com

അവരുടെ ആത്മശാന്തിക്കായി അവശരുടെ ഓർമ്മദിവസങ്ങളിൽ വി. ബലി അർപ്പിച്ചും സ്മരണ നിലനിർത്തുന്നു. അവരുടെ പിൻഗാമികളും പിതാക്കന്മാരുടെ കാലടിയെ തുടർന്നുകാണിക്കുന്ന സ്നേഹത്തിനു അവർക്ക് ദൈവ കൃപയാൽ എല്ലാ ഐശ്വര്യങ്ങളും ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ നിറഞ്ഞ സ്നേഹത്തിനു നന്ദി പറയുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്റെ ഒരഭിപ്രായം പ്രത്യേകിച്ച് മക്കളോട് ഒരു വ്യക്തിക്ക് ഉററ സ്നേഹിതൻമാരായി പലരും വേണം. എന്നാൽ മൂന്നുപേർ അത്യന്താപേക്ഷിതമാണ്. (1) ഒരു ശ്രേഷ്ഠവൈദികൻ (2) മാന്യനായ ഒരു ഡോക്ടർ, (3) ഒരു അഡ്വക്കേററ്, കാരണം അന്യോന്യം സ്നേഹിക്കുന്ന ഒരു ശ്രേഷ്ഠവൈദികനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ എപ്പോഴും ഓർക്കും. അതു നിമിത്തം കാണപ്പെടാൻ പാടില്ലാത്ത ദൈവകൃപലഭിക്കും, (എന്റെ വിശ്വാസം) അതുപോലെതന്നെ ഉററ സ്നേഹിതനായ ഒരു ഡോക്ടർ ഉണ്ടെങ്കിൽ നമ്മുടെ രോഗാവസ്ഥയിൽ മനഃപൂർവ്വം ചികിത്സിക്കുകയും ഉപദേശം നൽകിയും ആശ്വാസവും പണലാഭവും ലഭിക്കും.

അതുപോലെ ഒരു അഡ്വക്കേററ് ഉററ സ്നേഹിതനാണെങ്കിൽ യാദൃശ്ചികമായി വല്ല കേസിനും ഇടവരുന്നു എങ്കിൽ അതിരററ സ്നേഹത്തെപ്പററി അദ്ദേഹം വളരെ സഹായിക്കും. തന്നിമിത്തം മാന്യതയും ലാഭവും ലഭിക്കും.

എനിക്ക് 1980 മുതൽ ഒരു ഭാഗ്യംലഭിച്ചിട്ടുണ്ട്. അതായത് കലഞ്ഞൂർ ദേശത്ത് ബ്രദേഴ്സ് ഹോസ്പിററൽ സ്ഥാപിച്ച് വിലയേറിയ ചികിത്സനടത്തുന്ന മി. ഡാക്ടർ രാമദാസ് അയ്യപ്പൻ B.Sc., M. B. B. S. അവർകൾ 80 മുതൽ ഇന്നുവരെ എന്റെ എന്നല്ലാ എന്റെ കുടുംബാംഗങ്ങളുടെയും ബഹുമാന്യനായ ഡോക്ടർ ആണ്. അദ്ദേഹത്തിന്റെ അളവററ മൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന സഹായ സഹകരണത്തിനും അദ്ദേഹത്തിനും കുടുംബത്തിനുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്കുന്നു. ഈശ്വരൻ അനുഗ്രഹിക്കട്ടെ.

നന്ദി പ്രകടനം നിർത്തുന്നു.

malankaralibrary.com

# ദൈവത്തിനു സ്തുതി

മക്കളോടും സഹോദരസഹോദരികളോടും ഉള്ള അന്ത്യ ശാസന ഉപദേശം.

മനുഷ്യന്റെ ആയുസ്സ് 70-ം ഏറെ ആയാൽ 80-ം അതിന്റെ പ്രതാപമോ പ്രയാസവും ദുഃഖമത്രേ എന്ന് സങ്കീർത്തന ആശാനായ ദാവീദ് പറഞ്ഞിട്ടുള്ളത് നാം അനുസ്മരിക്കുമ്പോൾ എന്റെ വൃദ്ധതയിൽ ഞാൻ തികഞ്ഞും സംതൃപ്തിപ്പെടുകയും ഇതേവരെയും എന്നെ ക്ഷേമത്തോടുകൂടി കാത്തുപരിപാലിച്ച് നടത്തിയിട്ടുള്ള സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ''മനുഷ്യാ നീ മണ്ണാകുന്നു. നീ മണ്ണിലേക്ക് തിരികെ പോകും'' എന്നുള്ള കർത്തൃവചനം എല്ലാ മനുഷ്യരിലും നിവർത്തിയാകേണ്ടതും ആകുന്നു. ഭാഗ്യവാനായ പ: പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ഞാൻ മരിച്ചാൽ ക്രിസ്തുവിനോടുകൂടെ ഇരിപ്പാനുള്ള ഭാഗ്യം എനിക്കു സിദ്ധിക്കുമെന്നുള്ളതിനാൽ, നമ്മുടെ പിതാക്കന്മാരാൽ കല്പിക്കപ്പെട്ടിട്ടുള്ള സകല കൂദാശകളും കൈക്കൊണ്ട് കർത്താവിന്റെ തൃപ്പാദാന്തികെ ചെന്നെത്തുവാൻ ഞാൻ ദിവസങ്ങൾ എണ്ണി എണ്ണി ഈ എൺപത്തിഎട്ടാം വയസ്സിന്റെ അവസാനത്തിൽ കഴിഞ്ഞുകൊണ്ടിരിക്കയാണ്.

എന്റെ വാത്സല്യ മക്കളേ എന്റെ 64-ാം വയസ്സിൽ ഉണ്ടായ അസുഖംമൂലം പല ചിന്തയിൽ അകപ്പെട്ടയവസരത്തിൽ എനിക്കുള്ള സ്വത്തിന്റെ അവകാശികൾ എന്നായാലും നിങ്ങൾക്കുതന്നെ എന്ന വിശ്വാസത്തിൽ അന്നുണ്ടായിരുന്നത് നിങ്ങൾ രണ്ടുപേർക്കും സർവ്വസ്വാതന്ത്ര്യമായി 1973-ൽ രജിസ്റ്ററാക്കി നല്കി.

എന്റെ പെൺമക്കളായ നിങ്ങളുടെ സഹോദരികൾ നാലുപേരെയും മുൻകൂട്ടി വിവാഹം കഴിപ്പിച്ചിട്ടുള്ളതും അതാതുകാലത്തെ ചുററുപാട് അനുസരിച്ച് പിതൃസ്വത്തവകാശം രൊക്കം പണമായി കൊടുത്തിട്ടുള്ളതുമാകുന്നു. അവർ പല സ്ഥലങ്ങളിൽ കുടുംബമായി താമസിച്ചുവരു

malankaralibrary.com

ന്നതും നിങ്ങളുടെ വിവാഹങ്ങൾ മുറപ്രകാരം നടത്തി കുടുംബഭാരം ഏല്പിച്ചിരിക്കുന്നതും എന്നാൽ നിങ്ങളുടെ വാത്സല്യമാതാവ് 1963-ൽ കർത്താവിൽ നിദ്രപ്രാപിച്ചു എങ്കിലും ആ തീരാദുഃഖംമൂലം നിങ്ങൾക്ക് ലവലേശം യാതൊരു പ്രയാസത്തിനോ ദുഃഖത്തിനോ ഇടവരുത്താതെ എല്ലാകാര്യങ്ങളും എന്നെക്കൊണ്ട് നിറവേററിച്ച ദൈവത്തെ സ്തുതിക്കുന്നു.

അതിനുശേഷം 1973-ൽതന്നെ എനിക്കുവേണ്ടത് ഞാൻ തന്നെ തയ്യാറാക്കിവച്ചിട്ടുണ്ട്, കാപ്പസെററ്, ചെരിപ്പ്, തൊപ്പി എൻെറ കൈകൊണ്ട് വാർത്തെടുത്ത 12 മെഴുകുതിരി രണ്ടുകിലോ കുന്തിരുക്കം, സൈത്ത് മുതലായവ ഒരു പെട്ടിയിൽ സൂക്ഷിച്ചിട്ടുണ്ട്. 23 കൊല്ലം കഴിഞ്ഞു. ഇനി വേണ്ടത് ശവപ്പെട്ടിക്കും അന്നത്തെ അനാമത്തുചെലവിനും ആവശ്യത്തിനുള്ള പണമാണ്. ആയതിനെക്കുറിച്ച് ചിന്തിച്ചു വ്യാകുലപ്പെട്ടു കഴിഞ്ഞുകൂടുന്നു. ആയതും സ്വരൂപിച്ചു സൂക്ഷിക്കുവാൻ ദൈവം സംഗതിയാക്കുമെന്ന് പൂർണമായി വിശ്വസിക്കുന്നു. കാരണം എന്നെപ്രതി ഇതുവരെ മക്കളോ സഹോദരങ്ങളോ സ്നേഹിതരോ പ്രയാസപ്പെട്ടിട്ടില്ല. അന്ത്യയാത്രയ്ക്കും അവരെ പ്രയാസപ്പെടുത്തരുത് എന്നുള്ളതാണ്.

പ്രിയ മക്കളേ! ഒരു കാര്യം പ്രത്യേകം അധികാരത്തോടും സ്നേഹത്തോടും ഓർമ്മപ്പെടുത്തുന്നു. എൻെറ മരണശേഷം ആഘോഷമായ നഗരികാട്ടലോ കോലാഹലമോ ഒന്നും കൂടാതെ നമ്മുടെ കൂടലിൽ സെൻറ് പീയൂസ് കത്തോലിക്കാപള്ളിവക ശവക്കോട്ടയിൽ കിഴക്ക്തെക്ക് ഭാഗത്തു തെക്കേയററത്ത് സംസ്കരിക്കുക അതേ ചേർന്ന് നമ്മുടെ കുടുംബ കല്ലറ സൗകര്യമുണ്ടെങ്കിൽ അനുവാദത്തോടെ സ്ഥാപിക്കുക കൂടാതെ ശ്രാദ്ധമോ അടിയന്തിരാദികളോ ഒന്നുംതന്നെ ആവശ്യമില്ലാത്തതും അഥവാ നിങ്ങളുടെ മാന്യതയ്ക്ക് നടത്തണമെന്നാഗ്രഹിക്കുന്നു എങ്കിൽ ആ വകയ്ക്ക് ചെലവാക്കാൻ ഉദ്ദേശിക്കുന്ന ധനം സാധുസംരക്ഷണത്തിനും സാധുക്കൾക്കും ചെലവിടുക. കാരണം എന്തെല്ലാം ചെലവാക്കിയാലും അത് എനിക്ക്

malankaralibrary.com

പ്രയോജനപ്പെടുകയില്ല. എനിക്കുവേണ്ടിയത് സഭാനിയമ പ്രകാരം അതാതുസമയത്തുള്ള ബലി അർപ്പിക്കുക. നിങ്ങൾ വി. കുർബാനയിൽ സംബന്ധിക്കുമ്പോൾ ശ്രദ്ധിച്ചാൽ മനസ്സിലാകും ബ: പട്ടക്കാരൻ വിശ്വാസപ്രമാണം കഴിഞ്ഞ് തർഗായിൽ കയറി പ്രാർത്ഥന ആരംഭിക്കുന്ന പത്താമത്തെ പ്രാർത്ഥന പ്രത്യേകം ശ്രദ്ധിക്കുക ''ഓരോരുവനും അവനവനുള്ള പ്രവർത്തിക്കനുസരണമായി പ്രതിഫലം കൊടുക്കുന്നു എന്നുള്ളതിനാൽ നിങ്ങൾ ചെയ്യേണ്ടത് 3, 5, 7, 9, 15, 30 ദിവസങ്ങളിലും 40-ാം ദിവസവും വി. കുർബാനചൊല്ലിച്ച് 40-ാംദിവസം കുഴിക്കടവും ഭവനത്തിലും ധൂപം വയ്പിച്ച് ആത്മശാന്തിക്കായി പ്രാർത്ഥിച്ച് ദാനധർമ്മം ചെയ്യുക. വി. കുർബാനവിഹിതവും നിങ്ങളുടെ പ്രാപ്തിയനുസരിച്ചുള്ള കൈസൂമിയും ബ: പട്ടക്കാർക്ക് കൊടുത്തുകൊള്ളണം. അപ്രകാരം അനുഗ്രഹം പ്രാപിക്കുക മടികാണിക്കരുത്.

സ്നേഹമേറിയമക്കളേ ഈ ലോകത്ത് നിങ്ങൾക്കായി ഞാൻ ഒന്നും സമ്പാദിച്ചിട്ടില്ല. ബംഗ്ലാവോ, മേടയോ റബർ തോട്ടമോ, നിലമോ, കാറോ ഒന്നുംതന്നെ. ദൈവത്തിന്റെ ദാനമാണ് സമ്പത്തും സന്താനവും സൗന്ദര്യവും എന്ന് നിങ്ങൾക്ക് അറിയാമല്ലോ. എന്നാൽ കർത്താവായ യേശു മിശിഹാ ഒരുസഭയെ സ്ഥാപിച്ചിട്ടുള്ളു. ആ ഏകസഭയിൽ നിന്ന് നമ്മുടെ പിതാക്കന്മാർ പിന്തിരിഞ്ഞുപോയി. ആ തീരാനഷ്ടം എന്നിൽകൂടി ദൈവം നിറവേററി. അതായത് പ: പൂർവ്വികസഭയാകുന്ന കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ ആ വില തീരാത്ത സമ്പാദ്യമാണ്. എന്റെ മക്കളായ നിങ്ങൾക്കും എന്നോടുകൂടി പുനരൈക്യപ്പെട്ട എന്റെ ആത്മീയ മക്കൾക്കും, ഞാൻ സമ്പാദിച്ചിട്ടുള്ളത് ആ വിലതീരാത്ത നൽവരമായ സമ്പാദ്യം നഷ്ടപ്പെടുത്താതെ നിങ്ങളും നിങ്ങളുടെ മക്കളും കരുതി സൂക്ഷിച്ചുകൊള്ളണം. മക്കളേ നിങ്ങൾ ഒന്നുകൊണ്ടും ദുഃഖിക്കേണ്ടാ ദൈവത്തിനു കഴിയാത്ത ഒന്നുംതന്നെയില്ല. ഭാവിയിൽ നിങ്ങൾക്കാവശ്യമുള്ളതെല്ലാം അവിടുന്നു നൽകും നിശ്ചയം. പരിശുദ്ധ ദൈവമാതാവിലും പ: ശ്ലീഹന്മാർ പ: സഹദേന്മാർ പൂർവ്വപിതാക്കന്മാർ എന്നിവരുടെ മദ്ധ്യ

malankaralibrary.com

സ്ഥതയിൽ അഭയം പ്രാപിച്ച് വിശ്വാസികളായ മരിച്ചുപോയ പിതൃക്കളെ ഓർത്തും ദാനധർമ്മങ്ങൾ ചെയ്തും ദരിദ്രരോട് കരുണകാണിച്ചും രോഗികളെ സന്ദർശിച്ചും എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പള്ളിയിൽ വി കുർബാനയിൽ സംബന്ധിച്ചും നിങ്ങളുടെ മക്കളെ വേദപാഠം പഠിപ്പിച്ചും കുടുംബപ്രാർത്ഥന മുടക്കാതെ ക്രിസ്തീയ കുടുംബമായി ജീവിക്കുക ഇത് എന്റെ ആഗ്രഹവും എന്റെ അവസാന വാക്കുമത്രേ. അബ്രഹാം ഇസ്സഹാക്കിലും, ഇസ്സഹാക്ക്, യാക്കോബിലും യാക്കോബ് യൗസേഫിലും സന്തോഷിച്ച പ്രകാരം, നിങ്ങളും നിങ്ങളുടെ മക്കളും ദൈവകൃപയിൽ സന്തോഷിപ്പാൻ നിങ്ങൾക്ക് നല്ല സന്താനങ്ങളേയും ആവശ്യമായ സമ്പത്തും പൂർണ്ണദൈവവിശ്വാസവും നൽകണമേ. എന്നു പാപിയായ ഞാൻ പ്രാർത്ഥിക്കുന്നു. കാരുണ്യവാനായ ദൈവം തമ്പുരാൻ കാണപ്പെടാത്ത തന്റെ വലത്തുകൈനീട്ടി നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ. നാം സകലർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരാണ് പ്രത്യേകം തനിക്കുവേണ്ടിയും.

നിനക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ കാരുണ്യവാനായ ദൈവമേ! എനിക്കു നല്ലബുദ്ധിയും, ജ്ഞാനവും താഴ്മയുള്ള ഹൃദയവും, പരസ്പരസ്നേഹവും, നല്കണമേ. എന്നു പ്രത്യേകം പ്രാർത്ഥിക്കുവിൻ.

പ്രത്യേകം ഒരു കാര്യം ഓർമ്മിപ്പിക്കുവാനും ദൈവത്തിനു അളവററ നന്ദിയും സ്തുതിയും നിറവേററാൻ കടപ്പെട്ടവനാണ് അതായത് ദൈവത്തിന്റെ തിരുവചനം.

മക്കൾ മാതാപിതാക്കന്മാർക്കല്ല.

മാതാപിതാക്കൾ മക്കൾക്കത്രേ.

ആ തിരുവചനം എന്നിൽക്കൂടി കാരുണ്യവാനായ ദൈവം നിറവേററിയതിന് അളവില്ലാതെ ദൈവത്തെ സ്തുതിക്കുന്നു. ഇന്നുവരെ എന്റെ ആൺമക്കൾ രണ്ടുപേർക്കും പെൺമക്കൾ നാലുപേർക്കും അവരെ സംബന്ധിച്ചവർക്കും എനിക്കുവേണ്ടിയോ എന്നെ പ്രതിയോ യാതൊരു

malankaralibrary.com

ക്ലേശത്തിനും നഷ്ടത്തിനും ഇടവരുത്താതെ എന്നെ എല്ലാ പ്രകാരത്തിലും സന്തുഷ്ടനും സംതൃപ്തനും ആക്കിയും ഒന്നിനും കുറവ് ഇല്ലാത്തവിധത്തിലും മററു ബഹുജനങ്ങളുടെ മുമ്പിലും അഭിവന്ദ്യ പിതാക്കന്മാരുടെ തിരുസന്നിധിയിലും സഹോദരശ്രേഷ്ഠവൈദികരുടെ മദ്ധ്യത്തിലും എന്നെ വലിയവനാക്കിയ ദൈവമേ അങ്ങേക്ക് സ്തുതി, സ്തോത്രം. എന്റെ അമ്മേ! ദൈവമാതാവേ! അമ്മയിൽ അഭയം പ്രാപിക്കുന്ന പാപിയായ എന്നെ അന്ത്യംവരെ കാത്തുസൂക്ഷിച്ച് സമാധാനത്തോടും സന്തോഷത്തോടും കൂടി അയക്കേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

നിങ്ങൾ എല്ലാവരും എനിക്കുവേണ്ടി പ്രാർത്ഥക്കണമേ.

ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

*N.B.* **തീരാദുഃഖം**

1996 നവംബർ 11-ാം തീയതി തിങ്കളാഴ്ച രാവിലെ 5-30ന് എന്റെ മൂത്തമകൾ റോസമ്മയുടെ ഭർത്താവ് കൈപ്പട്ടൂർ പള്ളിക്കൽ പി. ജി. ജോർജ്ജ് (കുഞ്ഞൂഞ്ഞുകുട്ടി) തിരുവനന്തപുരത്ത് സ്വവസതിയിൽ വച്ച് കർത്താവിൽ നിദ്രപ്രാപിച്ചു. 13-ാംതീയതി ബുധനാഴ്ച 4 മണിക്ക് വന്ദ്യ ദിവ്യശ്രീ ബ: മോൺസിഞ്ഞോർ കോശി വറുഗീസ് കിഴക്കേവീട്ടിൽ അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ പട്ടം കത്തോലിക്കാ പള്ളി ശവക്കോട്ടകല്ലറയിൽ സംസ്ക്കരിച്ചു.

malankaralibrary.com

## എന്റെ മാതാപിതാക്കൾ :

പരേതനായ വാത്സല്യപിതാവ് കുഞ്ഞുമ്മൻ വറുഗീസ്
,, ,, മാതാവ് ഏലിയാമ്മ വറുഗീസ്

## എന്റെ സഹോദര-സഹോദരികൾ:

1 ജേഷ്ഠൻ ദാനിയേൽ വറുഗീസ് 1977-ൽ മരിച്ചു
2 ഞാൻ ഗീവറുഗീസ് കശ്ശീശ്ശാ
3 സഹോദരി അന്നമ്മ ഉമ്മൻ
4 ,, ചിന്നമ്മ ജോൺ
5 ,, തങ്കമ്മ ജോർജ്ജ്
6 സഹോദരൻ ജോഷ്വാ വറുഗീസ് (ബേബി)
7 ,, ബർസാമ്മ വറുഗീസ് (കുഞ്ഞപ്പി)
8 ,, ജോൺ വറുഗീസ്
9 സഹോദരി പൊന്നമ്മ ശൗൽ

## എന്റെ മക്കൾ:

1 റോസമ്മ ജോർജ്ജ് തിരുവനന്തപുരം
2 ഗീവറുഗീസ് ഗീവറുഗീസ് (തങ്കച്ചൻ) പൂന
3 ത്രേസിയമ്മ തോമസ്സ് മദ്രാസ്
4 ജോഷ്വാ ഗീവറുഗീസ് (ശെമ്മാശ്ശൻ)
5 അന്നമ്മ മാത്യൂസ് തടിയൂർ കോളഭാഗം
6 മണി ജോസ് പൂനാ

malankaralibrary.com

# സമാപനം

ഞാൻ ഇങ്ങിനെ ഒരു ലഘുജീവചരിത്രം എഴുതി അച്ചടിപ്പിച്ച് വിതരണം ചെയ്യണമെന്നാഗ്രഹിച്ച് കഷ്ടനഷ്ടങ്ങൾ സഹിച്ചത് പരേതനായ എൻെറ വാത്സല്യപിതാവിൻെറ ജീവിതകാലത്ത് ഉണ്ടായിരുന്ന ആഗ്രഹം എന്നെ ഭരമേല്പ്പിച്ചവ നിറവേററുക എന്നുള്ളത് പ്രഥമം. അടുത്ത ചിന്ത പിൻഗാമികൾ സത്യവിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനും എൻെറ ജീവിതാനുഭവങ്ങൾ, ദൈവകൃപയാൽ ധന്യനായതും മററും ഓർക്കുന്നതിനും അവർ സത്യസഭയിൽ പൂർണ്ണവിശ്വാസത്തോടെ നിന്ന് നിത്യജീവൻ പ്രാപിക്കുന്നതിനും ഉതകും എന്നുള്ള വിശ്വാസത്തിലും അത്രേ. അല്ലാതെ പ്രശംസയ്ക്കുവേണ്ടിയോ ആയതു വിററ് പണസമ്പാദനത്തിനോ വേണ്ടിയല്ല എന്നത് ഞാൻ പ്രത്യേകം ഓർപ്പിച്ചുകൊള്ളട്ടെ.

എൻെറ രണ്ടുകണ്ണും നേരത്തെ ഓപ്പറേഷൻ നടത്തിയെങ്കിലും പൂർണ്ണകാഴ്ചയില്ലാത്തതും, ഏതാണ്ട് ആറുമാസം മുമ്പ് ഉണ്ടായ അസുഖംമൂലം ചെവിയുടെ കേൾവി പൂർണ്ണമായി നഷ്ടപ്പെട്ടിട്ടുള്ളതും കൂടാതെ കൈ വിറയൽ മൂലം എഴുതാൻ പ്രയാസവുമുള്ള ഈ വാർദ്ധക്യദശയിൽ വിദ്യാവിഹീനനായ ഞാൻ ഇത്രത്തോളം അതായത് അപൂർണ്ണമായതും ഭാഷാശുദ്ധി ഇല്ലാത്തതുമായ ഈ ലഘു ജീവിതരീതി നന്ദിപ്രകടനത്തോടും ഉപദേശത്തോടും എൻെറ അനുഭവകഥകളോടും മററുംകൂടി എഴുതി അച്ചടിപ്പിച്ച് നിങ്ങൾക്കും ഉററ സ്നേഹിതർക്കും കുടുംബാംഗങ്ങൾക്കും കൊടുക്കാൻ ഇടയാക്കിയ ദൈവത്തെ സ്തുതിക്കുന്നു.

malankaralibrary.com

ഗംഭീരനായ ഗബ്രിയേൽ മാലാഖ പ: കന്യക മറിയാമിനെ ദർശിച്ച് വചനം അറിയിച്ചു. അവസാനവാചകം എന്തുകൊണ്ടെന്നാൽ ദൈവത്തിനു കഴിയാത്തത് യാതൊന്നുമില്ല എന്നാണല്ലൊ ആ തിരുവചനം. വിദ്യാവിഹീനനായ എന്നിൽകൂടി കാരുണ്യവാനായ ദൈവം എന്റെ ജീവിതകാലത്തു സാധിച്ചു എന്നുള്ളതിൽ സന്തോഷിക്കുന്നു.

ദൈവം എന്നേയും നിങ്ങൾ ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ.

malankaralibrary.com

MALANKARA

LIBRARY

malankaralibrary.com

## കുടുംബസംബന്ധമായ ഓർമ്മക്കുറിപ്പ്

| | ജനനം | മാമ്മോദീസാ | തലതൊട്ടയാരം മേൽ | വിവാഹം | മരണം |
|---|---|---|---|---|---|
| | | | | | |

malankaralibrary.com